بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 6

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 14

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഏപ്രിൽ 08/ഹി.ശം. 1400 ശഹാദത്ത് 08/1442 ശഅ്ബാൻ 25


## അല്ലാഹുവിന്റെ വചനം

وَتَعَاوَنُوۡا عَلَی الۡبِرِّ وَالتَّقۡوٰی ۪ وَلَا تَعَاوَنُوۡا عَلَی الۡاِثۡمِ وَالۡعُدۡوَانِ ۪ وَاتَّقُوا اللّٰہَ ؕ اِنَّ اللّٰہَ شَدِیۡدُ الۡعِقَابِ

(المائدہ:3)

'നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുവിൻ. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്.നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു(5:3)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ഇസ്തിഖാറ ദുആ (നല്ലതിനെ തേടൽ):

(1162) അല്ലാഹുവേ! (ഞാൻ പ്രാർഥിക്കുവാൻ ഉദ്ദേശിക്കുന്ന കാര്യത്തിൽ) നല്ല വശം തോന്നിപ്പിച്ചു തരുവാൻ ഞാനിതാ നിന്നോടു സഹായം തേടുന്നു. നിന്റെ ശക്തി മുഖേന എനിക്കു ശക്തി കൈവരുത്തിത്തരുവാൻ ഞാനിതാ നിന്നോടു അപേക്ഷിക്കുന്നു. നിന്റെ മഹത്തായ അനുഗ്രഹങ്ങൾക്കുവേണ്ടിയും ഞാനിതാ നിന്നോടു യാചിക്കുന്നു. നിശ്ചയം എനിക്ക് കഴിവില്ല, നിനക്കാണ് കഴിവുകളെല്ലാമുള്ളത്. നീ അറിവുള്ളവനാണ്. ഞാൻ അറിവില്ലാത്തവനാണ്. അദൃശ്യകാര്യങ്ങൾ അറിയുന്നവൻ നീ തന്നെയാണ്. അല്ലാഹുവേ! (ഞാനുദ്ദേശിക്കുന്ന) ഇക്കാര്യം എനിക്കെന്റെ ദീനിനും എന്റെ ജീവിതത്തിനും കാര്യങ്ങളുടെ പരിണാമഘട്ടത്തിലേക്കും നല്ലതാണെന്ന് നിനക്കറിവുണ്ടെങ്കിൽ നീ അതിന് എനിക്ക് കഴിവു നല്കുകയും അക്കാര്യം കരസ്ഥമാക്കുനുള്ള മാർഗം എളുപ്പമാക്കിത്തരികയും ചെയ്യേണമേ. അങ്ങനെയല്ല, ഞാൻ പ്രവർത്തിക്കാനുദ്ദേശിക്കുന്ന ഇക്കാര്യം എനിക്കെന്റെ ദീനിനും എന്റെ ജീവിതത്തിനും കാര്യങ്ങളുടെ പരിണാമങ്ങൾക്കും ദോഷകരമാണെന്ന് നിനക്കറിവുണ്ടെങ്കിൽ ഇക്കാര്യത്തെ എന്നിൽനിന്നും ഇക്കാര്യത്തിൽനിന്ന് എന്നേയും നീ തിരിച്ചു വിടേണമേ. എനിക്കു നന്മ അതെവിടെയാണെങ്കിലും നീ നിശ്ചയിച്ചു തരേണമേ. അതിൽ എന്നെ സംതൃപ്തനാക്കുകയും ചെയ്യേണമേ. നബി(സ)തിരുമേനി തുടർന്നു പറഞ്ഞു: ശേഷം തന്റെ ആവശ്യങ്ങൾ അവൻ പറഞ്ഞുകൊള്ളട്ടെ.'(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുത്തഹ്ജ്ജുദ്, ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 12-02-2021 സമ്പൂർണ തർജമ

ജുമുഅ ഖുത്വ്ബ 19-02-2021 സമ്പൂർണ തർജമ


**ദൈവം നമ്മുടെ തെറ്റുകളുടെമേൽ ക്ഷണത്തിൽ ശിക്ഷാനടപടികൾ സ്വീകരിക്കുകയില്ല. തന്റെ മറച്ചുവെക്കുക എന്ന ഗുണംകൊണ്ട് നമ്മെ അപമാനിക്കുകയുമില്ല. ആരുടെയെങ്കിലും അപമാനത്തിനു കാരണമാകുന്ന കാര്യം കേട്ടാൽ ഉടനെതന്നെ നമ്മളും വായ തുറക്കാതിരിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**സത്താരി അഥവാ ദോഷം മറച്ചുവെക്കൽ:**
അല്ലാഹുവിന്റെ സത്താരി(ദോഷങ്ങൾ മറച്ചു വെക്കുക എന്ന ഗുണം)എങ്ങനെയുള്ളതാണെന്നാൽ, അവൻ മനുഷ്യന്റെ പാപങ്ങളേയും തെറ്റുകുറ്റങ്ങളേയും കാണുന്നു. പക്ഷേ, തന്റെ ഈ സവിശേഷ ഗുണം കാരണത്താൽ അവന്റെ തെറ്റായ പ്രവൃത്തികളെ, അത് അതിർലംഘിക്കുന്നതുവരെ മറച്ചുവെക്കുന്നു. പക്ഷേ, മനുഷ്യൻ മറ്റുള്ളവരുടെ തെറ്റ് കാണുന്നതേയില്ല. ബഹളം വെക്കുകയും ചെയ്യുന്നു. മനുഷ്യൻ ഉത്സാഹം കുറഞ്ഞവനാണെന്നുള്ളതാണ് യഥാർഥകാര്യം. അല്ലാഹുവിന്റെ സത്ത അൽഹലീമും(അത്യധികം സഹനമുള്ളവൻ) അൽകരീമും (ഉൽകൃഷ്ടൻ)ആണ്. അക്രമിയായ മനുഷ്യൻ തന്റെ ആത്മാവിനോടു അക്രമം ചെയ്ത് ഇരിക്കുകയാണ്. അല്ലാഹുവിന്റെ സഹനത്തെ കുറിച്ച് സമ്പൂർണമായ അറിവില്ലാത്തതുകൊണ്ട് ഇടയ്ക്കിടെ കടിഞ്ഞാണില്ലത്തവനാകുന്നു. ആ നേരത്ത് 'പകരംവീട്ടുന്നവൻ' എന്ന സവിശേഷ ഗുണമാണ് പ്രവർത്തിക്കുന്നത്. പിന്നീട് അവനെ പിടിക്കുന്നു. പരമേശ്വരൻ അവകാശങ്ങൾ നല്കുന്നതിൽ സാവധാനിയാണെന്ന് ഹിന്ദുക്കൾ പറയാറുണ്ട്. അതായത് അതിരു കടന്നുള്ള ചെയ്തികളെ ദൈവം ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെയാണെങ്കിലും അവൻ കരുണാമയനും ഉൽകൃഷ്ടനുമാണ്. അത്തരം അവസ്ഥയിലും മനുഷ്യൻ അങ്ങേയറ്റം ഹൃദയസാന്നിധ്യത്തോടും താണുകേണും ദൈവസവിധത്തിൽപ്പോയി വീണാൽ അവൻ കരുണയോടുകൂടി ആ മനുഷ്യനിൽ ദൃഷ്ടിപതിപ്പിക്കുന്നു. പറഞ്ഞതിന്റെ ചുരുക്കം ദൈവം നമ്മുടെ തെറ്റുകളുടെമേൽ ക്ഷണത്തിൽ ശിക്ഷാനടപടികൾ സ്വീകരിക്കുകയില്ല. തന്റെ മറച്ചുവെക്കുക എന്ന ഗുണംകൊണ്ട് നമ്മെ അപമാനിക്കുകയുമില്ല. ആരുടെയെങ്കിലും അപമാനത്തിനു കാരണമാകുന്ന കാര്യം കേട്ടാൽ ഉടനെതന്നെ നമ്മളും വായ തുറക്കാതിരിക്കേണ്ടതാണ്.

**അശ്രദ്ധയ്ക്കുള്ള ചികിത്സ ഇസ്തിഗ്ഫാറാണ്:**
ചിലയാളുകളുടെ അവസ്ഥ എങ്ങനെയുള്ളതാണെന്നാൽ അവർക്ക് അത്തരം കാരണങ്ങൾ നേരിടേണ്ടിവരുമ്പോൾ ഉദാഹരണത്തിന് തൊഴിൽ അല്ലെങ്കിൽ മറ്റെന്തങ്കിലും കാരണം, അവരുടെ ആയുസ്സിന്റെ വലിയൊരു ഭാഗം ഇരുട്ടിന്റെ അവസ്ഥയിൽ കഴിയുന്നു. നമസ്കാരം അനുഷ്ഠിക്കുന്നതിൽ ശ്രദ്ധിക്കു

(ശേഷം പേജ് 8ൽ)

**നബിമാർക്ക് തങ്ങളുടെ സത്യതയിലും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലും എങ്ങനെയുള്ള ദൃഢവിശ്വാസമാണുള്ളത്. അവർ എതിരാളികളുടെ എതിർപ്പ് വകവെക്കുന്നില്ലെന്ന് മാത്രമല്ല പ്രത്യുത അവരെ കൂടുതൽ രോഷംകൊള്ളിക്കുന്നു. അവർ തൃപ്തരായിരുന്നിട്ടും അവസാനം ഞങ്ങൾതന്നെ വിജയിച്ചിരിക്കുന്നതായിരിക്കും.**

സൂറ യൂനുസ് ആയത്ത് 72 ആയത്തിന്റെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ ആയത്തിൽ സമ്പൂർമായ ഉപായങ്ങൾ എങ്ങനെയാണ് ചെയ്യുകയെന്ന് പറയപ്പെട്ടിരിക്കുന്നു. അതിന് 5 മാർഗം പറഞ്ഞിരിക്കുന്നു. (1) കൂടിയാലോചിച്ച് ഒരു അഭിപ്രായത്തിൽ സംഘടിക്കേണ്ടതാണ്. ഒരു ജനത അങ്ങനെ ചെയ്യാത്തിടത്തോളം അവർ ഒരിക്കലും വിജയിക്കുകയില്ല. (2) തങ്ങളുടെ അഭിപ്രായത്തോടു യോജിക്കുന്ന ആളുകളെ ഒരു വ്യവസ്ഥിതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.(3)ആ അഭിപ്രായം നിറവേറ്റുന്നതിനുവേണ്ടി വിശദമായ ഒരു പദ്ധതി ചിന്തിക്കേണ്ടതാണ്. അല്ലെങ്കിൽ മറ്റുവാക്കുകളിൽ പറഞ്ഞാൽ വിശദമായ പ്ലാൻ തയ്യാറാക്കേണ്ടതാണ്.(4)മുഴുവൻ ജനതയുടേയും ശക്തി ഒരേയൊരു നേരത്ത് ശത്രുവിന്റെമേൽ പതിയുന്നതിന് ശക്തി ശിഥിലമായിപ്പോകാതെ ഒരേ സമയം എല്ലാ ശക്തിയും വിനിയോഗിക്കാൻ ശ്രമിക്കേണ്ടതാണ്.(5)ആക്രമണത്തിനുശേഷം ശത്രുവിന് ശ്വാസമെടുക്കാൻപോലും അവസരം കൊടുക്കാതിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അങ്ങനെയായാൽ ശത്രു വീണ്ടും ശക്തി സംഭരിക്കുന്നതായിരിക്കും. ആദ്യ ആക്രമണം അവസാനിക്കുന്നതിനുമുമ്പേ രണ്ടാമത്തെ ആക്രമണം തുടങ്ങിയിരിക്കണം. എല്ലാ നബിമാരും ഇതേ മാർഗത്തിൽ പ്രവർത്തിച്ചാണ് വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഇതേ രീതിയായിരുന്നു. അവിടന്ന് ഒരു വിജ്ഞാപനം ഇറക്കിയാൽ അതിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ രണ്ടാമത്തേത് വീണ്ടും ഇറക്കുമായിരുന്നു.

ചുരുക്കത്തിൽ വിജയം വരിക്കാൻ ഈ 5 മാർഗം നിർബന്ധമാകുന്നു. ഹദ്റത്ത് നൂഹ്(അ)തന്റെ ജനതയെ സ്വയം ഈ മാർഗങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നു. അദ്ദേഹം പറയുന്നു:നിങ്ങൾ ഈ അഞ്ചുമാർഗം ഉപയോഗിക്കുക. എന്നാലും വിജയം വരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ആറാമത്തെ ഒരുകാര്യമുണ്ട്. അതില്ലെങ്കിൽ ഈ എല്ലാ ഉപായങ്ങളും പരാജയമടയുന്നു. അതായത് 'തവക്കുൽ അലല്ലാഹ്' (ദൈവസമർപണം)നിങ്ങളുടെ കൈയിലില്ല. അതെന്റെ കൈയിലാണ്. അതുകാരണത്താൽ അല്ലാഹുവിന്റെ സഹായം എനിക്ക് കരസ്ഥമാണ്. അതിനാൽ നിങ്ങൾ സകല പരിശ്രമവും നടത്തിയാലും ഞാൻ തന്നെയായിരിക്കും വിജയിക്കുക.

നബിമാർക്ക് തങ്ങളുടെ സത്യതയിലും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലും എങ്ങനെയുള്ള ദൃഢവിശ്വാസമാണുള്ളത്. അവർ എതിരാളികളുടെ എതിർപ്പ് വകവെക്കുന്നില്ലെന്ന് മാത്രമല്ല പ്രത്യുത അവരെ കൂടുതൽ രോഷംകൊള്ളിക്കുന്നു. അവർ തൃപ്തരായിരുന്നിട്ടും അവസാനം ഞങ്ങൾതന്നെ വിജയിച്ചിരിക്കുന്നതായിരിക്കും. അവസാനം അങ്ങനെതന്നെ സംഭവിക്കുകയും ചെയ്യുന്നു. മറ്റു ദിവ്യാത്ഭുതങ്ങളെ അവഗണിച്ചുകൊണ്ട് കണ്ണുകൊണ്ട് യാഥാർഥ്യം കാണുന്നതിന് ഈയൊരു ദിവ്യദൃഷ്ടാന്തം അവർ അല്ലാഹുവിൽനിന്നുളളവരാണെന്നതിന് മതിയായ തെളിവാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ അന്ധമായ ലോകം കാണുന്നില്ല.'(തഫ്സീറെ കബീർ വാള്യം 3, പേജ് 110-111, ഖാദിയാൻ 2010)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

അങ്ങേയറ്റം കൂറോടുകൂടി അദ്ദേഹം എല്ലാ കടമകളും നിറവേറ്റി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.
ഖിലാഫത്തിന് അദ്ദേഹത്തെപ്പോലുള്ള 'സുൽത്വാൻ നസ്വീർ'മാരെ ലഭിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

സുദീർഘകാലം പാക്കിസ്താനിലെ അഫ്സർ ജൽസാസാലാന ആയിരുന്നവരും അസാധാരണമായ കഴിവുകൾ വഹിച്ചിരുന്നവരും ദർവേശീ ഗുണമുള്ളവരും കഠിനാധ്വാനിയും പഴയകാലമുതലെ ജമാഅത്തിന്റെ സേവകനും സ്വദ്ർ മജ്‌ലിസ് തഹ്‌രീക്കെ ജദീദ് അഞ്ചുമൻ അഹ്മദിയ്യായുടെ വക്കീലെ അഅ്‌ലായുമായിരുന്ന ചൗദ്‌രി ഹമീദുല്ലാഹ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണം.

ഹദ്റത്ത് മസീഹ് മൗഊദുമായി ഭൗതികബന്ധമില്ലാത്തതും എന്നാൽ, ആത്മീയബന്ധം ദൃഢഗാഢമായിട്ടുള്ളതുമായ ഒരു ആത്മാർഥകുട്ടിയെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ അധ്യക്ഷപദം ഞാൻ ഏല്പിച്ചു. അല്ലാഹു അവന് ജോലി ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്തു. അവന്റെ പ്രവർത്തനങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞു. നമ്മുടെ ദുആകൾ സ്വീകരിക്കുകയും ചെയ്തു. (ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്)

ജീവിതം ദീനീ സേവനത്തിന് അർപണം ചെയ്ത ചിലരെ ഞാനും അദ്ദേഹത്തിന് ഏല്പിച്ചുകൊടുത്തു.
അവർക്ക് തർബിയ്യത്ത് നല്കാൻ. അദ്ദേഹം വളരെ നല്ല നിലയിൽ അവർക്ക് തർബിയ്യത്ത് നല്കി.

ഏപ്രിൽ 2003-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ വഫാത്തിന്റെ അവസരത്തിൽ
ഖിലാഫത്ത് തിരഞ്ഞെടുപ്പ് യോഗത്തിന്റെ അധ്യക്ഷസ്ഥാനത്തിന്റെ ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു.

അദ്ദേഹം എപ്പോഴും രണ്ടു കാര്യങ്ങളിൽ ശക്തി ചെലുത്തിയിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കലും
ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ ഒരു പ്രകാരത്തിലും miss ചെയ്യാതിരിക്കലും.
ഖലീഫത്തുൽ മസീഹിന്റെ ഏതു നിർദേശവുമനുസരിച്ച് പൂർണമായും പ്രവർത്തിക്കേണ്ടതാണ്.

അദ്ദേഹത്തിന്റെ എഴുന്നേൽക്കലും ഇരുത്തവും നിൽക്കലും നടക്കലും സംസാരിക്കലും
മൗനം പാലിക്കലുമെല്ലാം കാലത്തിന്റെ ഖലീഫയ്ക്ക് വിധേയമായിരുന്നു.
കാലത്തിന്റെ ഖലീഫയുടെ എല്ലാ വിളിയും എല്ലാ കല്പനയും ഗൗരവത്തോടെ എടുത്തു. വാക്കുകൾ അനുസരിച്ചല്ല,
പ്രത്യുത ഓരോ അക്ഷരവുമനുസരിച്ച് പ്രവർത്തിച്ചു. അതിന് ഇന്ന വ്യാഖ്യാനമാണ് അല്ലെങ്കിൽ ഇന്ന വ്യാഖ്യാനമാണ്
എന്ന് പറഞ്ഞ് ഒന്നിനും ഒരു വ്യാഖ്യാനവും നല്കാതെതന്നെ.

പാക്കിസ്താനിൽ അഹ്മദികൾക്കെതിരിലുള്ള കഠിനമായ എതിർപ്പു മുന്നിൽകണ്ട് പ്രത്യേകമായ ദുആകൾക്കാഹ്വാനം. ആഗോളാടിസ്ഥാനത്തിൽ പടർന്നുപിടിച്ചിരിക്കുന്ന കൊറോണ വൈറസിൽനിന്ന് രക്ഷപ്പെടാൻ പൂർണമായും നിയമങ്ങൾ പാലിക്കാൻ ഉപദേശം.

**ഖുത്ബ ജുമുഅ 2021 ഫെബ്രുവരി 12/1399 തബ്ലീഗ് 12**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ ജമാഅത്തിലെ ഒരു ദീർഘകാല സേവകനായിരുന്ന ജനാബ് ചൗദ്‌രി ഹമീദുല്ലാഹ് സാഹിബിനെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം ദിവംഗതനായി. അദ്ദേഹം തഹ്‌രീക്കെ ജദീദ് പാക്കിസ്താന്റെ വക്കീലെ അഅ്‌ലാ ആയിരുന്നു. മജ്‌ലിസ് തഹ്‌രീക്കെ ജദീദ് അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റായും ദീർഘകാലമായി ജൽസാ സാലാന ഓഫീസറായും സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഫെബ്രുവരി 7 ന് ത്വാഹിർ ഇൻസ്റ്റിറ്റ്യൂട്ടിൽ 87-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ചൗദ്‌രിസാഹിബിന്റെ പിതാവിന്റെ പേര് ബാബു മുഹമ്മദ് ബഖ്ശ് സാഹിബ് എന്നും മാതാവിന്റെ പേര് ആഇശാബീബി സാഹിബ എന്നുമായിരുന്നു. ഭേരയുടെ പ്രാന്തപ്രദേശത്താണ് ഇവർ താമസിച്ചിരുന്നത്. ചൗദ്‌രി സാഹിബ് 1934-ൽ ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹം ജനിക്കുന്നതിന് അഞ്ചുവർഷംമുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. താൻ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: 'ഞാൻ അല്ലാഹുവിനെ സത്യംചെയ്ത് ഒരു സ്വപ്നം എഴുതുകയാണ്. ആ സ്വപ്നത്തെ സംബന്ധിച്ചുള്ള വിവരണം ഇങ്ങനെയാണ്: ഇദ്ദേഹം ജലസേചനവകുപ്പിൽ ജോലി ചെയ്തിരുന്നപ്പോൾ ബംഗ്ലയിലായിരുന്നു താമസം. അല്ലെങ്കിൽ പര്യടനം നടത്തിക്കൊണ്ടിരുന്നതിന്നിടയിൽ അദ്ദേഹം അവിടെ രാത്രി താമസിച്ചു. അദ്ദേഹം പറയുന്നു: സർഗോദയിലെ ബംഗ്ലാ ബഘേലോവാലായിൽ 1929 ഒക്ടോബർ മാസത്തിൽ രാത്രി രണ്ടുമണി നേരത്ത് ഈ ദൃശ്യം കണ്ടു. അതായത് നബി(സ)തിരുമേനി ഇരിക്കുകയാണ്. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി ഒരു മുസ്വല്ലയിൽ ഉപവിഷ്ടനായിരിക്കുന്നത് ഞാൻ സ്വപ്നത്തിൽക്കണ്ടു. തുടകളിൽ രണ്ട് കൈയും വെച്ച് ഇരിക്കുകയാണ്; വിരലുകളിൽ ദൈവസ്മരണ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ. പരിശുദ്ധമുഖം കിഴക്കുഭാഗത്തേക്കാണ്. താങ്കൾ ഇരിക്കുന്ന കസേരയുടെ കൈകൾ അയഞ്ഞിരിക്കുന്നുവെന്ന് എന്നോട് പറഞ്ഞു. അതു കേട്ടപ്പോൾ ഞാൻ ഉടനെ എഴുന്നേറ്റു. നോക്കിയപ്പോൾ ഒരു ആണി ഇളകുന്നുണ്ടായിരുന്നു. ഞാൻ നന്ദി പറഞ്ഞു; അതായത് അങ്ങ് ഈ ദാസന്റെ ജീവൻ രക്ഷിച്ചുവെന്ന്. മുന്നിലേക്കോ പിന്നിലേക്കോ വീണിരുന്നുവെങ്കിൽ തല പൊട്ടുമായിരുന്നു. തുടർന്ന് നബി(സ)തിരുമേനിയുടെ പക്കൽ ഒരു പുതിയ ഓഫീസ് കസേര കാണുന്നു. അതിന്റെ കൈകൾ മുന്നോട്ടു നീണ്ടിട്ടുള്ളതാണ്. ഇത് അഹ്മദിയത്തിന്റെ കസേരയാകുന്നു, ഈ കസേരയിൽ ഇരിക്കാൻ പറഞ്ഞു. അതായത് തെളിവുകളോടുകൂടിയ യഥാർഥ ഇസ്‌ലാമാകുന്നു. അതിനുശേഷം ഞാൻ ഉണർന്നു. ഇതാണ് അദ്ദേഹത്തിന്റെ പിതാവ് അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം.(ബിശാറാത്തെ റഹ്മാനിയ്യ പേജ് 157)

ചൗദ്‌രി സാഹിബ് പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലാണ് കരസ്ഥമാക്കിയത്. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ 1946-ലാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഖ്ഫിനുള്ള ആഹ്വാനം ചെയ്യുന്നത്. ഈ ആഹ്വാനം ഉണ്ടായപ്പോൾ അതിനു ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സവിധത്തിൽ കൊണ്ടുപോയി. ഹുദൂറിനോട് പറഞ്ഞു: 'ഈ എന്റെ മകനെ ഞാൻ ദീനിസേവനത്തിനുവേണ്ടി വഖ്ഫ് ചെയ്യുകയാണ്. തുടർന്ന് ഇവനെ സ്കൂളിൽ പഠിപ്പിക്കണമെന്ന കുറച്ച് ഉപദേശങ്ങളും നൽകി. 1949-ൽ അദ്ദേഹം മെട്രിക് പരീക്ഷ പാസായി. തുടർന്ന് റബ്‌വയിൽ വക്കാലത്തെ ദീവാൻ (ഓഫീസ്)ന്റെ നിർദ്ദേശപ്രകാരം ഇൻറർവ്യൂവിന് വേണ്ടി റബ്‌വയിലെത്തി. എഴുത്തു പരീക്ഷയ്ക്കുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) നേരിട്ട് അദ്ദേഹത്തെ ഇൻറർവ്യൂ ചെയ്തു. ആ നേരത്ത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നാളിർമാരുടെ മീറ്റിംഗ് നടക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) മീറ്റിംഗിൽ ഇരിക്കുകയായിരുന്നു. ഹുദൂർ അദ്ദേഹത്തെയും ആ നേരത്തെത്തിയ മൂന്നു നാലു കുട്ടികളേയും അവിടേക്ക് വിളിപ്പിച്ചു. അതിൽ ചൗദ്‌രി ഹമീദുല്ലാഹ് സാഹിബും മുസ്‌ലിഹുദ്ദീൻ സാഹിബും സമീഉല്ലാഹ് സാഹിബും ഉണ്ടായിരുന്നു. ഏതായാലും ഖലീഫത്തുൽ മസീഹ് ഥാനിയാണ് ഇൻറർവ്യൂ എടുത്തത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ നിർദ്ദേശാനുസരണം അദ്ദേഹത്തിന്റെ പഠനം തുടർന്നു. സ്കൂളിലും യൂണിവേഴ്സിറ്റിയിലും പഠിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ നിർദ്ദേശപ്രകാരം ബി.എസ്.സി പൂർത്തിയാക്കി. ബി.എസ്.സി യിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനം അദ്ദേഹം കരസ്ഥമാക്കി. തുടർന്ന് ഗണിതശാസ്ത്രത്തിൽ ലാഹോറിലെ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ഫസ്റ്റ് ഡിവിഷൻ കര

സ്ഥമാക്കി. 1955-ൽ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ അധ്യാപകനും തുടർന്ന് ഗണിത ശാസ്ത്രവകുപ്പ് തലവനുമായും നിയമിതനായി.(താരീഖെ അഹ്മദിയ്യത്ത് വാല്യം 10, പേജ് 104, 120)

1960-ൽ സർഗോദയിലെ അബ്ദുൽ ജബ്ബാർ ഖാൻ സാഹിബിന്റെ മകൾ റളിയ ഖാൻ സാഹിബയെ വിവാഹം കഴിച്ചു. 1974 വരെ ടി.ഐ കോളേജ് റബ്‌വയിൽ സേവനം തുടർന്നുവന്നു. കോളേജ് ദേശസാൽക്കരിക്കപ്പെട്ടശേഷം(nationalized) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്)ന്റെ നിർദ്ദേശപ്രകാരം കോളേജിൽനിന്ന് രാജിവച്ചു. കാരണം അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തയാളാണ്. കോളേജ് ദേശസാൽക്കരിക്കപ്പെട്ടിരുന്നു. അതുകൊണ്ട് സർക്കാർ സ്ഥാപനത്തിൽ പഠിപ്പിക്കാൻ വഖ്ഫെസിന്ദഗിക്ക് അനുമതിയുണ്ടായിരുന്നില്ല. എല്ലാവരോടുമല്ല ചിലരോടു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) അവിടത്തന്നെ ജോലിചെയ്യാൻ പറഞ്ഞു. കാരണം അവിടേയും ആളുകളെ ആവശ്യമുണ്ട്. ചിലരോട് ജമാഅത്തിന്റെ സേവനത്തിന് വരാനും നിർദേശിച്ചു. ഏതായാലും അദ്ദേഹം അവിടെനിന്ന് രാജിവെച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് അദ്ദേഹത്തെ നാളിർ ഖിയാഫത്ത് ആയി നിയമിച്ചു. 1982 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അദ്ദേഹത്തെ വക്കീലെ അഅ്ലാ തഹ്‌രീക് ജദീദ് ആയി നിയമിച്ചു. അതിനോടൊപ്പംതന്നെ കുറച്ചു കാലവരെ അദ്ദേഹം അഡീഷണൽ സ്വദ്ർ മജ്‌ലിസ് തഹ്‌രീക്കെ ജദീദായും നിയമിതനായി. പിന്നീട് 1989-ൽ-അത് ജൂബിലി വർഷമായിരുന്നു- അദ്ദേഹം സ്വദ്ർ മജ്‌ലിസ് തഹ്‌രീക്കെ ജദീദായി നിയമിതനായി. വഫാത്തുവരേയും ഈ സേവനം അനുഷ്ഠിച്ചുവന്നു. ഇതിനുപുറമെ 1986 മുതൽ വഫാത്ത് വരേയും അഡീഷണൽ നാളിർ അഅ്ലാ എന്ന നിലയ്ക്ക് അടിയന്തിരഘട്ടങ്ങളിൽ സിന്ധ് തുടങ്ങിയ സ്ഥലങ്ങളുടെ മേൽനോട്ടക്കാരനുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ കാലത്ത് അദ്ദേഹത്തിന് തദ്ദേശ അമീർ ആകുന്നതിനുള്ള ബഹുമതിയും ലഭിച്ചിട്ടുണ്ട്.(താരീഖെ അഹ്മദിയ്യത്ത് വാല്യം 28, പേജ് 112, 335)

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ റബ്‌വയിലും കേന്ദ്ര മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയായിലും വിവിധ നിലകളിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നു. 1969 മുതൽ 1973 വരെ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യാ ആയി നിയമിക്കപ്പെട്ടു. അന്ന് ലോകത്തിനു മുഴുവനും ഒരൊറ്റ കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയ്യാ ആയിരുന്നു ഉണ്ടായിരുന്നത്. കേന്ദ്രത്തിൽനിന്നാണ് അത് നിയന്ത്രിച്ചിരുന്നത്. ഓരോ രാഷ്ട്രത്തിനും വെവ്വേറെ സ്വദ്ർ നിശ്ചയിക്കപ്പെട്ടിരുന്നില്ല.

1969-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്)അദ്ദേഹത്തെ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആയി നിശ്ചയിച്ചപ്പോൾ, പ്രസ്തുത സന്ദർഭത്തിൽ ഹുദൂർ പറഞ്ഞ കാര്യങ്ങൾ വളരെ അത്യാവശ്യമായ സംഗതികളാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പ്രസംഗത്തിൽനിന്ന് സുദീർഘമായയൊരു ഉദ്ധരണിയാണ് ഞാനെടുക്കുന്നത്. പക്ഷേ, ഇത് വളരെ അനിവാര്യമാണ്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം മക്കൾക്കും ആത്മീയമായ മക്കൾക്കും ജമാഅത്തിൽ ജോലി ചെയ്യുന്നവർക്കും ഈ ഉപദേശങ്ങൾ, ഇക്കാര്യങ്ങൾ എങ്ങനെയുള്ളതാണെന്നാൽ അവർ അത് തങ്ങളുടെ ചുമതലയായി ഏറ്റെടുക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മൾ ആ കടമ നിറവേറ്റുന്നുണ്ടോ എന്ന് ചിന്തിക്കുകയും വേണ്ടതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറഞ്ഞു:'സ്വദ്ർ ആകുന്ന യുവാവിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. ഈ സ്ഥാനത്തുനിന്ന് വിരമിക്കുന്ന ആത്മാർഥനായ യുവാവിനു വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ സ്വീകരിക്കുമാറാകട്ടെ. ഇനി വരുന്ന ആൾക്ക് അല്ലാഹുവിന്റെ സഹായത്താൽ മുൻകഴിഞ്ഞവരെക്കാളെല്ലാം കൂടുതൽ കർമങ്ങൾ ചെയ്തു കാണിക്കാൻ കഴിയുമാറാകട്ടെ.' ഹുദൂർ പറഞ്ഞു: 'ഏതെങ്കിലും സ്ഥലത്ത് നമുക്ക് നിലച്ചുനിന്നുപോകാൻ കഴിയില്ല. പുതുതായി ഉത്തരവാദിത്വം നല്കപ്പെടുന്ന നമ്മളിലെ ഓരോരുത്തരും മുമ്പേയുള്ളവരെക്കാളും മുന്നോട്ട് ഗമിക്കാൻ ശ്രമിക്കേണ്ടതാണ്. കാരണം ജമാഅത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വ്യാപ്തിയും വിസ്താരവും വന്നുകൊണ്ടിരിക്കുകയാണ്. ജമാഅത്തിന്റെ പ്രവർത്തനങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വങ്ങളും കൂടിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഞാൻ പറഞ്ഞുവന്നതുപോലെ മജ്‌ലിസിന്റെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിലെ അംഗമല്ല.' (ചൗദ്രി സാഹിബിനുമുമ്പേ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് റാബിഅ് ആയിരുന്നു സ്വദ്ർ എന്നാണ് തോന്നുന്നത്. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദു(അ)മായി രക്തബന്ധമുണ്ടായിരുന്നു. എന്തായാലും അവിടന്ന് പറഞ്ഞു, ഇദ്ദേഹത്തിന് രക്തബന്ധമില്ല. ഈ കുടുംബത്തിലെ അംഗവുമല്ല). പക്ഷേ, ആത്മീയബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഒരോരുത്തരും തന്റെ കഴിവും പരിശ്രമവും ദുആയും താഴ്മയും മുഖേന ആത്മീയ സന്താനങ്ങളാകാൻ അർഹരാകുന്നു. അയാൾ സത്യസന്ധവും യഥാർഥവുമായ മകനാകേണ്ടതാണ്. സ്വന്തം മക്കളെക്കാൾ കൂടുതൽ മുൻകടന്നുപോകുന്ന മറ്റുള്ള ധാരാളമാളുകളുണ്ട്. വാസ്തവത്തിൽ അവർ കേവലം ആത്മീയ സന്തതികളാകുന്നു. ശാരീരികമായ ബന്ധം ഒരു ഭൗതികമായ ബന്ധമാണ്. മതം അല്ലെങ്കിൽ ആത്മീയതയ്ക്ക് അതുമായി ഒരുവിധ ബന്ധവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ സന്തതികളുമായിട്ടുള്ള യഥാർഥ ബന്ധം ആത്മീയ ബന്ധം തന്നെയാകുന്നു.'

ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഔരസ സന്തതികളും ബന്ധുക്കളും രക്തബന്ധമുള്ളവരും ഓർക്കേണ്ടതാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ സന്തതികളുമായിട്ടുള്ള യഥാർഥ ബന്ധം ആത്മീയ ബന്ധം തന്നെയാണ്.(അതുകൊണ്ടാണ് പ്രവാചകന്മാർ ആരുടേയും പിന്തുടർച്ചാവകാശികളല്ലെന്നും അവർ പിന്തുടർച്ചയായി ആർക്കും ഒന്നും നൽകുന്നില്ലെന്നും പറയപ്പെട്ടിരിക്കുന്നത്). കാരണം പിന്തുടർച്ചാവകാശത്തിന്റെ ബന്ധം ഭൗതികമായ സംബന്ധത്തിലാണ്. അത് നിഷേധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ആത്മീയമായ ദാനങ്ങളുടേയും അനുഗ്രഹങ്ങളുടേയും ബന്ധം തന്നെയാണ് യഥാർഥവും അതുതന്നെയാണ് സത്യവും അതുതന്നെയാണ് യുക്തിഭദ്രവും. അത് തന്നെയാണ് വാസ്തവത്തിൽ, ശരിയായ അർഥത്തിൽ ഒരാളുടെ ആത്മീയ സന്തതികൾ. അവർ അല്ലാഹുവിന്റെ കല്പനകളെ അവന്റെ ആഗ്രഹവും ഉത്തരവുമനുസരിച്ച് സ്ഥാപിക്കുകയും ഓരോ വ്യക്തിയും സ്വന്തം ആത്മാർഥതയും ത്യാഗവുമനുസരിച്ച് തന്റെ പ്രതിഫലം കരസ്ഥമാക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ ഇതേ ആത്മീയ സന്തതികൾ തന്നെയാണ് ഒരു ആത്മീയ വ്യക്തിയുടെ സന്തതികൾ. അദ്ദേഹത്തിന്റേതായി ശാരീരികമായ മക്കളൊന്നുമുണ്ടാകുകയില്ല.

യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ സന്തതികൾ തന്നെയാണ് യഥാർഥ സന്തതികൾ. അതുകൊണ്ടുതന്നെ അദ്ദേഹം തന്റെ ആത്മീയ സന്തതികളെ സംബന്ധിച്ച് പറയുന്നു, 'അല്ലാഹു എന്റെ ദുആകൾ സ്വീകരിക്കുകയും അവരെ ആത്മീയ വ്യക്തിത്വങ്ങളാക്കുകയും ചെയ്തു. കേവലം ഔരസസന്തതികൾ ആകുന്നതിൽ എന്തെങ്കിലും മഹത്വമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് ദുആ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവ സ്വീകരിക്കപ്പെടേണ്ട ആഗ്രവുമുണ്ടാകുമായിരുന്നില്ല. ചുരുക്കത്തിൽ വാസ്തവമെന്തെന്നാൽ, ആത്മീയബന്ധം സുദൃഢമാകണം; ശാരീരികമായ ബന്ധമില്ലെങ്കിലും ശരി. അതുകൊണ്ടുതന്നെ കേവലം ഔരസ സന്തതികളാകുന്നത് വലിയൊരു കാര്യമാണെന്ന് ധരിക്കുന്നവർ അബദ്ധത്തിലാകുന്നു. ഇസ്‌ലാമിൽ ചിലയാളുകൾ നബി(സ)തിരുമേനിയുടെ സന്തതികളോട്, ശത്രുത പുലർത്തിയത് അവർ നബി(സ)തിരുമേനിയുടെ ഔരസസന്തതികൾ ആണെന്ന കാരണത്താലാണ്. എന്നാൽ, ഇതും തെറ്റാകുന്നു. എന്തെന്നാൽ ഔരസസന്താനങ്ങളുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് ആദരവ് കരസ്ഥമായി. പക്ഷേ, ഈ ബന്ധം കാരണം ആരെങ്കിലും അവർക്ക് മഹത്വം നൽകുന്നുവെങ്കിൽ അവർ വിവരദോഷികളാണ്."(ഇക്കാര്യങ്ങൾ രണ്ടും അവയിൽ വന്നു. അതായത് ഔരസ സന്തതികളാണെന്ന് കരുതി അവരോട് ശത്രുത പുലർത്തുന്നവരും തെറ്റിലാകുന്നു. അല്ലെങ്കിൽ ആ കാരണം കൊണ്ട് അവർക്ക് ആദരവും മഹത്വവും നൽകുന്നവരും തെറ്റിലാകുന്നു). പറഞ്ഞു: 'അവന്റെ ഉള്ളിൽ ഒരു ആത്മീയതയുമില്ല. ഒരു വിശേഷ ബുദ്ധിയുമില്ല.(ഇങ്ങനെ മനസ്സിലാക്കുന്നവർ). 'യഥാർഥ ബന്ധം ആത്മീയതയുടേതാകുന്നു. ഔരസസന്തതികളിൽ ഈ ബന്ധം ദൃഢതയോടുകൂടി സ്ഥാപിതമാകുകയും അവരിൽ ത്യാഗവും അർപ്പണബോധവും നിസ്വാർഥതയും ഉണ്ടാകുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അവർക്കും പ്രതിഫലം നൽകുന്നതാണ്. അവൻ തന്റെ സാമീപ്യവും തൃപ്തിയുംകൊണ്ട് അവരെ അനുഗ്രഹിക്കുന്നതുമാണ്.' (ഔരസസന്തതികളിൽ ഈ ബന്ധം സുദൃഢമായി നിലനിൽക്കുകയും നബിയുടെ ആത്മീയ അനുഗ്രഹങ്ങൾ സ്വീകരിക്കുകയുമാണെങ്കിൽ അല്ലാഹു പ്രതിഫലവും നൽകുന്നതാണ്. തന്റെ സാമിപ്യവും തൃപ്തിയും കൊണ്ട് അനുഗ്രഹിക്കുന്നതുമാണ്). 'ഔരസ സന്തതികൾ അല്ലാതിരുന്നിട്ടും ആത്മീയ പ്രഭാവം സ്വായത്തമാക്കിക്കൊണ്ട് തങ്ങളെ ഭൗതിക ദൃഷ്ടിയിൽ യഥാർഥ മക്കളുടേതുപോലെ ആക്കിത്തീർത്തവരെ സംബന്ധിച്ച്, അവർക്ക് രക്തബന്ധം ഇല്ലാത്തതിനാൽ അവർ ദൈവിക ദൃഷ്ടിയിൽ അന്തസ്സും സ്ഥാനവും നേടുകയില്ല എന്ന് പറയുന്നതും അബദ്ധമാകുന്നു.' (അതിനാൽ ശാരീരികബന്ധം ഇല്ലാതിരുന്നിട്ടും ആത്മീയ സന്താനങ്ങളായി അതിന്റെ കടമകൾ നിറവേറ്റുകയാണെങ്കിൽ അവരെപ്പറ്റി, അവർക്ക് അന്തസും സ്ഥാനവും നേടാൻ കഴിയുകയില്ല എന്ന് പറയുന്നത് തെറ്റാണ്). അദ്ദേഹം പറയുന്നു: 'രണ്ടു കാര്യങ്ങളും തെറ്റാണ്. ശരിയായത് സിറാത്തെ മുസ്തഖീം ആകുന്നു. ആരാണോ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അന്തസ്സും ആദരവും കരസ്ഥമാക്കുന്നത് അവൻ തന്നെയാണ് വിജയശ്രീലാളിതനാകുന്നത്. അവർ അവരവരുടെ കഴിവുകളനുസരിച്ച്, അല്ലാഹുവിന്റെ ദീനിന്റെ ജോലി ചെയ്യാൻ സൗഭാഗ്യം കരസ്ഥമാക്കുന്നു. അല്ലാഹു അയാളുടെ കഠിനാധ്വാനങ്ങൾ സ്വീകരിക്കുന്നു. അയാൾക്ക് കാലത്തിന്റെ ദൈവനിയോഗിതനുമായിട്ട് രക്തബന്ധമുണ്ടെങ്കിലും ഇല്ലെങ്കിലും ശരി. അതിനാൽ രക്തബന്ധമുള്ളതുകൊണ്ട് തങ്ങളെ വലിയവരാണെന്ന് ഗണിക്കണമെന്ന് പറയുന്നവരും ബുദ്ധിക്ക് നിരക്കാത്ത കാര്യമാണ് പറയുന്നത്. രക്തബന്ധമുള്ളതുകൊണ്ട് നന്നായെന്നും തങ്ങൾക്ക് പിന്തുടർച്ചയായി അന്തസും ആദരവും ലഭിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നവരും തെറ്റാണ് പറയുന്നത്. ഇങ്ങനെ ആർക്കും പിന്തുടർച്ചയായി അന്തസ്സും ആദരവും കിട്ടുകയില്ല. അതുപോലെ രക്തബന്ധമില്ലാത്തതിനാൽ ആദരവും മഹത്വവും കിട്ടുകയില്ലെന്ന് കരുതുന്നതും തെറ്റാകുന്നു. രക്തബന്ധമുള്ളതുകൊണ്ട് തീർച്ചയായും മഹത്വം ലഭിക്കുമെന്ന് കരുതുന്നതും തെറ്റാകുന്നു. യഥാർഥത്തിൽ ഈശ്വരഭക്തി കരസ്ഥമാക്കുക എന്നത് ആത്മീയബന്ധത്തിന്റെ പേരാണ്; അല്ലാഹുവുമായി വ്യക്തിഗതമായ സ്നേഹം സ്ഥാപിക്കുന്നതിന്റെ! തന്റെ വ്യക്തിത്വത്തിനുമേൽ മരണം വരിക്കുന്നതിന്റെ! തന്നെ ഒന്നുമല്ലെന്ന് മനസ്സിലാക്കുന്നതിന്റെ! തന്നെ ആഹൂതി ചെയ്തശേഷം അല്ലാഹുവിൽനിന്ന് പുതിയൊരു പരിശുദ്ധ ജീവിതം

കരസ്ഥമാക്കുന്നതിന്റെ! ഇതാണ് യഥാർഥ ബന്ധം. ഇത് കൂടാതെയുള്ള ഒരു ബന്ധവും ബന്ധമല്ല.')

അവിടന്ന് പറഞ്ഞു: 'ചുരുക്കത്തിൽ കഴിഞ്ഞ മൂന്നു വർഷം ഖുദ്ദാമുൽ അഹ്മദിയ്യാ സവിശേഷമായ നിലയിൽ പുരോഗതി കൈവരിച്ചിരിക്കുന്നു. എന്നാൽ, പർവതശിഖരം പോലെ തങ്ങൾ അവസാന ശിഖരത്തിലെത്തിയെന്നും തങ്ങളുടെ ജോലി കഴിഞ്ഞുവെന്നും കരുതാൻ ഖുദ്ദാമുൽ അഹ്മദിയ്യാക്ക് ഏതെങ്കിലും അവസാന ശിഖരം നിശ്ചയിച്ചിട്ടില്ല. ഇത് അവസാന ശിഖരമില്ലാത്ത പർവ്വതാരോഹണമാകുന്നു. ഈ പർവതത്തിന്റെ മുകളിൽ ഭൂമിയുടെ പരിപാലകനായ അല്ലാഹുവാണുള്ളത്. മനുഷ്യനും അല്ലാഹുവിനുമിടയിലുള്ള ദൂരം പരിധിയില്ലാത്തതാകുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ, ഏതെങ്കിലും ഒരിടത്ത് ക്ഷീണിച്ചിരിക്കാൻ അല്ലെങ്കിൽ ഏതെങ്കിലും ഒരിടത്ത് നിന്ന് തങ്ങൾ നേടേണ്ടതെല്ലാം നേടിയെന്ന് കരുതാൻ പാടില്ല. ഇത് നമുക്ക് നിസ്സീമമായ പുരോഗതികളും ഉന്നതികളും നിർണയിച്ചു തന്നിരിക്കുകയാണ്. നമ്മൾ പരിശ്രമിക്കുകയും യഥാർഥത്തിൽ അല്ലാഹു നമ്മുടെ ഉള്ളിൽ ആത്മാർഥതയും ത്യാഗവും അവനോടുള്ള അനുരക്തിയും കാണുകയുമാണെങ്കിൽ അവൻ നമുക്കുമേൽ അനുഗ്രഹങ്ങൾ ചൊരിയുന്നതും അത് തുടരുന്നതുമാണ്. അങ്ങനെ ഒരാൾ അല്ലാഹുവിൽനിന്ന് വീണ്ടും കൂടുതൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കുകയും തന്റെ ശരീരേച്ഛയിൽനിന്ന് കൂടുതൽ അകലുകയും ചെയ്യുന്നതാണ്.(മശ്അലെ രാഹ് വാള്യം 2, പേജ് 212-214)

ചുരുക്കത്തിൽ ഈ വാക്കുകൾ അദ്ദേഹം ചൗദ്‌രി സാഹിബിനു നൽകിയ ഉപദേശമാണ്. ചൗദ്‌രി സാഹിബ് കാരണത്താൽ ഇന്ന് നമ്മളിലേക്കും ഈ വാക്കുകൾ എത്തിയിരിക്കുന്നു. വഖ്ഫ് ചെയ്തവരും ജോലി ചെയ്യുന്നവരും (ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ) കുടുംബവുമായി ബന്ധമുള്ള ഓരോ വ്യക്തിയും ഈ കാര്യങ്ങൾ ചിന്തിക്കുകയും അതോടൊപ്പം ചൗദ്‌രി സാഹിബിനു വേണ്ടി ദുആ ചെയ്യുകയും വേണം. അദ്ദേഹം കാരണമാണ്, ഈ സുവർണ്ണ മൊഴികൾ നമുക്ക് കേൾക്കാനും മനസ്സിലാക്കാനും കഴിഞ്ഞത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്) 1970-ലെ ഖുദ്ദാമുൽ അഹ്മദിയ്യാ കേന്ദ്ര ഇജ്തിമായെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹത്തെ പറ്റി പറയുന്നു:'ഞാൻ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി രക്തബന്ധമൊന്നുമില്ലെങ്കിലും കുറച്ച് ആത്മീയ ബന്ധമുള്ള ഒരു കുട്ടിക്കാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ അധ്യക്ഷപദം നൽകിയത്. അല്ലാഹു അദ്ദേഹത്തിന് പ്രവർത്തിക്കാൻ തൗഫീഖ് നൽകി. അദ്ദേഹത്തിന്റെ പ്രയത്നങ്ങളിൽ അനുഗ്രഹം ചൊരിയുകയും നമ്മുടെ ദുആകൾ സ്വീകരിക്കുകയും ചെയ്തു.' (താരീഖെ അഹ്മദിയ്യത്ത് വാള്യം 26, പേജ് 214)

ഇദ്ദേഹം ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ എന്ന പദവിയിൽ തന്റെ കാലാവധി പൂർത്തിയാക്കി വിരമിച്ചപ്പോൾ അദ്ദേഹത്തിന്റെ യാത്രയയപ്പ് പരിപാടിയിൽ മംഗളപത്രം സമർപ്പിക്കുകയുണ്ടായി. അതിൽ എഴുതിയിരുന്ന ഒരു കാര്യവും അതിശയോക്തിപരമല്ലായിരുന്നു. അതിൽ പറയുന്നു: 'ഇന്ന് ഈ പ്രത്യേക പരിപാടി ചൗദ്‌രി സാഹിബിനു വേണ്ടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ചൗദ്‌രി സാഹിബിന്റെ നാലുവർഷത്തെ അധ്യക്ഷസ്ഥാനം ഖുദ്ദാമുൽ അഹ്മദിയ്യാ ചരിത്രത്തിൽ ഒരു സുവർണ അധ്യായമാണ് കൂട്ടിച്ചേർത്തത്. ഇതിൽ ആഗോള ഖുദ്ദാമുൽ അഹ്മദിയ്യാ അതിന്റെ ഗുണത്തിലും ഗണത്തിലും ഹുദൂർ അയ്യദഹുല്ലാ തആല ബിനസ്രിഹിൽ അസീസിന്റെ പ്രത്യേക നിർദേശങ്ങളുടെ വെളിച്ചത്തിൽ (മൂന്നാം ഖിലാഫത്ത് കാലത്തുള്ള കാര്യമാണ്) എല്ലാ വകുപ്പിലും പ്രകടമായ പ്രവർത്തനങ്ങൾ നടത്തി. ചൗദ്‌രി സാഹിബ് വളരെ വിനയാന്വിതനായി, നിസ്വാർഥമായി തുടർച്ചയായ പരിശ്രമം മുഖേന യുവതലമുറയിൽ അനുസരണം, ഖിലാഫത്തുമായുള്ള ബന്ധം തുടങ്ങിയ ഹൃദയഹാരിയായ ഗുണങ്ങൾ പ്രശോഭിതമാക്കി. അത് അവരുടെ ഭാവിയിൽ വഴിയാളമാകുന്നതാണ്. ഇൻശാ അല്ലാഹുൽ അസീസ്. അദ്ദേഹത്തിന്റെ അധ്യക്ഷ കാലഘട്ടത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഥാലിസ് അയ്യദഹുല്ലായുടെ ആഗ്രഹപ്രകാരം എല്ലാ വകുപ്പുകളും പ്രകടമായ പുരോഗതി കൈവരിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിലപ്പെട്ട ഉപദേശങ്ങൾ 'മശ്അലെ രാഹ്' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. അത്ഫാലുൽ അഹ്മദിയ്യാക്കുവേണ്ടി 'യാദ് രഖ്നെ കീ ബാത്തോം' (ഓർത്തിരിക്കേണ്ട കാര്യങ്ങൾ)എന്ന പുസ്തകവും പ്രസിദ്ധപ്പെടുത്തി. കേന്ദ്ര മജ്‌ലിസിന്റെ പൊതുവായതും സവിശേഷമായതുമായ സാമ്പത്തിക സംവിധാനം ശക്തമായി. അദ്ദേഹം എപ്പോഴും സ്നേഹത്തോടേയും അർപ്പണബോധത്തോടേയും ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ എല്ലാ ആജ്ഞകളേയും ഹൃദയത്മനാ അനുസരിക്കുവാനും ഹുദൂറിന്റെ എല്ലാ നിർദേശങ്ങളേയും വാക്കിലും അർഥത്തിലും പ്രാവർത്തികമാക്കാനും സാധ്യമായ എല്ലാ മാർഗങ്ങളും അവലംബിക്കാനുമുള്ള മാർഗമാണ് അവലംബിച്ചത്. അധ്യക്ഷപദവിയുടെ മഹത്തായ ഉത്തരവാദിത്വത്തിനു മുമ്പേ വ്യത്യസ്ത സന്ദർഭങ്ങളിൽ അദ്ദേഹത്തിന് കേന്ദ്ര പ്രവർത്തകസമിതി അംഗമെന്ന നിലയിൽ സേവനം ചെയ്യാനും അവസരം ലഭിച്ചിട്ടുണ്ട്.(രിസാല ഖാലിദ്, ഡിസംബർ 1973, റബ്വ, പേജ് 3,4)

ഈ യാത്രയയപ്പ് പരിപാടിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും(റഹ്) പങ്കെടുത്തിരുന്നു. അദ്ദേഹം ചെയ്ത ഹ്രസ്വ പ്രഭാഷണത്തിൽനിന്നുള്ള ചെറിയൊരു ഭാഗം ഞാൻ ഇവിടെ സമർപ്പിക്കുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് പറഞ്ഞു: പോകുന്ന ആൾക്ക് അല്ലാഹു ഏറ്റവും നല്ല പ്രതിഫലം നൽകട്ടെ എന്നും പുതുതായി വരുന്ന ആൾക്ക് ഏറ്റവും നല്ല സേവനത്തിന് അല്ലാഹു അവസരം നൽകട്ടെ എന്നും ദുആ ചെയ്യുന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ വിവിധ ഘട്ടങ്ങളിലൂടെ കടന്നാണ് ഇന്നുകാണുന്ന സ്ഥാനത്തെത്തിയത്. ആരംഭത്തിൽ അത് ചെറിയൊരു വിത്തു പോലെയായിരുന്നു. ഇന്ന് ആരോഗ്യമുള്ള യുവത്വത്തിലെത്തിയ ഭംഗിയുള്ള വൃക്ഷം പോലെ ആ വിത്ത് ആയിരിക്കുന്നു. എല്ലാ അധ്യക്ഷന്മാരും തങ്ങളുടെ അധ്യക്ഷ കാലത്ത് ഉള്ളതരത്തിലാണ് ജോലികൾ നിർവഹിച്ചത്. ചിലർ വളരെ നല്ല നിലയിൽ, ചിലർ ഇടത്തരം നിലയിൽ. ചിലർ തങ്ങളുടെ കാലം ചില വശങ്ങളിലൂടെ കഴിച്ചു കൂട്ടുകയാണ് ചെയ്തത്. ഏതായാലും എല്ലാ അധ്യക്ഷന്മാരും രണ്ട് കാര്യങ്ങളാണ് ചെയ്തത്, ഒന്ന് സാമ്പ്രദായികമായി കഴിഞ്ഞ കാര്യങ്ങളെ സ്ഥാപിക്കാൻ പരിശ്രമിച്ചു. രണ്ടാമത്തേത് ആവശ്യങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ പരിശ്രമിച്ചു. പുതിയ പുതിയ കാര്യങ്ങൾ വരുന്നു. പുതിയ ആവശ്യങ്ങളുണ്ടാകുന്നു. അവയെ നേരിടാൻ പരിശ്രമിച്ചു. ഒരു ജീവൽ അസ്തിത്വത്തിന് ഈ രണ്ടു കാര്യങ്ങൾ തന്നെയാണ് ചെയ്യാനുള്ളത്.' തുടർന്ന് പറഞ്ഞു: 'മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജീവിതം ഖിയാമത്തുനാൾവരേക്കും ഉള്ളതാകുന്നു. കാരണം ഈ സംഘടനയുടെ ബന്ധം നബി(സ)തിരുമേനിയുടെ മഹ്ദിയുടെ ജമാഅത്തുമായിട്ടാകുന്നു. അതിനെപ്പറ്റി നൽകിയിട്ടുള്ള സുവാർത്ത ഖിയാമത്തുനാൾവരെയുള്ള അതിന്റെ ഉത്തരവാദിത്വം ജമാഅത്തിനുമേൽ അർപ്പിച്ചിരുന്നു എന്നാണ്. ഖിയാമത്തുനാൾവരെയുള്ള ഉത്തരവാദിത്വം അടിസ്ഥാനപരമായും വിശദമായും മുഹമ്മദിയ്യാ ഉമ്മത്തുമായി, ഇസ്‌ലാമുമായി ബന്ധപ്പെട്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ജീവിതം ഖിയാമത്തുനാൾവരെ ഉള്ളതാകുന്നു. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ സകല പോഷക സംഘടനകളുടേയും ജീവിതവും ഖിയാമത്തുനാൾവരെയുള്ളതാകുന്നു. ഓരോ ഘട്ടത്തിലും അടിസ്ഥാന സംവിധാനം, യഥാർഥ സംവിധാനം അതായത് ജമാഅത്തുപരമായ സംവിധാനമാണെങ്കിലും പോഷക സംഘടനകളാണെങ്കിലും അത് കടന്നുപോകുന്ന എല്ലാ കാലഘട്ടത്തിലും ആദ്യത്തിലെ സൗന്ദര്യവും ഭംഗിയും സംരക്ഷിക്കുകയും അതിൽ വർധന ഉണ്ടാക്കികൊണ്ടിരിക്കുകയും ചെയ്യേത് ഇതിന്റെ നേതൃത്വ പദവി നൽകപ്പെടുന്നവരുടെ കർത്തവ്യമാകുന്നു.

തുടർന്നു പറയുന്നു:'എവിടേയുംനിന്നു പോകാൻ സാധ്യമല്ല. നിന്നു പോകുന്നത് മരണം പോലെയാണ്. ഇത് ജീവിതത്തിന്റെ ഒരു അടിസ്ഥാന പാഠമാകുന്നു. ചുരുക്കത്തിൽ നമുക്ക് എവിടേയും നിലച്ചു പോകാൻ സാധ്യമല്ലെന്നും നിലച്ചു പോകുന്നത് മരണം പോലെയാണെന്നും ഇത് ജീവിതത്തിന്റെ അടിസ്ഥാന പാഠമാണെന്നും നമ്മുടെ എല്ലാ തലത്തിലുള്ള സംഘടനകളും ജമാഅത്ത് വ്യവസ്ഥിതിയും എല്ലാ ഭാരവാഹിയും നല്ലപോലെ ഓർക്കേണ്ടതാണ്. അദ്ദേഹം പറയുന്നു: പുതുതായി വരുന്ന ഓരോ സ്വദ്റിനും മുമ്പേയുള്ളയിരുന്നതിനെക്കാളധികം ഉത്തരവാദിത്വങ്ങൾ വന്നു ചേരുന്നു. കാരണം അതിനു മുമ്പേയുള്ള സ്വദ്റിന് രണ്ട് വർഷം മുമ്പേ ആദ്യത്തെ സ്വദ്ർ അന്നത്തെ അവസ്ഥക്കനുസരിച്ച് നൽകിയ പ്രവർത്തനങ്ങളുമായി മുന്നേറണം. പ്രവർത്തനങ്ങൾ വിശാലമായിക്കൊണ്ടിരിക്കുന്നു. പുതിയ നിർദ്ദേശങ്ങൾ, കേന്ദ്ര നിർദ്ദേശങ്ങൾ അതായത് ഖിലാഫത്തിൽനിന്നാണ് വരുന്നത്. കാലത്തിന്റെ ഖലീഫയിൽനിന്ന് പുതിയ നിർദ്ദേശങ്ങൾ ലഭിക്കുന്നു. പുതിയ ഉത്തരവാദിത്വങ്ങൾ പുതിയ അവസ്ഥക്കനുസരിച്ച് നൽകപ്പെടുന്നു. പഴയ സമ്പ്രദായങ്ങളെ നിലനിറുത്തേണ്ടതുമാണ്. പുതിയ ആവശ്യങ്ങൾ നിറവേറ്റാനും പുതിയ പ്രശ്നങ്ങൾ മനസിലാക്കാനും പുതിയ പരിശ്രമം ലക്ഷ്യ ബോധ്യത്തോടെ ചെയ്യേണ്ടതാണ്.

പിന്നീട് പറഞ്ഞു: അല്ലാഹു, പ്രിയപ്പെട്ട സഹോദരനും യുവാവുമായ ഹമീദുല്ലാഹ് സാഹിബിന് അദ്ദേഹം ജമാഅത്തിനുവേണ്ടി ഉത്തരവാദിത്വങ്ങൾ നിറവേറ്റിയതിൽ നല്ല പ്രതിഫലം നൽകുകയും മറ്റു വകുപ്പുകളുടെ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏതു നിലയ്ക്ക് അദ്ദേഹത്തിന്റെ ചുമതലയിൽ വന്നാലും അവസാന സമയംവരേയും അദ്ദേഹത്തിന് നല്ല നിലക്ക് ചെയ്യുവാനും കഴിയുമാറാകട്ടെ.'(മശ്അലെ രാഹ്, വാള്യം 2, പേജ് 414-415, 1973 ഡിസംബർ 1 ന് ചെയ്ത പ്രഭാഷണം)

1974ലെ അടിയന്തര ഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ നിർദ്ദേശപ്രകാരം അടിയന്തര സെൽ ഉണ്ടാക്കിയപ്പോൾ അതിലും അദ്ദേഹം സുപ്രധാന സേവനങ്ങൾ അനുഷ്ഠിച്ചിരുന്നു.(സിൽസിലെ അഹ്മദിയ്യ, വാള്യം 3, പേജ് 281)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ലണ്ടൻ ഹിജ്റത്തിനുശേഷം ഹുദൂറിന്റെ നിർദ്ദേശപ്രകാരം ഇവിടെ വന്നു. ഒരു വർഷത്തിലധികം ഇവിടെ താമസിച്ചു. ഇവിടെയും ജമാഅത്തിന്റെ കേന്ദ്ര സംവിധാനം സ്ഥാപിക്കുന്നതിലും അതിനെ ക്രമപ്പെടുത്തുന്നതിലും അദ്ദേഹം വളരെ നല്ല പങ്കാണ് വഹിച്ചത്. 1982 മുതൽ 1999വരെ സ്വദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് എന്ന നിലയ്ക്ക് സേവനമനുഷ്ഠിച്ചു. അക്കാലത്ത് ഇത്ര വർഷം എന്ന നിബന്ധന ഇല്ലായിരുന്നു. ഏകദേശം 17 വർഷം സ്വദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ആയിരുന്നു. അൻസാറുല്ലായിൽ സ്വദ്ർ ആയിരുന്നപ്പോൾ അൻസാറുല്ലായെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഉപദേശങ്ങൾ 'സബീലുർ റശാദ്' എന്ന പേരിൽ ആദ്യത്തെ വാള്യം പ്രസിദ്ധീകരിച്ചു. ഗസ്റ്റ് ഹൗസ് വിപുലീകരണത്തിനും നിർമിക്കാനുമുള്ള വിലപ്പെട്ട സേവനങ്ങളും ചെയ്തിരുന്നു.(അൻസ്വാറുല്ലാഹ് റബ്വ, ജനുവരി 2000, പേജ് 15,17)

1989-ൽ ജമാഅത്തിന്റെ ശതവാർഷിക ജൂബിലി മൻസൂബ ബന്ദി കമ്മിറ്റിയുടെ സ്വദ്ർ എന്ന നിലയ്ക്കും സേവനം ചെയ്തിട്ടുണ്ട്. അതിനുമുമ്പേ അദ്ദേഹത്തിന് ശതവാർഷിക ജൂബിലി മൻസൂബ ബന്ദി കമ്മറ്റിയുടെ സെക്രട്ടറിയായും സേവനത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്. 2005-ൽ അഹ്മദിയ്യ

ഖിലാഫത്ത് ശതവാർഷിക ജൂബിലി കേന്ദ്ര കമ്മിറ്റി, 2008 ലെ സ്വദ്ർ എന്ന നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. 2005 ലാണ് അദ്ദേഹം അഹ്മദിയ്യ ഖിലാഫത്ത് ശതവാർഷിക ജൂബിലി കമ്മിറ്റിയുടെ സ്വദ്ർ ആയി നിയമിക്കപ്പെട്ടത്. അത് അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലിയുടെ കേന്ദ്ര കമ്മിറ്റിയായിരുന്നു. ഇഅതിന്റെ പ്രവർത്തനം സ്ഥിരമായിട്ടുള്ളതായിരുന്നു. ഇതുവരെയും അദ്ദേഹം തന്നെയായിരുന്നു അതിന്റെ അധ്യക്ഷപദവി അലങ്കരിച്ചിരുന്നത്. ഇപ്പോഴും അതിന്റെ പല കാര്യങ്ങളും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

ഏപ്രിൽ 2003–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)വഫാത്ത് വേളയിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പ് യോഗത്തിൽ അധ്യക്ഷസ്ഥാനം വഹിക്കാനുള്ള ബഹുമതിയും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. വക്കീലെ അഅ്‌ല എന്ന നിലക്ക് ആഫ്രിക്കയും യൂറോപ്പും സഹിതം നിരവധി രാഷ്ട്രങ്ങളിൽ പര്യാടനം നടത്തിയിട്ടുണ്ട്.

1973–ൽ സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബിന്റെ വഫാത്തിനെ തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)അദ്ദേഹത്തെ ഓഫീസർ ജൽസാ സാലാനയായി നിയമിച്ചു. 1973 മുതൽ വഫാത്തുവരെയും ഓഫീസർ ജൽസാ സാലാന എന്ന നിലയിൽ സേവനം ചെയ്തുവരികയായിരുന്നു. അതായത് 1983–ന് ശേഷം പാക്കിസ്താനിൽ ജൽസാ സാലാന നടന്നില്ലെങ്കിലും സംവിധാനം അവിടെ തുടർന്നു വരുന്നുണ്ട്. അത് നിറുത്തൽ ചെയ്തിട്ടില്ല. അതു കൈവിടാതെ അവസ്ഥകൾക്കനുസരിച്ച് അപ്ഡേറ്റ് ചെയ്തുകൊണ്ടിരുന്നു. അതായത് അല്ലാഹു എപ്പോൾ തൗഫീഖ് തന്നാലും അവസ്ഥകൾ എപ്പോൾ മെച്ചപ്പെട്ടാലും കൂടുതൽ കൂടുതൽ ആളുകൾക്ക് എങ്ങനെ സംവിധാനം ഒരുക്കാൻ കഴിയുമെന്ന് നിലയിൽ കൃത്യമായി കാര്യങ്ങളൊക്കെ ഒരുക്കിയിട്ടുണ്ട്. അദ്ദേഹത്തിന് നല്ല സംഘാടക കഴിവുണ്ടായിരുന്നു. അതനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു. ജൽസാ സാലാന ഓഫീസർ ആകുന്നതിനു മുമ്പേ വ്യത്യസ്ത നിലയിൽ ജൽസാ സാലാനയുടെ സംവിധാനത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. 1991–ൽ ഖാദിയാൻ ജൽസാ സാലാനയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അവിടെ പോയിരുന്നു. ഹുദൂർ അപ്പോൾ അദ്ദേഹത്തെ അഫ്സർ ജൽസാ സാലാനയായി നിശ്ചയിച്ചു. പിന്നീട് അദ്ദേഹത്തെ ശ്ലാഘിച്ചുകൊണ്ട് ഖുത്ബയിൽ പറഞ്ഞു: 'പാക്കിസ്താനിൽനിന്ന് ചൗദ്രി ഹമീദുല്ലാഹ് സാഹിബും മിയാൻ ഗുലാം അഹ്മദ് സാഹിബും ഖാദിയാനിൽ പോയി നീണ്ടകാലം കഠിനാധ്വാനത്തോടെ പ്രവർത്തിച്ചു. അവിടെയുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി എന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് എല്ലാ തയ്യാറെടുപ്പിലും വളരെ നല്ല നിലയിൽ സേവനങ്ങൾ ചെയ്തു. ഖാദിയാനിലെ ചെറിയൊരു അഹ്മദിയ്യാ സമൂഹത്തിന് ഇത്രയും വലിയ സംവിധാനം ഒരുക്കാൻ കഴിയുമായിരുന്നില്ല.'(ദൗറയെ ഖാദിയാൻ 1991, പേജ് 171)

1977–ൽ അഫ്സർ ജൽസാ സാലാന റബ്‌വയ്ക്കു പുറമെ നാളിർ ളിയാഫത്തായും നിശ്ചയിക്കപ്പെട്ടു. 1977 മുതൽ 1987വരെ നാളിർ ളിയാഫത്തത്തായി സേവനമനുഷ്ഠിച്ചു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിൻറെ ഭാര്യ റളിയ ഖാനത്തെ കൂടാതെ ഒരു മകനും 2 പെൺമക്കളുമുണ്ട്. മകൻ കാനഡയിൽ താമസിക്കുന്നു; റഹീമുല്ലാഹ് സാഹിബ്. പെൺമക്കളിൽ ഒരാൾ ഇവിടെ ലണ്ടനിലാണ്. ബശീർ ഹയാത്ത് സാഹിബിന്റെ ഭാര്യയാണ്. രണ്ടാമത്തെ മകൾ രിള്‌വാന ഹമീദാണ്. ഇവർ കമാൽ യൂസുഫ് സാഹിബിന്റെ മരുമകളാകുന്നു. അതായത് നിസാർ അഹ്മദ് സാഹിബിന്റെ ഭാര്യ; സ്വീഡനിലാണ്.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 1960–ൽ ആണ് ഞങ്ങളുടെ വിവാഹം നടന്നത്. വിവാഹശേഷം എനിക്ക് കാണാൻ കഴിഞ്ഞ കാര്യം, അദ്ദേഹത്തിന് കിട്ടിയിരുന്ന അലവൻസിൽനിന്ന് ഏറ്റവുമാദ്യം ചന്ദ: മാറ്റിവെക്കുമായിരുന്നു. ആദ്യം ചന്ദ: മാറ്റിവെക്കാനും ശേഷമുള്ളതിൽ നിന്ന് മറ്റു ചെലവുകൾ നടത്താനും എന്നോടും പറയുമായിരുന്നു. എന്നോട് വസിയ്യത്ത് ചെയ്യാനും ഉപദേശിക്കുകയുണ്ടായി. വിവാഹസമയത്ത് ചൗദ്രി സാഹിബിന്റെ അലവൻസ് 80 രൂപയായിരുന്നു. ഇന്ന് ആർക്കും അത് ചിന്തിക്കാൻപോലും സാധ്യമല്ല. അന്ന് ചെലവുകുറഞ്ഞ കാലവുമായിരുന്നു. എങ്കിലും 80 രൂപ വളരെ നിസാര തുകയാണ്. അതുകൊണ്ടുതന്നെ ഈ വരുമാനത്തിൽനിന്ന് ചന്ദ: മാറ്റിയാൽ വീട്ടിലെ ചെലവ് എങ്ങനെയാണ് നടത്തുക എന്ന കാര്യത്തിൽ എനിക്ക് ആശങ്കയുണ്ടായിരുന്നു. എന്നാൽ, ചന്ദയുടെ അനുഗ്രഹംകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹവും കിട്ടിയിരുന്നു. വളരെ സമാധാനപൂർവം ദിവസങ്ങൾ കഴിഞ്ഞു പോയിരുന്നു. കോളേജിലായിരുന്നതുകൊണ്ട് എന്റെ ധാരണ പ്രകാരം കോളേജിലുള്ളവർക്ക് മറ്റുള്ള ജോലിക്കാരെ അപേക്ഷിച്ച് ശമ്പളം അതായത് അലവൻസ് കൂടുതലായിരുന്നു. മറ്റു ജോലിക്കാർക്ക് അതിനേക്കാൾ കുറവാണ് കിട്ടിയിരുന്നത്. അതായത് മുറബ്ബിമാർക്കും വാഖിഫീനെ സിന്ദഗിക്കും.

അവർ എഴുതുന്നു: അദ്ദേഹം തഹജ്ജുദ് നമസ്കാരത്തിൽ വളരെ കൃത്യനിഷ്ഠയുള്ള ആളായിരുന്നു. അഞ്ചുനേര നമസ്കാരങ്ങൾ ജമാഅത്തായി മസ്ജിദിൽ അല്ലെങ്കിൽ ഓഫീസിൽ അനുഷ്ഠിക്കുമായിരുന്നു. അസുഖമാണെങ്കിൽ വീട്ടിൽ നമസ്കരിക്കും. നമസ്കാരത്തിൽ പ്രത്യേക ശുഷ്കാന്തിയായിരുന്നു. അവസാനംവരെയും നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തെ കണ്ടപ്പോൾ എനിക്കും തഹ്ജ്ജുദിനുള്ള ശീലമായി. ഞാൻ പഠിച്ചതെല്ലാം അദ്ദേഹത്തിൽ നിന്നായിരുന്നു. എന്നോട് അദ്ദേഹം വളരെ നല്ല നിലയിലാണ് പെരുമാറിയിരുന്നത്. വീട്ടിൽ എന്തൊരു സാധനം വന്നാലും ആദ്യം എനിക്ക് നൽകുമായിരുന്നു. പിന്നെയാണ് കുട്ടികൾക്ക് കൊടുത്തിരുന്നത്. അധികവും ജോലികഴിഞ്ഞ് വൈകിയാണ് വീട്ടിൽ വരാറുണ്ടായിരുന്നത്. ഒരുപാട് രാത്രിയാകും വരേയും ഓഫീസുകളിൽ ജോലി ചെയ്തിരുന്നു. അവർ പറയുന്നു: എന്നെ ശല്യപ്പെടുത്താതെ പുറത്തെ വാതിലിന്റെ താക്കോലെടുത്ത് സ്വന്തമായി വാതിൽ തുറന്നിരുന്നു. വൈകിയാലും ഒരിക്കലും ബെല്ലടിച്ചിരുന്നില്ല. ഉണർത്തിയിരുന്നുമില്ല. ഭക്ഷണം ആവശ്യമുള്ളത് കലത്തിൽനിന്ന് എടുത്തു കഴിച്ചിരുന്നു. ഞാൻ ആവശ്യമുള്ള ഭക്ഷണം കലത്തിൽ വെച്ചിരുന്നു. റൊട്ടി അടുത്തുതന്നെ വെച്ചിരുന്നു. ഞാൻ ഉറങ്ങിയിട്ടുണ്ടാവും. അദ്ദേഹം പുറത്തുനിന്നുവന്ന് സ്വയം തന്നെ ഭക്ഷണം ചൂടാക്കി കഴിച്ചിരുന്നു. ഒരിക്കലും ഭക്ഷണത്തിലും വസ്ത്രത്തിലും ആവശ്യങ്ങളൊന്നുമുണ്ടായിരുന്നില്ല. കിട്ടിയ ഭക്ഷണം സന്തോഷത്തോടെ കഴിക്കുമായിരുന്നു. ഞാൻ കൊടുക്കുന്ന വസ്ത്രം സന്തോഷപൂർവ്വം ധരിച്ചിരുന്നു. ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല. വീടുകളിൽ സമാധാനവും ശാന്തിയും നിലനിറുത്താൻ ഇത് വളരെ അനിവാര്യമാണ്. അതനുസരിച്ച് പ്രവർത്തിച്ചാൽ വീടുകളിലെ പകുതി പ്രശ്നങ്ങൾ, അല്ല 80% പ്രശ്നങ്ങളും ഒരിക്കലും ഉണ്ടാകുന്നതല്ല. ശുഹദാക്കൾ, ഭാരവാഹികൾ, അറിയപ്പെടുന്ന ജീവനക്കാർ, ജീവനക്കാരുടെ കുടുംബക്കാർ, മറ്റു അറിയുന്ന ആളുകളുടെ ജനാസകളിൽ പങ്കെടുക്കുകയും മറവടക്കുന്നതുവരെ അവിടെ ഉണ്ടാകുകയും ചെയ്യുമായിരുന്നു. ആരോടും മനസ്സിൽ വിദ്വേഷം ഇല്ലായിരുന്നു. വളരെയേറെ സത്താരി യ്യത്തിന്റെ(ദോഷങ്ങൾ മറച്ചുവെക്കുന്ന)ഗുണമുള്ള ആളായിരുന്നു. വാത്സല്യമുള്ള ഭർത്താവും മക്കൾക്ക് വാത്സല്യമുള്ള പിതാവുമായിരുന്നു. കുടുംബക്കാരോടൊന്നും പിണങ്ങിയിരുന്നില്ല. എപ്പോഴും രഞ്ജിപ്പിന് ആദ്യം തയ്യാറാകുമായിരുന്നു. അൽ ഇസ്സത്തു ലില്ലാഹി ജമീആ എല്ലാ ആദരവും അല്ലാഹുവിനുള്ളതാകുന്നു എന്ന് എപ്പോഴും പറയുമായിരുന്നു. തന്റെ സഹോദരി സഹോദരന്മാരേയും മറ്റു കുടുംബക്കാരേയും വളരെയേറെ ശ്രദ്ധിച്ചിരുന്നു. എല്ലാ വ്യാഴാഴ്ചയും റബ്‌വയിലുള്ള സഹോദരിയുടെ വീട്ടിൽ പോകുമായിരുന്നു. ചൗദ്രി സാഹിബ് മാതാപിതാക്കളേയും നല്ലപോലെ നോക്കിയിരുന്നു. അവർ പറയുന്നു:എനിക്ക് ഓപ്പറേഷൻ വേണ്ടിവന്നു. 10 ദിവസം ആസ്പത്രിയിൽ കഴിഞ്ഞു. ഉറങ്ങാൻ അവിടെ സ്ഥലമില്ലായിരുന്നു. എന്റെ റൂമിൽ നിലത്തുതന്നെ ഉറങ്ങുമായിരുന്നു. എനിക്ക് താഴെ കിടക്കാൻ കഴിയില്ലെന്ന് പറഞ്ഞ് ഒരിക്കലും പരാതി പറഞ്ഞില്ല. വളരെ വാത്സല്യമുള്ള ഭർത്താവായിരുന്നു. അവർ പറയുന്നു: 'ഞാൻ രോഗിയായി ത്വാഹിർ ഹാർട്ട് ആസ്പത്രിയിൽ അഡ്മിറ്റായപ്പോൾ അവിടെയും എന്റെ കൂടെ കഴിയുകയും എല്ലാ നിലയ്ക്കും എന്നെ ശ്രദ്ധിക്കുകയും ചെയ്തു.'

അദ്ദേഹത്തിന്റെ മകൾ പറയുന്നു: 'ഒരിക്കലും ഞങ്ങളുടെ ഉമ്മയോട് ഒച്ചവെച്ച് സംസാരിച്ചിട്ടില്ല. ഞങ്ങൾക്ക് അദ്ദേഹം പിതാവ് മാത്രമായിരുന്നില്ല. കൂട്ടുകാരനും കൂടിയായിരുന്നു. അദ്ദേഹത്തോട് എല്ലാ കാര്യവും ഷെയർ ചെയ്യാമായിരുന്നു.' പറയുന്നു: 'ഞാൻ പൊതുവിൽ ചെറുതായതുകൊണ്ട് എന്റെ മുറിയിലാണ് അദ്ദേഹം തഹ്ജ്ജുദ് നമസ്കരിച്ചിരുന്നത്. ആ സമയത്ത് അദ്ദേഹം 'ഏ ഖാദിറോ തവാനാ ആഫത്ത് സെ ബചാനാ' എല്ലാത്തിനും കഴിവുള്ള നാഥാ! ആപത്തുകളിൽ നിന്നു രക്ഷിക്കണമേ എന്ന് കൂടെക്കൂടെ ദുആ ചെയ്തിരുന്നത് ഇന്നും എനിക്ക് ഓർമ്മയുണ്ട്. ചെറുപ്പത്തിൽ ഉറങ്ങുന്നതിനുമുമ്പേ ഞങ്ങൾക്ക് കഥകൾ പറഞ്ഞു തരുമായിരുന്നു. ഞങ്ങൾ സ്വീഡനിൽ വന്നശേഷം എന്റെ കുട്ടികൾക്കും കഥ പറഞ്ഞു കൊടുക്കുമായിരുന്നു. ഞങ്ങളുടെ പിതാവ് ഞങ്ങൾക്ക് ദുആകളുടെ ഭണ്ഡാരമായിരുന്നു.

അദ്ദേഹത്തിന്റെ മറ്റൊരു മകൾ പറയുന്നു: അദ്ദേഹം ജീവിതത്തിലുടനീളം രാവിലെ നാശ്ത്ത കഴിച്ച് ഓഫീസിൽ പോകും. ഉച്ചയ്ക്ക് വൈകിയാണ് വീട്ടിൽ വന്നിരുന്നത്. അസ്റിനു ശേഷം വീണ്ടും ഓഫീസിൽ പോകും. ഇശാക്കുശേഷം ഏറെ വൈകിയാണ് വീട്ടിലെത്തിയിരുന്നത്. കുട്ടിക്കാലത്ത് ഞങ്ങൾക്ക് ങമവേ ന് സഹായം ആവശ്യമുണ്ടാകുമ്പോൾ ഫജ്റിനു ശേഷം ഒരു മണിക്കൂറാണ് കുട്ടികളെ പഠിപ്പിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്നത്.

ഒരിക്കൽ ജൽസാ സാലാനയുടെ പരിപാടിക്കിടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് അദ്ദേഹത്തെ പറ്റി പറഞ്ഞു, അപ്പോൾ ജോലിക്കാരെല്ലാം ഭക്ഷണം കഴിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം ഇരിക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ എന്റെ പാത്രത്തിൽ എന്നോടൊപ്പം ഭക്ഷണം കഴിക്കുക. മൺപാത്രത്തിലാണ് കറി കൊടുത്തിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനു മുന്നിലും പാത്രം വെച്ചിരുന്നു. അദ്ദേഹം ചൗദ്രി സാഹിബിനോട് പറഞ്ഞു: താങ്കൾ എന്നോടൊപ്പം ഈ പാത്രത്തിൽനിന്നുതന്നെ ഭക്ഷണം കഴിക്കുക.'

അദ്ദേഹം എല്ലാ നിലയ്ക്കും ജീവിതം അർപ്പണം ചെയ്തതിന്റെ കർത്തവ്യം നിറവേറ്റുന്ന ആളായിരുന്നു. അന്നപാനീയങ്ങൾ കഴിക്കുന്നതിനും ഉറങ്ങുന്നതിനുമല്ലാതെ അദ്ദേഹം ജമാഅത്തീ ജോലികൾ മാത്രം ചെയ്തു. ഒരു സമയവും പാഴാക്കിയില്ല. പിന്നീട് ഈ മകൾ പറയുന്നു: ഞാൻ ചെറുതായിരിക്കുമ്പോൾ 'മുകളിലെ കൈ താഴെയുള്ള കൈയിനെക്കാൾ ഉത്തമമാണെന്ന് അദ്ദേഹം എന്നെ പഠിപ്പിച്ചിരുന്നു. ഞാൻ ആദ്യമൊക്കെ കൈ തുറന്നു പിടിച്ചാണ് അതായത് കൈനീട്ടിയാണ് ആരിൽ നിന്നെങ്കിലും എന്തെങ്കിലും വാങ്ങിയിരുന്നത്. അദ്ദേഹം എന്നോട് ആംഗ്യത്തിലൂടെ മുകളിൽ നിന്നെടുക്കണമെന്ന് മനസ്സിലാക്കി തന്നു. അതായത് പൈസയാണെങ്കിലും മറ്റെന്താണെങ്കിലും ഈ രീതിയിൽ എടുക്കണമെന്ന് പറഞ്ഞു തന്നു. ഇതും തർബിയ്യത്തിന്റെ നല്ലൊരു മാർഗ്ഗമാണ്. ഭൗതിക സാധനങ്ങളോട് അദ്ദേഹത്തിന് തീരെ സ്നേഹമില്ലായിരുന്നു. പറയുന്നു: എത്ര വലിയ സമ്മാനം കൊടുത്താലും അദ്ദേഹത്തിന്റെ കണ്ണുകളിൽ അത് ഞാനൊരിക്കലും കണ്ടിട്ടില്ല. ഇത് ഞാൻ മറ്റാരിലും കണ്ടിട്ടുമില്ല. അദ്ദേഹത്തിന്റെ കണ്ണുകളുടെ തിളക്കവും താൽപര്യവും ജമാഅത്തുപരമായ ജോ

ലികളിൽ മാത്രമായിരുന്നു. ഫോൺ എപ്പോഴും കിടക്കയുടെ അരികിൽ വച്ചിരുന്നു. 24 മണിക്കൂറും എല്ലാ ഫോണിലും available ആയിരുന്നു.

അദ്ദേഹത്തിന്റെ മൂത്ത മകൾ എഴുതുന്നു: ‘മക്കളുടെമേൽ അദ്ദേഹത്തിന്റെ ദൃഷ്ടി എപ്പോഴുമുണ്ടായിരുന്നു. അവരുടെ വികാരങ്ങളേയും ആവശ്യങ്ങളേയും വളരെയേറെ പരിഗണിച്ചിരുന്നു. തന്റെ വ്യക്തിപരമായ ഒരു ഭാരവും ഞങ്ങൾക്കുമേൽ ഇട്ടിരുന്നില്ല. അതായത് അത് ചെയ്യ്, ഇത് ചെയ്യ് എന്നു പറഞ്ഞിരുന്നില്ല. സ്വന്തം കാര്യങ്ങൾ സ്വയം ചെയ്തിരുന്നു. എപ്പോഴും ഞങ്ങളെ സഹായിക്കാൻ ശ്രമിച്ചിരുന്നു. എന്റെ മക്കളെയും കൂടെയിരുത്തി ജമാഅത്തുപരമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കുമായിരുന്നു. വഖ്ഫിന്റെ അനുഗ്രഹങ്ങളും ഖലീഫമാരോടൊത്തുള്ള വിശ്വാസവർധക സംഭവങ്ങളും കേൾപ്പിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കാര്യവും ലക്ഷ്യബോധമുള്ളതും ഞങ്ങൾക്ക് പോസിറ്റീവ് പ്രഭാവം ഉണ്ടാക്കുന്നതുമായിരുന്നു.

അദ്ദേഹത്തിന്റെ മകനും ഇതുതന്നെ എഴുതിയിരിക്കുന്നു. അദ്ദേഹം രണ്ടുകാര്യങ്ങളിൽ ശക്തി ചെലുത്തിയിരുന്നു. അതായത് നമസ്കാരത്തിലും പിന്നെ കാലത്തിന്റെ ഖലീഫയുടെ ഖുത്ബ ഒരിക്കലും ഒരു കാരണവശാലും miss ചെയ്യാൻ പാടില്ല എന്നതിലും. കാലത്തിന്റെ ഖലീഫ നൽകുന്ന അധ്യാപനങ്ങൾ പൂർണമായും പ്രാവർത്തികമാക്കേണ്ടതാണ്. തബ്ലീഗ് മുഖേന കാനഡക്കാരുടെമേൽ, ‘ഈ വ്യക്തി തങ്ങളെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്ന പ്രഭാവം ഉണ്ടാക്കാൻ ശ്രമിക്കുക’ എന്ന് എന്നോടു എപ്പോഴും പറയാറുണ്ടായിരുന്നു.

വക്കീലുത്തസ്നീഫ് തഹ്‌രീക്കെ ജദീദ് ജമീലുർ റഹ്മാൻ സാഹിബ് എഴുതുന്നു: എനിക്ക് ചൗദ്രി സാഹിബുമായി ദീർഘകാല ബന്ധമുണ്ട്. ചൗദ്രി സാഹിബിന്റെ പിതാവ് മുഹമ്മദ് ബഖ്ശ് സാഹിബ് ദീനീ ബോധമുള്ള സൽ പ്രകൃതത്തിനുടമയായിരുന്നു. ഈ ഗുണങ്ങൾ ചൗദ്രി സാഹിബിനും കിട്ടുകയും അത് വളരുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാവ് മുഹമ്മദ് ബഖ്ശ് സാഹിബ്, ചൗദ്രി ഫള്ൽ അഹ്മദ് സാഹിബിന് തബ്ലീഗ് ചെയ്തിരുന്നു. ഇത് 60–70 വർഷം മുമ്പേയുള്ള കാര്യമാണ്. അദ്ദേഹത്തിന്റെ പിതാവ് കാരണമായി ചൗദ്രി ഫള്ൽ അഹ്മദ് സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നെ ജമീലുർ റഹ്മാൻ സാഹിബുമായും അടുപ്പമായി. കാരണം ചൗദ്രി ഫള്ൽ അഹ്മദ് സാഹിബ് എന്റെ ശ്വശുരനായി. ഈ ബന്ധം അദ്ദേഹം നല്ലപോലെ നിലനിറുത്തുകയും ചെയ്തു. അദ്ദേഹം എന്റെ ഉസ്താദുമായിരുന്നു. ഞാൻ ബി.എസ്.സി ചെയ്യുമ്പോൾ അദ്ദേഹം ഗണിതശാത്രത്തിൽ എം.എ ചെയ്തു വന്ന സമയമായിരുന്നു. അദ്ദേഹം കുറച്ചുകാലം ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. വളരെ ആത്മാർഥതയോടെ പഠിപ്പിച്ചിരുന്നു. അത് ഞങ്ങളെ കൂടുതൽ പ്രഭാവിതരാക്കിയിരുന്നു. നിയമത്തിൽ വളരെ കണിശക്കാരനായിരുന്നു. എന്നാൽ, വാത്സല്യമുള്ള ആളുമായിരുന്നു. സഹായം ആവശ്യമുള്ള ജീവനക്കാർക്ക് ആരുമറിയാതെ സഹായം ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല പരിശ്രമശാലിയായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതം വൈജ്ഞാനികമായിരുന്നു. പ്രത്യേകിച്ചും ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും നല്ല അവഗാഹമുണ്ടായിരുന്നു. അതിനു ഉപദേശിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ സമ്പത്ത് വളരെ കരുതലോടെയാണ് ചെലവഴിച്ചിരുന്നത്. കുറഞ്ഞ വാക്കുകൾ എഴുതാൻ മുഴുവൻ കടലാസും ഉപയോഗിക്കുന്നതിനു പകരം പകുതി കടലാസ് ഉപയോഗിക്കാൻ പറയുമായിരുന്നു. ഓരോ വിഷയത്തിന്റേയും ആഴത്തിൽ എത്തിയിരുന്നു. എന്തെങ്കിലും വിഷയം വന്നാൽ അതിന്റെ എല്ലാ ഭാഗങ്ങളേയും അവലോകനം നടത്തുമായിരുന്നു. പിന്നെയാണ് തീർപ്പ് കൽപിച്ചിരുന്നത്. ഈ സവിശേഷത അദ്ദേഹത്തിൽ വളരെ പ്രകടമായിരുന്നു.

വക്കീലുദ്ദീവാൻ ലഈഖ് നാസിർ സാഹിബെഴുതുന്നു: ചൗദ്രി സാഹിബ് എന്നോട് ഒരിക്കൽ പറഞ്ഞു: ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ ആയിരുന്നപ്പോൾ ചൗദ്രി സാഹിബിന് ഇജ്തിമാ അസിസ്റ്റൻറ് എന്ന ഡ്യൂട്ടി ഉണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)അദ്ദേഹത്തോട് പറഞ്ഞു: ‘ലങ്കർഘാനയുടെ അവസ്ഥ എന്താണെന്ന് അറിഞ്ഞു വരിക. ഇജ്തിമാക്കും ലങ്കർ പ്രവർത്തിച്ചിരുന്നു. അവിടെ എങ്ങനെയാണ് ഭക്ഷണം പാകം ചെയ്യുന്നതെന്ന് നോക്കി വരാൻ പറഞ്ഞു. ചൗദ്രി സാഹിബ് പറയുന്നു: ഞാൻ പുറപ്പെട്ടപ്പോൾ ഹദ്റത്ത് സാഹിബ് എന്നെ തിരികെ വിളിച്ചു പറഞ്ഞു: ‘ഇൻ ചാർജ് സാഹിബ് കണിശസ്വഭാവിയാണ്. നിങ്ങളെ അകത്തേക്ക് കടക്കാൻ സമ്മതിക്കില്ല. നിങ്ങൾ അതോറിറ്റി ഇല്ലാതെയാണ് പോകുന്നത്. അദ്ദേഹം മുതിർന്ന ആളുമാണ്. ഹദ്റത്ത് സാഹിബ് തന്റെ സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന ബാഡ്ജ് അഴിച്ച്, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ അസിസ്റ്റന്റായ എനിക്ക് തന്നിട്ട് പറഞ്ഞു: ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ ആണ് താങ്കളെ വിട്ടതെന്നതിന് ഇത് താങ്കൾക്കുള്ള അതോറട്ടി ആണ്. ആ ബാഡ്ജ് കുത്തി തന്നിട്ട്, ‘ഇനി പോയി റിപ്പോർട്ട് വാങ്ങി വരൂ’ എന്ന് പറഞ്ഞ് എന്നെ അയച്ചു.

ഞാൻ എല്ലാ നാളിർമാരോടും തഹ്‌രീക്കെജദീദ് വക്കീൽമാരോടും പുറത്തു ജമാഅത്തുകളിൽ പോയി ജനങ്ങളെ കാണുകയും എന്റെ സലാം എത്തിക്കുകയും ചെയ്യുക എന്ന് ഒരിക്കൽ പറഞ്ഞിരുന്നു. പിന്നീട് രണ്ടുമൂന്നു പ്രാവശ്യം അതാവർത്തിക്കുകയും ചെയ്തിരുന്നു. അപ്പോൾ ചൗദ്രി സാഹിബും രണ്ട് തവണ പോയി. ഇതെഴുതുന്ന ആൾ വിവരിക്കുന്നു: ‘രണ്ടു പ്രാവശ്യം ഞാൻ അദ്ദേഹത്തോടൊപ്പം പര്യടനത്തിന് പോയിരുന്നു. സർഗോദ ജില്ലയാണ് അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നത്. ഒരു വീടും ഒഴിവാക്കാതെ എല്ലാ വീട്ടിലും അദ്ദേഹമെത്തി. ആരെങ്കിലും വീട്ടിലില്ലെങ്കിൽ എവിടെയാണെന്ന് മനസിലാക്കി പണിസ്ഥലത്ത് ആണെങ്കിൽ അവിടെപ്പോയി കണ്ടിരുന്നു. ചില സ്ഥലങ്ങളിൽ വണ്ടി പോകുമായിരുന്നില്ല. പല പ്രാവശ്യവും കിലോമീറ്ററുകളോളം സലാമെത്തിക്കാൻ അദ്ദേഹം നടന്നാണ് പോയത്. അദ്ദേഹത്തിന്റെ അനുസരണത്തിന്റേയും നിർദേശങ്ങൾ പൂർണമായി പ്രാവർത്തികമാക്കുന്നതിന്റേയും ഒരു സ്വഭാവമെന്തെന്നാൽ അദ്ദേഹം ഞാൻ കൊടുത്ത സന്ദേശം കൂടെ ക്കൂടെ വായിച്ചു നോക്കിയിരുന്നു. മാത്രമല്ല ഞാൻ സന്ദേശം നൽകുമ്പോൾ എവിടെയെങ്കിലും തെറ്റിച്ചാൽ വാക്കുകൾ അങ്ങോട്ടോ ഇങ്ങോട്ടോ ആയാൽത്തന്നെ ഓർമപ്പെടുത്തണമെന്നും എന്നോട് അദ്ദേഹം നിർദേശിച്ചിരുന്നു. അത്രമാത്രം നിഷ്കർഷത പാലിക്കുന്ന ആളായിരുന്നു അദ്ദേഹം. പറയുന്നു: കൂടാതെ ഓഫീസ് കത്തുകളിൽ എപ്പോഴും ചെറുതായാലും വലുതായാലും എന്തെങ്കിലും തെറ്റു പറ്റിയാൽ ഖലീഫത്തുൽ മസീഹിനെ അതേ പറ്റി അറിയിക്കണമെന്നത് അദ്ദേഹത്തിന്റെ സ്ഥായിയായ നിർദ്ദേശമായിരുന്നു. അതുമുഖേന ദുആയും കിട്ടുന്നതാണ്. തെറ്റ് തിരുത്തപ്പെടുകയും ചെയ്യും. വളരെ ലളിത ജീവിതമായിരുന്നു. പര്യടനത്തിന്നിടയിലും, പ്രോട്ടോക്കോളൊന്നുമുണ്ടാകരുതെന്ന് ജമാഅത്തിന് നിർദേശം കൊടുത്തിരുന്നു. ഭക്ഷണം കിട്ടിയിടത്തുനിന്ന് കഴിച്ചിരുന്നു. ചിലപ്പോൾ വണ്ടിയിൽ ഇരുന്നു തന്നെ ഭക്ഷണം കഴിച്ചിരുന്നു. ചിലപ്പോൾ ഗ്രാമത്തിൽ സന്ദർശനം നടത്തുമ്പോൾ വയലിന്റെ വരമ്പത്തിരുന്ന് ഭക്ഷണം കഴിക്കുമായിരുന്നു. ഈ യാത്രാവേളയിൽ ചിലപ്പോൾ ചില ജമാഅത്തുകൾ പ്രസംഗിക്കാൻ പറയുമ്പോൾ അത് നിരാകരിച്ചുകൊണ്ട് തനിക്ക് നൽകിയ കല്പന മാത്രമാണ് ഇപ്പോൾ ചെയ്യുക എന്ന് പറയുമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖാദിയാൻ വാസികളോടും അതുപോലെ റബ്വക്കാരോടും അവരവരുടെ മഹല്ലിലുള്ള പള്ളിയിൽത്തന്നെ നമസ്കരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇദ്ദേഹം അവസാനംവരെ ഇത് പാലിക്കാൻ ശ്രമിച്ചിരുന്നു. കേന്ദ്ര മസ്ജിദായ മസ്ജിദ് മുബാറക്കിൽ നമസ്കരിക്കാൻ പോയാലും കുറഞ്ഞത് ഏതെങ്കിലും ഒരു നേരത്തെ നമസ്കാരം മഹല്ലിൽ നമസ്കരിച്ചിരുന്നു. അദ്ദേഹം രാത്രിയിലും ഓഫീസിൽ വന്നിരുന്നു. പലതവണ ഇങ്ങനേയുമുണ്ടായി, അതായത് വൈകിട്ട് മറ്റാരുമില്ലാത്തപ്പോഴും ഓഫീസ് തുറക്കാൻ പോലും ആരും വന്നില്ലെങ്കിലും അദ്ദേഹം സ്വയംതന്നെ ഓഫീസ് തുറന്നു പണിയെടുക്കുമായിരുന്നു. അദ്ദേഹം കോളേജിൽ ജോലി ചെയ്യുമ്പോൾ തൊട്ടുള്ള പതിവായിരുന്നു ഇത്. ഒരു രസകരമായ സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. ഒരിക്കൽ തഅ്‌ലീമുൽ ഇസ്‌ലാം കോളേജിലെ സ്റ്റാഫ് റൂമിൽ ഇരുന്ന് രാത്രി അദ്ദേഹം ജോലി ചെയ്യുകയായിരുന്നു. അപ്പോൾ ഒരു ഡ്യൂട്ടിക്കാരൻ വന്ന് അദ്ദേഹത്തെ ഒരു ഭക്ഷണത്തിന്റെ പാക്കറ്റേൽപ്പിച്ചു. തുറന്നു നോക്കിയപ്പോൾ അതിൽ ബിരിയാണിയോ, പുലാവോ ആയിരുന്നു. ഇത് പ്രിൻസിപ്പാൾ സാഹിബ് തന്നതാണെന്ന് പറഞ്ഞു. അപ്പോൾ മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബായിരുന്നു പ്രിൻസിപ്പാൾ. അദ്ദേഹത്തിന് ചൗദ്രി സാഹിബ് അവിടെ ഇരിക്കുന്നുണ്ടെന്ന് അറിയില്ലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പിന്നീട് അദ്ദേഹത്തോട് പറഞ്ഞു, ‘ആ സമയത്ത് താങ്കൾ അവിടെ ഇരിക്കുന്നുണ്ടാകുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ടാണ് അവിടെ ഇരിക്കുന്നതാരാണെങ്കിലും അയാൾക്ക് കൊടുത്തുവരാൻ ഡ്യൂട്ടിക്കാരനോട് പറഞ്ഞയച്ചത്.’

അദ്ദേഹം വീട്ടിൽ വരുന്നവരെ എപ്പോഴും സൽക്കരിക്കുമായിരുന്നു. ഒരുവിധ ഔപചാരികതയും കൂടാതെ കീഴ്ജീവനക്കാർക്കും ഓഫീസ് ജീവനക്കാർക്കും അവിടെയുള്ളത് കൊടുക്കുമായിരുന്നു. ലഈഖ് ആബിദ് സാഹിബ് എഴുതുന്നു: ചെറിയ ചെറിയ കാര്യങ്ങൾ പോലും വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുമായിരുന്നു. ഒരു ഡ്രാഫ്റ്റും ബില്ലും കത്തും മുഴുവൻ വായിക്കാതെ ഒപ്പിടുമായിരുന്നില്ല. ഓഫീസർമാർ മുഴുവൻ വായിച്ചുനോക്കാതെ ഒപ്പിടരുത്. അത് വളരെ അനിവാര്യമാണ്. സമയനിഷ്ഠ പാലിക്കുമായിരുന്നു. ഓരോജോലിയും സമയത്ത് ചെയ്യുക എന്ന ശീലം എത്രത്തോളം ദൃഢഗാഢമ


**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**‘ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.’(സന്ദേശം, ജൽസാ സാലാന ഡന്മാർക്ക് 2019)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**‘പലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.’(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

യിരുന്നുവന്നാൽ സമയത്തിൽ സഞ്ചരിക്കുകയും തന്റെ ഇഷ്ടാനുസരണം അതിനെ വളക്കാൻ കഴിയും വിധത്തിലായിരുന്നുവെന്ന് തോന്നുകയും ചെയ്യുമായിരുന്നു. ഇത്രയും സമയനിഷ്ഠ പാലിച്ചിരുന്നെങ്കിൽത്തന്നെയും മര്യാദയുടെ തേട്ടങ്ങളെ വളരെയധികം പരിഗണിച്ചിരുന്നു. മസ്ജിദിൽ നമസ്കരിക്കാൻ പോയാൽ വാച്ചിലേക്ക് നോക്കി കൊണ്ടിരിക്കാതെ ദൈവസ്മരണയിൽ മുഴുകുമായിരുന്നു. പൊതുവെ ആളുകൾ നമസ്കാര സമയമായാൽ ക്ലോക്ക് നോക്കി സമയമായിട്ടും നമസ്കരിക്കാത്തതെന്തേ എന്നു ചോദിക്കാറുണ്ട്. ഇമാം വന്നാൽ നമസ്കരിക്കാൻ എഴുന്നേൽക്കുന്ന ശീലമായിരുന്നു അദ്ദേഹത്തിന്. പുറത്തുനിന്ന് വന്നിരുന്ന മുബല്ലിഗുമാരെ ഉപദേശിക്കുമായിരുന്നു. സാധാരണയായി ഉപദേശിച്ചിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാനും അവയിൽ പരാമർശിച്ച അധ്യാപനങ്ങൾ പ്രാവർത്തികമാക്കാനുമായിരുന്നു. അങ്ങനെ ലോകം മുഴുവൻ നമുക്ക് അഹ്മദിയ്യത്തിനെ ഒരേ രൂപത്തിൽ ആക്കാനാകുമെന്ന് പറയുമായിരുന്നു.

സമീയുല്ലാഹ് സിയാൽ സാഹിബ് എഴുതുന്നു: 'ഞങ്ങൾ ഇരുവരും ഒരുമിച്ചാണ് പത്താംക്ലാസ് പഠിച്ചത്. പഠനശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിക്ക് വഖ്ഫിനുള്ള അപേക്ഷിച്ചു. അദ്ദേഹം ദയാപൂർവ്വം അത് സ്വീകരിച്ചു. അവസാനം വരെ ഏതാണ്ട് 71 വർഷത്തോളം ഞാൻ പല നിലയിലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. നിരവധി സവിശേഷഗുണങ്ങളുള്ള ഒരു മഹദ് വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം സഹതാപശീലനും ധൈര്യവാനും സദാ ദീനിസേവകനും ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹബന്ധം പുലർത്തുന്ന വ്യക്തിയുമായിരുന്നു. പുതുതായി വരുന്ന വഖ്ഫെ സിന്ദഗികൾക്ക് നല്ല നിലയിൽ തർബിയ്യത്ത് നൽകുന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.' (വളരെ നല്ല ഗുണമായിരുന്നു അത്. അതുകൊണ്ട് മതപ്രവർത്തനത്തിന് ജീവിതം അർപണം ചെയ്തവർക്ക് തർബിയത്ത് ചെയ്യാനായി ഞാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം വളരെ മികച്ച നിലയിൽ അവർക്ക് തർബിയ്യത്ത് നല്കുകയുണ്ടായി.)

ഹലീം ഖുറയ്ശി സാഹിബ് എഴുതുന്നു: 'അദ്ദേഹത്തിന് സംഘാടക മികവും ധനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നല്ല കഴിവുമുണ്ടായിരുന്നു. സംവിധാനത്തിലെ(നിളാം) വീഴ്ച്ചകൾ ഒരിക്കലും സഹിച്ചിരുന്നില്ല. ധനകാര്യങ്ങളിൽ അതീവ സൂക്ഷ്മത പാലിച്ചിരുന്നു. മാർക്കറ്റ് വാല്യൂകളെക്കുറിച്ച് അപ്ഡേറ്റ് ചെയ്തിരുന്നു. ബില്ല് കിട്ടുമ്പോൾ 10 രൂപ പോലും അധികമായാൽ ചോദ്യം ചെയ്യുമായിരുന്നു. 'ഇന്ന വസ്തുവിന് ഇന്ന കടയിൽ 100 രൂപയാണല്ലോ? എന്നിട്ട് താങ്കൾ നൂറ്റിപ്പത്തുരൂപ എന്തിനാണ് ചെലവാക്കിയത്' എന്ന് ചോദിക്കുമായിരുന്നു.

റൊട്ടി പ്ലാന്റ് ജൽസാ സാലാനയുടെ എഞ്ചിനീയറായ അമീർ മുഹമ്മദ് ഖയ്സ്വറാനി പറയുന്നു: ചൗദ്ദരി സാഹിബ് കൂടിയാലോചനയ്ക്ക് വളരെ വിലകൽപ്പിക്കച്ചിരുന്നു. എന്തു തീരുമാനവും എടുക്കുന്നതിനു മുൻമ്പേ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമായോ അക്കാര്യത്തിലെ എക്സ്പ്പേർട്ടുമായോ എന്തായാലും കൂടിയാലോചന നടത്തുമായിരുന്നു. പുതുതായി എന്തു ചെയ്യുമ്പോഴും അതെക്കുറിച്ച് വിശദമായി അന്വേഷിക്കുമായിരുന്നു. വളരെ വലിയതോതിൽ അഭിപ്രായങ്ങൾ ആരാഞ്ഞശേഷം മാത്രമേ എന്തെങ്കിലും തീരുമാനത്തിൽ എത്തിയിരുന്നുള്ളൂ. സാധാരണ ഓഫീസ് അവധിയായ വെള്ളിയാഴ്ചയായിരുന്നു റൊട്ടി പ്ലാന്റിന്റെ ട്രയൽ നടത്തിയിരുന്നത്. അതുപോലെ മിക്കവാറും മാസാവസാനത്തെ ആഴ്ചയിൽ ലീവുള്ള ദിവസവും ഓഫീസിൽ പോകുമായിരുന്നു. സഹപ്രവർത്തകരെ എപ്പോഴും പറഞ്ഞു മനസ്സിലാക്കിയിരുന്നത് വ്യക്തി ജീവിതത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടോ, പ്രയാസമോ ഉണ്ടായാൽ ജമാഅത്തിന്റെ ജോലികൾക്ക് കൂടുതൽ സമയം നൽകണമെന്നാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിൽ നിന്നും തങ്ങൾ പഠിച്ചതെന്നായിരുന്നു. അപ്പോൾ അല്ലാഹു സ്വയം ആ പ്രയാസം നീക്കം ചെയ്യുന്നതാണ്. വഴി കടന്നുപോകുന്നവരുമായി സ്നേഹാദരങ്ങളോടെ പെരുമാറിയിരുന്നു. എല്ലാവരുമായും അവർക്ക് ഇഷ്ടപ്പെട്ട വിഷയത്തിൽ സംസാരിക്കുമായിരുന്നു. വഫാത്തിനു മുമ്പേ ഒരു മീറ്റിംഗിൽ തഅ്മീറാത്ത് വിഭാഗത്തിന്റെ ജോലിയിൽ താമസം ഉണ്ടായപ്പോൾ എഞ്ചിനീയർമാരോട് നീരസം പ്രകടിപ്പിച്ചതായി എൻജിനീയർ സാഹിബ് പറയുന്നു. തുടർന്ന് അന്നേദിവസംതന്നെ ഓഫീസ് അവധിയായപ്പോൾ എന്നെ ഫോൺ ചെയ്തിട്ട് ചിരിച്ചുകൊണ്ട് എപ്പോഴത്തെ പോലെയും സംസാരിച്ചു. പറഞ്ഞു: ഇന്ന് ഞാൻ കുറച്ച് കടുപ്പ വാക്കുകൾ ഉപയോഗിക്കുകയുണ്ടായി. അതിനു ക്ഷമാപണം അറിയിക്കുന്നു. തുടർന്ന് എന്റെ സുഖവിവരങ്ങളും അന്വേഷിച്ചു.

ഹാഫിള് മുസഫ്ഫർ അഹ്മദ് സാഹിബ് എഴുതുന്നു: 'എന്റെ അപേക്ഷ മാനിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റിസർച്ച് സെൽ നിർമിക്കാനുള്ള ഔദ്യോഗികാനുമതി നൽകുകയുണ്ടായി. അപ്പോൾ അതിനായി നിർദ്ദേശിക്കപ്പെട്ട രണ്ടു സ്ഥലങ്ങളിൽ ഒന്നായ ജാമിയ അഹ്മദിയ്യയിൽത്തന്നെ ഓഫീസ് തയ്യാറാക്കി. അതേകുറിച്ചുള്ള ചർച്ചയിൽ ഇപ്രകാരം പറഞ്ഞു:'നിങ്ങൾക്കു ഭാവിയിലും ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ചെയ്യാനുള്ളതാണ്. പ്രഥമമായി ജമാഅത്തിന്റെ വരുംകാല ആവശ്യങ്ങളെ എപ്പോഴും മുന്നിൽ വയ്ക്കണം. രണ്ടാമതായി മിതത്വവും ലാളിത്യവും അനുവർത്തിക്കണം. ആഡംബരത്തിനായി വലിയ ഓഫീസ് ടേബിൾ, ലക്ഷ്വറി ചെയർ എന്നിവ മാറ്റിനിറുത്തി ആവശ്യാനുസരണം മാത്രം ഫർണിച്ചറുകൾ വാങ്ങാനും ഉണർത്തി.'

വക്കീലുത്തബ്ശീർ ലണ്ടൻ മാജിദ് ത്വാഹിർ സാഹിബ് എഴുതുന്നു: അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദീനീ സേവനത്തിനായിരുന്നു ചെലവഴിച്ചിരുന്നത്. കാലത്തിന്റെ ഖലീഫയിൽ നിന്ന് വിവിധ ഓഫീസ് കാര്യങ്ങളെ സംബന്ധിച്ചു വന്നിരുന്ന നിർദ്ദേശങ്ങൾ ലഭിച്ചാലുടൻതന്നെ താമസം വിന നടപടി എടുക്കുമായിരുന്നു. പല തവണ രാത്രിയിൽ നിർദ്ദേശം ലഭിക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെ ലഭിച്ചിരുന്ന നിർദ്ദേശങ്ങളനുസരിച്ച് നടപടിയെടുക്കാനായി ഉടൻ ഓഫീസിൽ വരികയും എല്ലാം കഴിഞ്ഞു മാത്രം വീട്ടിലേക്ക് മടങ്ങുകയും ചെയ്തിരുന്നു. നിശ്ചയമായും അദ്ദേഹത്തിന്റെ അനക്കമടക്കങ്ങളും സംസാരങ്ങളും മൗനങ്ങളും ഇരിപ്പും നടപ്പുമെല്ലാം ഖലീഫയെ അനുസരിച്ച് കൊണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയുടെ നിർദേശത്തെക്കാൾ മുൻഗണന നിയമങ്ങൾക്ക് നൽകുന്നവരോട്, ജമാഅത്തിന്റെ പ്രോട്ടോക്കോൾ ഇപ്രകാരമാണ്, അതുതന്നെ നടപ്പിലാക്കണമെന്ന് പറയുന്നവരോട് അദ്ദേഹം എപ്പോഴും പറഞ്ഞിരുന്നത്, കാലത്തിന്റെ ഖലീഫ നൽകുന്ന നിർദ്ദേശങ്ങൾ തന്നെയാണ് നിങ്ങൾക്കുള്ള നിമങ്ങൾ. അവ തന്നെയാണ് പാലിക്കേണ്ടത് എന്നായിരുന്നു. എന്നുമാത്രമല്ല നിയമങ്ങളിൽ over ruling clause നിലവിലുണ്ട്.

മുബശ്ശിർ അയാസ് സാഹിബ് പ്രിൻസിപ്പൽ ജാമിയ അഹ്മദിയ്യ റബ്വ എഴുതുന്നു: 'അദ്ദേഹം ജമാഅത്തിന്റെ വീക്ഷണങ്ങളുടെയും പദ്ധതികളുടെയും എൻസൈക്ലോപീഡിയ ആയിരുന്നു.' അത് തികച്ചും ശരിയുമാണ്. അദ്ദേഹത്തിന് സകല കാര്യങ്ങളിലും പൂർണമായ കാഴ്ചപ്പാടും അവബോധവും ഉണ്ടെന്ന് എനിക്കും തോന്നിയിട്ടുണ്ട്. അയാസ് സാഹിബ് പറയുന്നു: 'ഞാൻ എന്റെ സഹപ്രവർത്തകരോട് പറയുമായിരുന്നു, ചൗദ്ദരി സാഹിബിനൊപ്പം മീറ്റിംഗ് നടത്തുക. അദ്ദേഹം തന്നെ നമുക്ക് പറഞ്ഞു തരും, ജാമിയയിൽ എത്ര സ്റ്റേയറുകളുണ്ട്, എത്ര ചെടികളുണ്ട്, ഇന്ന സ്ഥലത്ത് ഇതിന്റെ കുറവുണ്ട്, ഈ ചെടി നട്ടിട്ടുണ്ട് എന്നൊക്കെ. വളരെ അവധാനതയോടെ എല്ലാ കാര്യങ്ങളും നിരീക്ഷിക്കുമായിരുന്നു. ഏതു കാര്യത്തെ സംബന്ധിച്ച് മീറ്റിങ്ങ് നടത്തിയാലും, അതിന്റെ വിശദാംശങ്ങളും ഓരോരോ ഘടകങ്ങളും അദ്ദേഹത്തിന് അറിയുമായിരുന്നു. തന്റെ കൂടെയുള്ളവരെ കുറിച്ച് അങ്ങനെതന്നെ പ്രതീക്ഷ വച്ചിരുന്നു. തുടർന്ന് എഴുതുന്നു: റബ്വയുടെ മുഴുവൻ ചരിത്രവും അദ്ദേഹത്തിന്റെ കണ്ണിലും മനസ്സിലും മസ്തിഷ്കത്തിലും മുദ്രവച്ചതുപോലെയിരുന്നു. കുറച്ച് മാസങ്ങൾക്ക് മുമ്പേ ചൗദ്ദരി സാഹിബുമായി കൂടിക്കാഴ്ച്ച നടത്താൻ എനിക്ക് അവസരമുണ്ടായി. ഞാൻ പറഞ്ഞു, റബ്വയിലെ ചില ചരിത്രപ്രധാനമായ സ്ഥലങ്ങളെക്കുറിച്ച് ചില പൂർവികരുടെ പ്രതിപാദനങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. താങ്കൾ അതേക്കുറിച്ച് പറഞ്ഞുതരണം. അപ്പോൾ അദ്ദേഹം ഒരുപാടുകാര്യങ്ങൾ വിശദമായി പറഞ്ഞുതന്നു. ഇതേക്കുറിച്ച് ഇന്ന വ്യക്തിക്കു പറയാൻ സാധിക്കുമെന്നും ഇപ്പോൾ ഇന്ന വ്യക്തിയുടെ ഓർമ ക്ഷയിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. തുടർന്നു പറഞ്ഞു, ഒരു ലിസ്റ്റ് തയ്യാറാക്കി എനിക്ക് അയച്ചുതരിക. താങ്കളോടൊപ്പം വന്ന് ഞാൻ എനിക്ക് ഓർമയുള്ളത്ര പറഞ്ഞുതരാം. പറയുന്നു: അദ്ദേഹം എത്രത്തോളം വിനയവും താഴ്മയുമുള്ള വ്യക്തിയായിരുന്നെന്നാൽ സ്വയം എനിക്കു ചായയുണ്ടാക്കി എപ്പോഴും തരുമായിരുന്നു. എളിമയെ കുറിച്ചുള്ള മറ്റൊരു സംഭവമുണ്ട്. കുറച്ചുവർഷം മുമ്പേ ഖാദിയാനിൽ ജൽസയ്ക്കു പോയതായിരുന്നു. ലങ്കർഖാനയുടെ നാഇബ് ഇൻചാർജ് മഹ്ഫൂസുർറഹ്മാൻ സാഹിബുമൊത്തുനിന്ന് സംസാരിക്കുകയായിരുന്നു. അപ്പോൾ ചൗദ്ദരി സാഹിബ് മുമ്പിലൂടെ കടന്നുപോയി. സലാം പറഞ്ഞു. ശേഷം വളരെ വികാരഭരിതനായി മഹ്ഫൂസ് സാഹിബ് എന്നോട് ഇങ്ങനെ പറഞ്ഞു: ചൗദ്ദരി സാഹിബ് വളരെ ലളിതപ്രകൃതക്കാരനാണ്. കുറച്ച് നേരം മുമ്പേ എന്റെ അടുത്ത് വന്നിട്ടു പറഞ്ഞു, മഹ്ഫൂസ് സാഹിബ്, ഭക്ഷണം എന്തെങ്കിലുമുണ്ടെങ്കിൽ വേഗം തരിക, ഒരു മിറ്റിംഗ് കഴിഞ്ഞു വരികയാണ്. പത്തിരുപത് മിനിറ്റ് കഴിഞ്ഞാൽ മറ്റൊരു മീറ്റിംഗിനു പോകേണ്ടതാണ്. പറയുന്നു: ഭക്ഷണം തീർന്നിരുന്നു. ഞാൻ പറഞ്ഞു: ഫ്രിഡ്ജിൽ കുറച്ചു ഭക്ഷണമുണ്ട്. അത് ചൂടാക്കി തരാം. താങ്കൾ പോയി തയ്യാറായി വരിക. പറയുന്നു: ഭക്ഷണം ചൂടാക്കി കൊണ്ടു വരുമ്പോഴേക്കും കുറച്ചു താമസിച്ചു. ചൗദ്ദരി സാഹിബ് സമയനിഷ്ഠയുള്ള വ്യക്തിയായിരുന്നു. സമയത്ത് മീറ്റിംഗിന് എത്തിച്ചേരേണ്ടതുണ്ടായിരുന്നു. ഭക്ഷണത്തിനു കാത്തിരുന്നാൽ വൈകാൻ സാധ്യതയുണ്ടായിരുന്നു. ഞാൻ വന്നപ്പോൾ കണ്ടത് ഡൈനിംഗ് ടേബിളിൽ ഉണ്ടായിരുന്ന റോട്ടിയുടെ കഷണങ്ങളും ബാക്കിയായ ദാലും കൂട്ടി അദ്ദേഹം ഭക്ഷണം കഴിച്ചു തീരാറായതാണ്. അങ്ങനെ സമയത്തുതന്നെ അദ്ദേഹം മീറ്റിംഗിനു പോയി. എന്നാൽ, അദ്ദേഹത്തിന്റെ മുഖത്ത് ഒരു നീരസവും ഉണ്ടായിരുന്നില്ല. എന്താണ് ഭക്ഷണം കൊണ്ടുവരാൻ താമസിച്ചത്? എന്താണ് കാരണം എന്നൊന്നും അന്വേഷിച്ചില്ല. അവിടെ ഉണ്ടായിരുന്ന റൊട്ടി ക്ഷണങ്ങളും ബാക്കിയായ ദാലും കഴിക്കുകയാണുണ്ടായത്. ടേബിളിലുള്ളത് കഴിച്ചു തിരിച്ചു പോയി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ചൗദ്ദരി സാഹിബ് വളരെ അവധാനതയോടെ വായിച്ചിരുന്നു. സ്ഥിരമായി അവ വായിക്കുമായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അവയെ വെറുതെ വായിക്കുകയായിരുന്നില്ല. ആഴത്തിലുള്ള സൂഷ്മമായ വായനയായിരുന്നു. ഗ്രന്ഥങ്ങളെ നന്നായി അവലോകനം ചെയ്തിരുന്നു. അവയിലുള്ള ഓരോരോ കാര്യങ്ങളും നിരീക്ഷണ വിധേയമാക്കിയിരുന്നു. അവയെക്കുറിച്ച് ഉണ്ടാകുന്ന ചോദ്യങ്ങൾക്ക് ഉത്തരം എന്താണെന്നും കണ്ടെത്തിയിരുന്നു. പ്രശ്ന നിവാരണത്തിനു ശ്രമിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ചും മറ്റുള്ളവരെയും ഉപദേശിക്കുമായിരുന്നു. ഗ്രന്ഥം പാരായണം ചെയ്യുമ്പോൾ ഓരോരോ വാക്കിലും ശ്രദ്ധിക്കാനും അവയിൽ നിന്നുണ്ടാകുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും പറഞ്ഞിരുന്നു.

മുബാറക്ക് സിദ്ദീഖി സാഹിബ് പറയുന്നു: ഒരിക്കൽ ലണ്ടനിൽ അദ്ദേഹം വന്നപ്പോൾ ടി.ഐ

കോളേജിലെ വിദ്യാർഥികളേയും പൂർവവിദ്യാർഥികളേയും പങ്കെടുപ്പിച്ച് ഒരു മീറ്റിംഗ് നടത്താൻ ഞാൻ(ഹുദൂർ) അദ്ദേഹത്തിന് അനുമതി നൽകി. പറയുന്നു: ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ഒരു സുദീർഘ കാലം സേവനം അനുഷ്ഠിക്കാനുള്ള തൗഫീഖും ഒരുപാട് ആദരണീയ സ്ഥാനങ്ങളും അല്ലാഹു താങ്കൾക്ക് നൽകിയിട്ടുണ്ട്. ഞങ്ങൾക്ക് അതിനു പിറകിലുള്ള രഹസ്യം പറഞ്ഞു തരിക. ഞങ്ങളെ ഉപദേശിക്കുക. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഒരൊറ്റ രഹസ്യതത്ത്വമേ ഉള്ളൂ. സ്വന്തം അറിവിനെയും ബുദ്ധിയേയും തുച്ഛമായി കാണുക. കണ്ണുമടച്ച് കാലത്തിന്റെ ഖലീഫയെ അനുസരിക്കുക. അനുസരണത്തിന്റെ നിലവാരം എന്തായിരിക്കണമെന്നാൽ ഞാൻ അനുസരണത്തിന്റെ കടമ നിർവഹിക്കാൻ ശ്രമിച്ചെന്ന് സ്വന്തം ഹൃദയം സാക്ഷ്യം വഹിക്കണം.'

മിർസാ ജവാദ് സാഹിബ് എഴുതുന്നു: ചൗദ്ദരി സാഹിബ്, ഖലീഫത്തുൽ മസീഹ് ഥാലിഥുമായി ബന്ധപ്പെട്ട ഒരു വിവരണം കേൾപ്പിക്കാറുണ്ട്. ചൗദ്ദരി സാഹിബിനോട് ഖലീഫ ഥാലിഥ് പറഞ്ഞു: ഇന്ത്യാ-പാക് വിഭജനത്തിന് മുമ്പേ ജൽസയ്ക്ക് ഒരാഴ്ച ഡ്യൂട്ടി ഉണ്ടാകുമായിരുന്നു. ഡ്യൂട്ടിക്കാർക്ക് റിഫ്രഷ്മെന്റായി ഒരാഴ്ചയിൽ ഒരുതവണ മാത്രം ഒരു കപ്പ് ചായ കിട്ടുമായിരുന്നു. അങ്ങനെ ഒരു ഡ്യൂട്ടിക്കാരൻ തനിക്കു കിട്ടിയ ചായ കപ്പുമായി തന്റെ താമസസ്ഥലത്തേക്കു വളരെ സന്തോഷത്തോടെ വരികയായിരുന്നു. മറ്റുഭക്ഷണം മാത്രമെ ലങ്കർ ഖാനയിൽ ഉണ്ടാക്കുന്നത് ലഭിക്കുമായിരുന്നുള്ളു. അങ്ങനെ ആ ഡ്യൂട്ടിക്കാരൻ ആ ചായ കപ്പുമായി താമസസ്ഥലത്ത് വന്നു. അദ്ദേഹത്തോടൊപ്പം കിടക്കയിലുണ്ടായിരുന്ന അതിഥി, തനിക്കുവേണ്ടി ചായ കൊണ്ടുവന്നതാണെന്ന് കരുതി. അതുകൊണ്ട് അദ്ദേഹത്തോട് താങ്കൾ എനിക്കുവേണ്ടി ചായ കൊണ്ടുവന്നതാണോ എന്ന് അതിഥി ചോദിച്ചു. അപ്പോൾ ഡ്യൂട്ടിക്കാരൻ മറുത്തൊന്നും പറയാതെയും പ്രകടിപ്പിക്കാതെയും അതിഥിക്ക് ആ ചായക്കപ്പ് കൊടുത്തു. ചൗദ്ദരി സാഹിബ് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ഈ സംഭവം വിവരിച്ചു കൊണ്ട് ഡ്യൂട്ടി ചെയ്യുന്നവരുടെ ഉദാരമനസ്കത എടുത്തു പറയുകയായിരുന്നു. ഡ്യൂട്ടിക്കാർ ഏതവസ്ഥയിലും ത്യാഗങ്ങൾ ചെയ്തുകൊണ്ട് അതിഥികളെ ശ്രദ്ധിച്ചിരുന്നു. ചൗദ്ദരി സാഹിബ് പറയുന്നു: നോക്കൂ! അന്നത്തെ കാലത്ത് ഒരാഴ്ച മുഴുവൻ ഡ്യൂട്ടി ചെയ്താൽ റിഫ്രഷ്മെന്റായി ഒരു കപ്പ് ചായയാണ് ലഭിച്ചിരുന്നത്. അതും ഡ്യൂട്ടിക്കിടയിൽ ത്യാഗം ചെയ്യേണ്ടിവന്നിരുന്നു. എന്നാൽ, ഇന്നത്തെ കാലത്ത് അല്ലാഹു ജമാഅത്തിനെ സാമ്പത്തികമായി ഒരുപാട് അനുഗ്രഹിച്ചിരിക്കുന്നു. ചെറിയ മീറ്റിംഗുകൾക്കു പോലും ചായസൽക്കാരം സർവസാധാരണമായി മാറിയിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കേണ്ടതുണ്ട്. എപ്പോഴും ജമാഅത്തിന്റെ ധനത്തെ സൂക്ഷ്മതയോടെ അമിത ചെലവുകൾ ഒഴിവാക്കി ചെലവഴിക്കേണ്ടതുണ്ട്.

ഒരുപാട് കാര്യങ്ങളുണ്ട്. അവയിൽ ചിലത് ഞാൻ പറഞ്ഞെന്നു മാത്രം. ഒരുപാട് നീണ്ടു പോകും അതുകൊണ്ട് ഞാനിവിടെ നിറുത്തുകയാണ്. വിവരിച്ച കാര്യങ്ങളും അദ്ദേഹത്തെക്കുറിച്ചുള്ള സവിശേഷതകളും അതിശയോക്തി കൂടാതെയാ ണ് പറഞ്ഞിട്ടുള്ളത്. ഒരുപാട് കാര്യങ്ങൾ ആളു കൾ എഴുതിയറിയിച്ചിട്ടുണ്ട്. എത്രയധികമാണെന്നാൽ ചിലതൊക്കെ എനിക്കിവിടെ ഉദ്ധരിക്കാനോ പൂർണമായും വായിക്കാനോ പറ്റിയിട്ടില്ല. അദ്ദേഹം അസാധാരണമായ കഴിവുകളുള്ള വ്യക്തിയായിരുന്നു. ദർവേശിന്റെ ഗുണമുള്ള വ്യക്തിയായിരുന്നു. കഠിനാധ്വാനിയായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാനും ജോലി ചെയ്തിട്ടുണ്ട്. വളരെ സൗമ്യതയോടെ കാര്യങ്ങൾ പഠിപ്പിച്ചു തരുമായിരുന്നു. ഞാൻ നാളിർ അഅ്ലാ ആയപ്പോഴും പ്രാദേശിക അമീറായപ്പോഴും അദ്ദേഹം വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. അനുസരണം പ്രകടിപ്പിച്ചിരുന്ന കാലമായിരുന്നു അത്. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ വിശ്വസ്തത പ്രകടിപ്പിച്ചു. ഒരു അഹ്മദി, ഒരു ജമാഅത്തിന്റെ സേവകൻ, ബയ്അത്തിന്റെ കടമകൾ നിറവേറ്റുന്ന ഒരു വ്യക്തി എന്ന നിലകളിലൊക്കെ അദ്ദേഹം തന്റെ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റുകയുണ്ടായി. കാലത്തിന്റെ ഖലീഫയുടെ എല്ലാ ആഹ്വാനങ്ങളും കൽപ്പനകളും വളരെ ഗൗരവത്തോടെ നോക്കിക്കണ്ടു. വാക്കുകളുടെ അടിസ്ഥാനത്തിലല്ല, അക്ഷരങ്ങളുടെ പോലും അടിസ്ഥാനത്തിൽ അവയനുസരിച്ച് പ്രവർത്തിച്ചു. ഒരു കാര്യത്തെയും സ്വന്തമായി അതിങ്ങനെയായിരിക്കും അങ്ങനെയാകാം എന്ന് സ്വയം വ്യാഖ്യാനിച്ചില്ല.

ജാമിയ ജൂനിയർ സെക്ഷൻ വേറെതന്നെ ഒരു കെട്ടിടമായിരുന്നു. ഒരു സമയത്ത് ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ഞാൻ കരുതുന്നത് അത് അധികച്ചലവാണെന്നാണ്. അതിന്റെ ആവശ്യമില്ല. ജാമിയ സീനിയർ സെക്ഷനുമായി അതിനെ ലയിപ്പിക്കുക. ആ സമയത്ത് അതേക്കുറിച്ച് അദ്ദേഹത്തിനും മറ്റു ചില തലമുതിർന്നവർക്കും റിസർവേഷനുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടത് അങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെന്നായിരുന്നു. എന്നാൽ, പിന്നീട് ഞാൻ അങ്ങനെ തന്നെ തീരുമാനിച്ചപ്പോൾ മറുത്തൊന്നും ചോദിക്കാതെ ഉടനടി അതു നടപ്പാക്കി. കുറച്ചു ദിവസമെടുക്കും അതിനെന്നായിരുന്നു ഞാൻ കരുതിയിരുന്നത്. എന്നാൽ, ഇരുപത്തിനാലു മണിക്കൂറിനകം അത് നടപ്പിൽ വരുത്തിക്കൊണ്ട് അക്കാര്യം നടന്നെന്ന് എനിക്ക് അദ്ദേഹം റിപ്പോർട്ട് ചെയ്തു.

അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഖിലാഫത്തിന് അദ്ദേഹത്തെപ്പോലുള്ള ശക്തരായ സഹായികളെ ലഭിച്ചുകൊണ്ടിരിക്കുമാറാകട്ടെ. നിലവിലെ അവസ്ഥകൾ മാറാൻ വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു പാക്കിസ്താനിലെ സ്ഥിതിഗതികൾ പെട്ടെന്നുതന്നെ മാറ്റുമാറാകട്ടെ. അവിടെ അഹ്മദികൾക്ക് സ്വാതന്ത്രമായി ജീവിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

മറ്റൊരു സുപ്രധാന കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ലോകത്ത് കൊറോണ വ്യാധി വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അഹ്മദികളും സൂക്ഷ്മത പാലിക്കേണ്ടവിധം പാലിക്കുന്നില്ല. യുകെയിലുമില്ല, അമേരിക്കയിലുമില്ല, പാകിസ്താനിലുമില്ല മറ്റു രാജ്യങ്ങളിലുമില്ല. പൂർണമായും ജാഗ്രത പാലിക്കേണ്ടതാണ്. മാസ്കും മറ്റും ഉപയോഗിക്കണം. മാസ്ക് ധരിച്ചാലും മൂക്ക് പുറത്താണ്. എന്നാൽ, മൂക്കും മറഞ്ഞിരിക്കേണ്ടതാണ്. കഴുത്തിൽ മാസ്ക്കിടുന്നു. അങ്ങനെ മാസ്ക് ധരിക്കുന്നതിൽ എന്ത് ഗുണമുണ്ടാകാനാണ്. അടുത്ത ഇടപഴകുന്നുണ്ട്. സാമൂഹിക അകലം പാലിക്കുന്നില്ല. അതുപോലെ സർക്കാറും ഭരണകൂടങ്ങളും പറയുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നില്ല. അതിനാൽ നമ്മൾ ഇതെല്ലാം അനുസരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഇത് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നതാണ്. ഇക്കാലത്ത് യാത്രകൾ പരമാവധി കുറയ്ക്കാൻ ശ്രമിക്കേണ്ടതാണ്. അനാവശ്യമായ യാത്രകൾ ഒഴിവാക്കണം. യൂറോപ്പിൽനിന്ന് പാക്കിസ്താനിലേക്ക് പോകുന്നവരും ജാഗ്രത പാലിക്കേണ്ടതാണ്. ഇപ്പോൾ യാത്രകൾ ചെയ്യാതിരിക്കുന്നതാണ് നല്ലത്. അല്ലാഹു എത്രയും പെട്ടെന്ന് ഈ മഹാമാരി ഇല്ലാതാക്കട്ടെ. അഹ്മദികളായ രോഗികൾക്കും അഹ്മദികളല്ലാത്ത രോഗികൾക്കും അല്ലാഹു പൂർണമായും രോഗശാന്തി നല്കുമാറാകട്ടെ. നമസ്കാരശേഷം ഇൻശാ അല്ലാഹ് ചൗദ്ദരി സാഹിബിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.(വിവർത്തകർ: എച്ച് ശംസുദ്ദീൻ കാവശ്ശേരി, പി. കെ. അംനാസ് കടലായ്. ടൈപ്പ്സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 1ൽനിന്ന്)

ന്നില്ല. അല്ലാഹു പറഞ്ഞതും അല്ലാഹുവിന്റെ റസൂൽ പറഞ്ഞതും കേൾക്കാൻ അവസരവുമുണ്ടാകുന്നില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ചിന്തിക്കാൻ അവർക്ക് വിചാരംപോലും വരുന്നില്ല. അത്തരം സ്ഥിതിയിൽ അന്ധകാരത്തിന്റെ ഒരു കാലഘട്ടം കഴിഞ്ഞാൽ ഈ ചിന്താഗതികൾ വേരുറച്ച് രണ്ടാമത്തെ സ്വഭാവത്തിന്റെ വർണം പിടിക്കുന്നു. അതുകൊണ്ട് ഈ നേരത്ത് മനുഷ്യൻ പശ്ചാത്താപത്തിലേക്കും പാപപൊറുതി തേടുന്നതിലേക്കും ശ്രദ്ധിക്കുന്നില്ലെങ്കിൽ വലിയ നിർഭാഗ്യനാണെന്ന് മനസ്സിലാക്കിക്കൊള്ളുക. അശ്രദ്ധയുടേയും മടിയുടേയും ഉത്തമമായ ചികിത്സ ഇസ്തിഗ്ഫാർ അഥവാ പാപപൊറുതി തേടലാണ്. മുമ്പേയുള്ള അശ്രദ്ധകളും മടികളും കാരണത്താൽ എന്തെങ്കിലും പരീക്ഷണംതന്നെ വന്നാലും രാത്രികളിലെഴുന്നേറ്റെഴുന്നേറ്റ് സുജൂദുകളും ദുആകളും ചെയ്യുക. ദൈവസന്നിധിയിൽ സത്യവും പരിശുദ്ധവുമായൊരു മാറ്റമുണ്ടാക്കുമെന്ന് വാഗ്ദാനവും ചെയ്യുക.'(മൽഫൂദാത്ത് വാള്യം 1, പേജ് 273-274, ഖാദിയാൻ 2018)

## അമീറുൽ മുഅ്മിനീന്റെ ഉപദേശം

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**
**(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

## അമീറുൽ മുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ് വയിൽ നിലകൊള്ളുന്നവർ.'**
**(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

# ഖുത്ബ ജുമുഅ

**‘ലൗകികവും ആത്മീയവുമായ വിദ്യകളാൽ നിറയ്ക്കപ്പെടും.’**

മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനത്തിന്റെ ഒരു വശമായ **‘ലൗകികവും ആത്മീയവുമായ വിദ്യകളാൽ നിറയ്ക്കപ്പെടും’** എന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സ്വന്തം എഴുത്തുകളും പ്രസംഗങ്ങളും മറ്റും ഉദ്ധരിച്ച് ഹ്രസ്വ വിവരണം.

‘പ്രതിഭാധനനായ പിതാവിന്റെ പ്രതിഭാശാലിയായ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ശ്രേഷ്ഠ നാമം തന്നെ ഈ പ്രഭാഷണം അങ്ങേയറ്റം പണ്ഡിതോചിതമായിരിക്കുമെന്ന് ഉറപ്പുനൽകുന്നുണ്ട്. എനിക്കും ഈ ചരിത്രങ്ങളെക്കുറിച്ച് അവഗാഹമുണ്ട്. മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും വളരെ കുറച്ചു പണ്ഡിതന്മാർക്ക് മാത്രമേ ഹദ്റത്ത് ഉഥ്മാന്റെ കാലത്തുള്ള ഭിന്നിപ്പിന്റെ ആഴത്തിൽ ചെന്നെത്താനും ആ വിനാശകാരിയായ ആദ്യത്തെ ആഭ്യന്തര യുദ്ധത്തിന്റെ യഥാർഥ കാര്യകാരണങ്ങൾ മനസ്സിലാക്കുന്നതിൽ വിജയിക്കാനും സാധിച്ചിട്ടുള്ളൂ എന്ന് എനിക്ക് സധൈര്യം വാദിക്കാനാകും. ഹദ്റത്ത് മിർസാ സാഹിബിന് ആഭ്യന്തര കലാപത്തിന്റെ മൂലകാരണങ്ങൾ മനസ്സിലാക്കുന്നതിൽ വിജയം ലഭിച്ചെന്നു മാത്രമല്ല, ഖിലാഫത്തിന്റെ സൗധം തുടർച്ചയായി പ്രകമ്പനം കൊണ്ടതിനു വഴിതെളിച്ച സംഭവങ്ങൾ വളരെ സ്പഷ്ടമായും ക്രമാനുസൃതമായും വിവരിക്കാനുമായി. ഞാൻ കരുതുന്നത് ഇസ്‌ലാമിക ചരിത്രത്തിൽ താൽപരരായവരുടെ മുന്നിൽ ഇത്തരം വാദസമ്പുഷ്ടമായ ഒരു പ്രബന്ധം ഇതിനുമുമ്പേ വന്നിട്ടുണ്ടായിരിക്കില്ലെന്നാണ്.
(അവലോകനം, പ്രൊഫസർ അബ്ദുൽ ഖാദിർ സാഹിബ് എം.എ)

---

ഈ ഉപഹാരത്തിൽ പ്രതിഭാശാലിയായ ഗ്രന്ഥകർത്താവ് നബി(സ)തിരുമേനിയുടെ തിരുസുന്നത്തിനെയും പൂർണ്ണമായും പാലിച്ചിരിക്കുന്നു. ബ്രിട്ടന്റെ സിംഹാസനാവകാശിക്ക് ഇസ്‌ലാമിക സന്ദേശം വളരെ സ്വതന്ത്രവും നിർഭയവുമായി എത്തിച്ചിരിക്കുകയാണ്.(അവലോകനം സുൽഫിഖാർ പത്രം)

---

വളരെയധികം യോഗ്യതയോടും ജ്ഞാനത്തോടും ഇതിലെ വാദമുഖങ്ങൾ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നെന്നു സമ്മതിക്കേണ്ടിവരും. ഇതിന്റെ ആത്യന്തികമായ ലക്ഷ്യം പ്രബോധനത്തിന്റെ പ്രയത്നമാണെന്നത് വസ്തുതയാണെങ്കിലും പ്രിൻസ് ഓഫ് വേൽസ് അഹ്മദി ആയാലും ഇല്ലെങ്കിലും ഈ പുസ്തകത്തിന്റെ വിലയ്ക്കും നിലയ്ക്കും അതുപോലെ മതങ്ങൾ പ്രത്യേകിച്ച് ഇന്ത്യയിലേയും ബ്രിട്ടണിലേയും അനേകം മതങ്ങളിൽ താൽപര്യം വയ്ക്കുന്നവരുടെ ആനന്ദാനുഭൂതിയിലും ഒരു കുറവും വരില്ലെന്നത് നിസ്സംശയമാണ്.(അവലോകനം സിവിൽ ആൻഡ് മിലിറ്ററി ഗസറ്റ് പത്രം)

---

ഞാൻ ഈ പ്രബന്ധം കേൾക്കാനായി ഫ്രാൻസിൽ നിന്നുമാണ് വന്നിട്ടുള്ളത്. ഞാൻ ക്രിസ്തുമതത്തിനുമേൽ ഇസ്‌ലാമിന് മുൻഗണന നല്കിയിരുന്നു. എന്നാൽ, ഇസ്‌ലാമിനു മേൽ ബുദ്ധമതത്തിനും മുൻഗണന നല്കിയിരുന്നു. ഞാൻ താങ്കളുടെ പ്രബന്ധം കേട്ടു. ബുദ്ധമതത്തിന്റേയും കേട്ടു. ഞാൻ ഇസ്‌ലാമാണ് യഥാർഥത്തിൽ എല്ലാറ്റിലും ശ്രേഷ്ഠമതമെന്നു ഏറ്റു പറയുകയാണ്. എത്ര ഭംഗിയോടെയും നല്ല നിലയിലുമാണ് താങ്കൾ ഇസ്‌ലാമിനെ അവതരിപ്പിച്ചിട്ടുള്ളത്. മറ്റൊരു മതത്തിനും ഇതുമായി കിടപിടിക്കാനാകില്ല. എന്റെ ഹൃദയത്തിൽ ഇപ്പോൾ ഇതിന്റെ വലുതായ സ്വാധീനമുണ്ട്.(വേംബലെ കോൺഫ്രൻസിൽ പങ്കെടുത്ത ഒരു സഞ്ചാരിയുടെ അഭിപ്രായം)

---

പാകിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടുത്തുകാർക്കും ശാന്തി സമാധാനത്തോടെ ജീവിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ശത്രുക്കളുടെ ആക്രമണങ്ങളെയും കുതന്ത്രങ്ങളെയും തന്റെ അനുഗ്രഹാശിസ്സുകളാൽ ഉന്മൂലനം ചെയ്യുമാറാകട്ടെ.

**ഖുത്ബ ജുമുഅ 2021 ഫെബ്രുവരി 19/1399 തബ്‌ലീഗ് 19**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഫെബ്രുവരി 20 ജമാഅത്തിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തെ അനുസ്മരിക്കപ്പെടുന്ന ദിവസമാണ്. അതുമായി ബന്ധപ്പെട്ട് ഞാൻ ഇന്ന് ചിലത് പറയുന്നതാണ്. നാളെ ഫെബ്രുവരി 20 ആണ്. ഇത് സുദീർഘമായ പ്രവചനമാണ്. ഇതിൽ വിവിധ സവിശേഷതകൾ വിവരിക്കപ്പെട്ടിട്ടുണ്ട്. അവ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദത്തപുത്രനെ കുറിച്ചാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു പറഞ്ഞു കൊടുത്തതാണിത്. ഞാൻ അവയിൽ നിന്ന് ‘അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും’ എന്ന വശത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ലേഖനങ്ങളും പ്രഭാഷണങ്ങളും ഉദ്ധരിച്ചുകൊണ്ട് അല്പം വിവരിക്കുന്നതാണ്. ഇതു മുഖേന ഈ പ്രവചനത്തിന്റെ മറ്റൊരു ഭാഗമായ ‘അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനുമായിരിക്കും’ എന്നതിന്റെ പ്രകടനവും ഉണ്ടാകുന്നതാണ്.(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5 പേജ് 647)

ഭൗതിക വിദ്യഭ്യാസത്തിന്റെ കുറവുണ്ടായിട്ടും ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങൾ അദ്ദേഹത്തിന് നല്കപ്പെട്ടു. അടിസ്ഥാനപരമായി പ്രൈമറി വിദ്യഭ്യാസം മാത്രമേ അദ്ദേഹത്തിന് ലഭിച്ചിരുന്നുള്ളൂ. വിവിധ സന്ദർഭങ്ങളിൽ അദ്ദേഹം ഈ ജ്ഞാനങ്ങൾ സമർപ്പിച്ചു. അവ വളരെ അധികമാണ്. ഈ ഖുത്ബയിൽ അതെല്ലാം പരാമർശിക്കാനോ പരിചയപ്പെടുത്താൻ പോലുമോ സാധിക്കില്ല. പരിചയപ്പെടുത്തുന്നതിനുതന്നെ ഒരു ഖുത്ബ പരമ്പരയുടെ ആവശ്യമുണ്ട്. എല്ലാം വിവരിക്കുക സാധ്യമല്ലെങ്കിലും ലഘുപരിചയപ്പെടുത്തലിനും ഒരു എത്തിനോട്ടത്തിനുമായി അദ്ദേഹത്തിന്റെ ലേഖനങ്ങൾ, പ്രസംഗങ്ങൾ എന്നിവയിൽ ചിലതിന്റെ അവലോകനവും ലഘു പരിചയവും നടത്താമെന്നാണ് ഞാൻ കരുതുന്നത്. അതുപോലെ ആ ഉപന്യാസങ്ങളുടെ സാരാംശങ്ങൾ ഹ്രസ്വമായി വിവരിക്കാനാണ് ഉദ്ദേശ്യം. അദ്ദേഹത്തിന്റെ ജ്ഞാനവിജ്ഞാനങ്ങളുടെ ഒരു ക്ഷണപ്രഭ അവതരിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഈ ഉപന്യാസങ്ങൾ, പ്രസംഗങ്ങൾ, എഴുത്തുകൾ അല്ലാഹുവിന്റെ തൗഹീദ്, മലക്കുകളുടെ യാഥാർഥ്യം, പ്രവാചകന്മാരുടെ സ്ഥാനമാഹാത്മ്യങ്ങൾ, ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ(സ)യുടെ സ്ഥാനമാഹാത്മ്യങ്ങൾ, ഇതര ആത്മീയ വിഷയങ്ങൾ അതുപോലെ മുസ്‌ലിമീങ്ങൾക്ക് ധാർമികവും രാഷ്ട്രീയവുമായ മാർഗനിർദ്ദേശം, ഇസ്‌ലാമിന്റെ സമ്പദ് വ്യവസ്ഥ, ഇസ്‌ലാമിക ചരിത്രം, അന്നുണ്ടായിരുന്ന ചില പ്രശ്നങ്ങൾ, ആ കാലഘട്ടത്തിൽ ഉടലെടുത്തിരുന്ന വിഷയങ്ങൾ– അവയിൽ ചിലത് ഇന്നും അതേപോലെ നിലനിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അവയെ സംബന്ധിച്ച ചിന്തകളും അന്നത്തെ ചിന്താഗതികളും വായിച്ചാൽ ഇന്ന് അവയ്ക്കുള്ള പ്രശ്നപരിഹാരം ഉരുത്തിരിയുന്നതാണ്–അതേപോലെ അനേകം വിഷയങ്ങൾ അടങ്ങിയതാണ് അദ്ദേഹത്തിന്റെ രചനകളും പ്രഭാഷണങ്ങളും. ഞാൻ പറഞ്ഞതുപോലെ ഇവയുടെയെല്ലാം ലഘുപരിചയപ്പെടുത്തൽപോലും ഇവിടെ സാധ്യമല്ല. അതുകൊണ്ട് ചിലതിനെ മാത്രം ഇവിടെ പരിചയപ്പെടുത്തുന്നതാണ്. അദ്ദേഹം യുവത്വത്തിലേക്ക് ചുവടെടുത്തു വച്ച സമയത്തുള്ളതാണ് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. 16, 17 വയസ്സുപ്രായമുള്ള യുവാവ്, അദ്ദേഹത്തിന് വ്യവസ്ഥാപിതമായ നിലയിലുള്ള ഭൗതിക വിദ്യഭ്യാസമോ, ദീനി വിദ്യാഭ്യാസമോ ലഭിച്ചിട്ടില്ല. അദ്ദേഹം വിവരിക്കുന്ന പ്രൗഢമായ ആശയങ്ങൾ കണ്ടാൽ അത്ഭുതപ്പെട്ടു പോകും. തൗഹീദ് വിഷയത്തിൽ 17 വയസ്സിൽ അദ്ദേഹം വാർഷിക ജൽസയിൽ പ്രഭാഷണം നടത്തിയപ്പോൾ അതിനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വരെ പ്രശംസിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: ‘തികച്ചും പുത്തൻ ആശയങ്ങളാണ് വിവരിച്ചിരിക്കുന്നത്.(താരീഖെ അഹ്മദിയ്യത്ത് വാല്യം 4, പേജ് 40)

അദ്ദേഹത്തിന്റെ 16, 17, 18 വയസ്സു മുതൽ 34 വയസ്സുവരെയുള്ള യുവത്വഘട്ടത്തിലുണ്ടായിരുന്ന ജ്ഞാന വിജ്ഞാന കലവറയുടെ മിന്നലാട്ടം ഞാനിവിടെ കാണിക്കുന്നതാണ്. ഈ കാലയള വിൽ

അദ്ദേഹം പ്രദർശിപ്പിച്ച ജ്ഞാനത്തിന്റെ അമ്പതിലൊരു ഭാഗം പോലും പരിചയപ്പെടുത്താൻ ഇവിടെ എനിക്കാവില്ല. അതിലും കുറഞ്ഞ നിലയിലെ സാധിക്കുകയുള്ളൂ. അതിനുശേഷവും അദ്ദേഹത്തിന് നീണ്ട ജീവിതകാലം ലഭിച്ചു. അല്ലാഹുവിൽനിന്ന് ജ്ഞാനം സിദ്ധിച്ച് ജ്ഞാനവിജ്ഞാനീയങ്ങളുടെ മുത്തുകൾ അദ്ദേഹം വിതറിക്കൊണ്ടുപോയി.

1907 മാർച്ചിൽ വെറും 18–ാമത്തെ വയസ്സിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുഹബ്ബത്തെ ഇലാഹി (ദൈവാനുരാഗം) എന്ന മഹത്തായ വിഷയത്തിൽ ഒരു ലേഖനമെഴുതി. പിന്നീടത് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായി. ആ ലേഖനത്തിൽനിന്ന് അല്ലാഹു അദ്ദേഹത്തെ തുടക്കം മുതൽക്കേ ചെറുപ്രായത്തിൽത്തന്നെ ബാഹ്യവും ആന്തരികവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കാൻ തുടങ്ങിയിരുന്നുവെന്ന് മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു: 'അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതുതന്നെ സ്നേഹിക്കാൻ വേണ്ടിയാണ്. അവനെ ജനിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾത്തന്നെ അവൻ ദൈവസ്നേഹത്താൽ കവിഞ്ഞൊഴുകുക, അനശ്വരമായജീവിതം പ്രദാനം ചെയ്യുന്ന സമുദ്രത്തിൽ സദാ മുങ്ങിത്തപ്പുക എന്നിവയാണ്. അനശ്വരമായ ജീവിതം ഏതാണ്? അത് പരലോകത്തിലേതാണ്. അനുരാഗത്തിന്റെ ഫലമായി മാത്രമാണ് ഒരാൾ പാപത്തിൽനിന്ന് രക്ഷപ്പെടുക. തന്റെ പദവികളിൽ പുരോഗമിക്കുക. അനുരക്തി തന്നെയാണ് ദൈവത്തെ തിരിച്ചറിയാൻ ഹേതുവാകുക. അനുരാഗമില്ലാതെ മനുഷ്യന് ദൈവത്തിന്റെ യാഥാർഥ്യം ഗ്രഹിക്കാനോ ജ്ഞാനം കരസ്ഥമാക്കാനോ കഴിയില്ല. അദ്ദേഹം പറഞ്ഞു: അതുകൊണ്ട് പാപമുക്തിക്കായും പദവി ഉയരുന്നതിനായും നമ്മൾ ദൈവവുമായുള്ള ബന്ധം വർധിപ്പിക്കേണ്ടതാണ്. നമ്മൾ ദൈവത്തിന് സമീപസ്ഥരാകുകയും ലോകം പ്രകാശം നേടുന്ന സൂര്യനായി നമ്മൾ മാറുന്ന വിധത്തിൽ നമ്മുടെ ഹൃദയത്തിൽ ആത്മാർഥതയും അനുരാഗവും ഉണ്ടാകേണ്ടതാണ്. അതിനുശേഷം അദ്ദേഹം വിവിധ മതങ്ങളെ കുറിച്ചു പരാമർശിച്ചുകൊണ്ട് പറഞ്ഞു: ദൈവം ഒന്നേയുള്ളുവെങ്കിലും അവനെക്കുറിച്ച് എല്ലാ മതങ്ങൾക്കും വ്യത്യസ്ത കാഴ്ചപ്പാടുകളാണുള്ളത്. ഇതിന്റെ തുടർച്ചയിൽ അദ്ദേഹം ജൂതരുടെയും ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും ആര്യന്മാരുടെയും ദൈവത്തെക്കുറിച്ചുള്ള അധ്യാപനങ്ങൾ സമർപ്പിച്ചുകൊണ്ട് അത്തരം അധ്യാപനങ്ങളും ഗുണവിശേഷങ്ങളുമുള്ള ദൈവം മനുഷ്യന്റെ ആരാധനക്കർഹനല്ല എന്നു സമർഥിച്ചു. ഇസ്‌ലാമിന്റെ ദൈവത്തിൽ മാത്രമാണ് എല്ലാവിധത്തിലുള്ള ഗുണങ്ങളുടെയും സൗന്ദര്യങ്ങളുടെയും സമ്മിളിത ഭാവമുള്ളത്. മനുഷ്യൻ അവനെ മാത്രം സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതാണ്. അതിന് അർഹനാണവൻ. ഞാൻ പറഞ്ഞതുപോലെ എല്ലാവർക്കുമുള്ളത് ഒരു ദൈവം തന്നെയാണെന്നത് സ്പഷ്ടമായ സംഗതിയാണ്. എങ്കിലും ഇതര മതങ്ങളുടെ ദൈവത്തെ കുറിച്ചുള്ള കാഴ്ചപ്പാടിനെ ഇസ്‌ലാമിക വീക്ഷണവുമായി താരതമ്യം ചെയ്യുമ്പോൾ ഇസ്‌ലാമിന്റേതു തന്നെയാണ് ശരിയായ വീക്ഷണം എന്നു മനസ്സിലാക്കാം. അതിലൂടെ മാത്രമേ ജനങ്ങളുടെ മനസ്സുകളിൽ ദൈവസ്നേഹം അങ്കുരിക്കുകയുള്ളൂ. അദ്ദേഹം അല്ലാഹുവിന്റെ സിഫത്തുകൾ പ്രതിപാദിച്ചു കൊണ്ടു മറ്റൊരു മതത്തിലും ദൈവത്തിന് ഇത്രമാത്രം സവിശേഷ ഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടില്ലെന്നും ഇസ്‌ലാം പരിചയപ്പെടുത്തുന്ന സിഫത്തുകളുടെ സൗന്ദര്യങ്ങളിലും മികവുകളിലും മറ്റൊരു മതത്തിനും സമാനതകളില്ലെന്നും സ്ഥാപിക്കുകയുണ്ടായി. അവസാനഭാഗത്ത് ഇസ്‌ലാമിന്റെ ജീവൽ ദൈവത്തിന്റെ തെളിവ് സമർപ്പിച്ചു. ഇസ്‌ലാമിന്റെ ദൈവം മാത്രമാണ് മുമ്പത്തെ പോലെ ഇന്നും മനുഷ്യന് വെളിപാടും ദിവ്യബോധനവും മുഖേന വഴികാട്ടുന്നതെന്നും ജീവൽദൈവത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണിതൊന്നും പ്രതിപാദിച്ചു.' തുടർന്നെഴുതുന്നു: ഞാൻ ഈ വിഷയത്തിന്റെ ഉപസംഹാരത്തിലെത്തിയിരിക്കുന്നു. അന്യ മതങ്ങളുടെ ദൈവത്തിന് സ്നേഹിക്കപ്പെടാൻ അർഹതയില്ല. അവരുടെ അധ്യാപനങ്ങൾ വികലമാണ്. അവ മനുഷ്യന് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനാകില്ല. തുടർന്നെഴുതുന്നു: 'ഇസ്‌ലാമിക അധ്യാപനം മനുഷ്യപ്രകൃതത്തിന് അനുഗുണമാണ്. ദൈവം സർവശക്തനാണ്. എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധനാണ്. ഇസ്‌ലാം ഏറ്റവും വലിയ സവിശേഷതയായി പറഞ്ഞതിതാണ്. അവനെ സ്നേഹിക്കുന്നവന് ഉടനടി മറുപടി ലഭിക്കുന്നതല്ല. മറിച്ച് അല്ലാഹു അവനെപരീക്ഷിച്ച ശേഷമാണ് അവനോട് സംവദിക്കുന്നത്. ഇക്കാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അല്ലാഹു സ്പഷ്ടമായി മറുപടി നൽകുന്നതല്ല. ഒരു പരീക്ഷ അവനിൽനിന്ന് നേരിടേണ്ടി വരുന്നതാണ്. അതിനുശേഷമാണ് അവൻ സംഭാഷണത്തിൽ ഏർപ്പെടുക. ദൈവാനുരാഗികളുടെ ഹൃദയത്തിൽ എല്ലാറ്റിനെയും ജ്വലിപ്പിക്കുന്ന ഒരു ചൂടുണ്ടാകും. അതിനെ അവൻ സമാശ്വാസ വചനങ്ങളാൽ തണുപ്പിക്കുന്നതാണ്. ഉത്തരം കിട്ടാത്ത കാരണത്താൽ ഉദ്ഭവിക്കുന്ന എരിച്ചിലും നീറ്റലും അങ്ങനെ ഇല്ലായ്മ ചെയ്യപ്പെടുന്നു. അങ്ങനെ അനുരാഗം കൂടുതൽ തിളക്കമുറ്റതാകുന്നു. അവന്റെ ഹൃദയത്തിൽ താൻ ദൈവവുമായി കൂടുതൽ സമീപസ്ഥനാകണമെന്ന ഒരുത്സാഹം ഉടലെടുക്കുന്നു. അങ്ങനെ അതിൽ മുന്നേറിക്കൊണ്ട് അവൻ എത്രത്തോളം ദൈവസാമീപ്യം നേടുന്നുവെന്നാൽ അല്ലാഹു അവനെ കുറിച്ച് പറയും, **അൻത മിന്നീ വ അന മിൻക്കാ** അതായത് നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നുമാകുന്നു. അതിന്റെ അർഥമിതാണ്, നീ നിമിത്തമാണ് എന്റെ നാമം ലോകത്ത് പ്രകടമാകുന്നത്. നിന്റെ അന്തസ്സ് ഞാൻ നിമിത്തവുമാണ്. യഥാർഥത്തിൽ ദൈവനാമത്തിന്റെ പ്രൗഢി ലോകത്ത് പ്രകടമാകുന്നതും അവന്റെ സ്നേഹത്തിന്റെ നദിയിൽ മുങ്ങിയവരായ ഇക്കൂട്ടർ കാരണത്താൽതന്നെയാണ്. അവർദൈവത്തെസ്നേഹിക്കുന്നു എന്ന ഒറ്റക്കാരണത്താലാണ് അവർക്ക് അന്തസ്സുണ്ടാക്കുന്നതും.' അദ്ദേഹം എഴുതുന്നു: 'ഞാൻ ദൈവാനുരാഗം എന്ന പദത്തെ കുറിച്ച് ചിന്തിക്കുന്നതനുസരിച്ച് എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക അനുഭൂതിയും നിർവൃതിയുമുണ്ടാകുന്നു. ഇസ്‌ലാം എത്ര സുന്ദരമതമാണ്. അത് നമുക്ക് കാട്ടി തന്ന അനുഗ്രഹത്താൽ നമ്മുടെ ഹൃദയം പ്രശോഭിതവും മസ്തിഷ്കം പ്രദീപ്തവുമാകുന്നു. നമ്മുടെ വ്രണിത ഹൃദയത്തിന് ശമനലേപനമാണ് ഇസ്‌ലാമികാധ്യാപനം. ഇസ്‌ലാമില്ലായിരുന്നെങ്കിൽ അല്ലാഹുവാണ! സത്യാന്വേഷി ജീവച്ഛവമായേനെ. സ്നേഹാഭിമുഖ്യമുള്ളവരുടെ നടുവൊടിഞ്ഞേനെ. സ്നേഹമെന്നത് ഒരസാധ്യ സംഗതിയാണെന്നു കരുതപ്പെട്ടേനേ. അതിനു വെറും ഒരു തോന്നലെന്നു പേരിട്ടേനെ. കാരണം ജനങ്ങൾ സ്നേഹിക്കാനായി ഒരു അസ്തിത്വത്തെയും കാണാതെ വരുമ്പോൾ സ്നേഹം എന്ന ഭാവത്തെ കുറിച്ച് സംശയിക്കാതെ മറ്റെന്താക്കാൻ? ഇസ്‌ലാം പോലൊരു മതമേകിക്കൊണ്ട് അല്ലാഹു ദുഃഖാർത്ത ഹൃദയത്തിന് ശാന്തി നല്കിയിരിക്കുന്നു. മുറിവേറ്റ നെഞ്ചകത്തിന് വച്ചുകെട്ടാനൊരു മരുന്ന് തന്നിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ താൻ ആരെയാണോ സ്നേഹിക്കുന്നത് അവൻ ഓരോ കണത്തേയും കാണുകയും ഹൃദയ കാര്യങ്ങളെ അറിയുകയും കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നവനും തന്നെ സ്നേഹിക്കുന്നവർക്ക് പ്രതിഫലം നല്കാൻ കെല്പുള്ളവനുമാണെന്ന് കാണുമ്പോൾ അപ്പോൾ അവൻ തന്റെ ഹൃദയത്തിൽ ഒരു സന്തോഷം കരസ്ഥമാക്കുകയും സവിശേഷമായ അനുഭൂതി നേടുകയും ചെയ്യുന്നു.അതായത് മനുഷ്യൻ ആനന്ദം നേടുകയും പ്രത്യേകാനുഭൂതി സ്വായത്തമാക്കുകയും ചെയ്യുന്നു.(തആരുഫെ കുതുബ്, അൻവാറുൽഉലൂം, വാള്യം 1, പേജ് 2–4)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)1908 ഡിസംബർ 28 ലെ ജൽസയിൽ ഒരു സാരഗർഭമായ പ്രഭാഷണം നിർവഹിച്ചു. ഹം കിസ് തരഹ് കാമിയാബ് ഹോസക്ത്തെ ഹൈ(നമ്മൾക്കെങ്ങനെ വിജയിക്കാനാകും) എന്നതായിരുന്നു വിഷയം. ഈ ചിന്താധാരകൾ ഒരു 19 വയസ്സുള്ള ഒരു യുവാവിന്റേതാണ്. ഹുദൂർ(റ) ഇന്നല്ലാഹശ്ത്തറ മിനൽ മുഅ്മിനീന അൻഫുസഹും വ അംവാലഹും ബിഅന്ന ലഹുമുൽ ജന്ന...മുതൽ വബശ്ശിരിൽ മുഅ്മിനീൻ വരെയുള്ള സൂറ: തൗബയിലെ 111, 112 ആയത്തുകൾ മുഴുവനായും പാരായണം ചെയ്തു. അതിനുശേഷം പറഞ്ഞു: 'തന്നെ എന്തിനാണ് ദൈവം സൃഷ്ടിച്ചതെന്ന് ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. എന്തായാലും മരിക്കുന്നതാണ്. എല്ലാവർക്കും മരണം അനിവാര്യമാണ്. അതുകൊണ്ട് മരണാനന്തരം എന്താണ് സംഭവിക്കുകയെന്ന് ആലോചിക്കേണ്ടതാണ്. മനുഷ്യൻ ഈ അല്പ ദിവസത്തെ ജീവിതത്തിനായി ഇത്രകണ്ട് പരിശ്രമിക്കുകയും പര്യാലോചനകൾ നടത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അനശ്വരമായ ജീവിതത്തിനായി അതൊന്നും വേണ്ടേ? അതായത് അനശ്വരമായ പരലോക ജീവിതത്തിന് അതിന്റെയൊന്നും ആവശ്യമില്ലേ? അതിനായി നമ്മൾ ഒരു തയ്യാറെടുപ്പും നടത്തേണ്ടതില്ലേ? വളരെ സുപ്രധാന ചോദ്യമാണിത്. ഇത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. മനുഷ്യൻ ഒരു ചെറിയ കച്ചവടം നടത്തുമ്പോൾപോലും വളരെയധികം ജാഗ്രത പുലർത്തുന്നുണ്ട്. ഫലപ്രദവും പ്രയോജനകരവുമായ വസ്തുക്കൾ മാത്രമേ എപ്പോഴും അവൻ വാങ്ങുകയുള്ളൂ.

എന്നാൽ, ലക്ഷങ്ങളല്ല, കോടികളല്ല അനശ്വരമായ ലാഭമുള്ള കച്ചവടം നടത്താത്തവന്റെ കാര്യം അഹോ കഷ്ടം!

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം പറയുന്നു: 'മനുഷ്യൻ തനിക്ക് ഉപയോഗിക്കാൻ വേണ്ടിയുള്ള ധനം സ്വരുക്കൂട്ടി വയ്ക്കേണ്ടതാണ്. അല്ലാതെ അവന്റെശേഷം അനന്തരാവകാശികൾക്ക് നശിപ്പിക്കാൻ വേണ്ടി സ്വരുക്കൂട്ടരുത്. ഈ ഭൗതിക സമ്പത്ത് അനന്തരാവകാശികൾ നശിപ്പിച്ചേക്കാം. എന്നാൽ, വിശുദ്ധ ഖുർആൻ വിവരിച്ച കച്ചവടം നടത്തിയാൽ ഒരുവന് അത് ഗുണം ചെയ്യുന്നതും അവനുശേഷം ആർക്കും അത് നശിപ്പിക്കാനാകാത്തതുമാണ്. മറിച്ച് മരണശേഷവും അത് അവന് ഗുണകരമാകുന്നതായിരിക്കും. അല്ലാഹു സ്വയം പറയുന്നു: 'അവൻ അത്തരം കച്ചവടക്കാരുടെ ഖജാൻജിയായി സ്വയം മാറുന്നതാണ്. അപ്പോൾ ആരുടെ ഖജാൻജി ദൈവം സ്വയംതന്നെയാകുന്നുവോ അയാൾക്ക് വേറെന്തുവേണം? അതുപോലെ ഇപ്രകാരം ദൈവവുമായി കച്ചവടം നടത്തുകയും അവന്റെ സൈന്യത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവരിൽ ധീരത ഉണ്ടായിരിക്കും. അവർ തങ്ങളുടെ ജീവിതങ്ങൾ വാക്കുകളാൽ അല്ല പ്രവൃത്തികളാൽ അല്ലാഹുവിന്റെ കീഴിലാക്കണം.' ഹുദൂർ ഇത്തരം കച്ചവടം ചെയ്യുന്നവരെ കുറിച്ച് പരാമർശിക്കുകയുണ്ടായി. ഉദാഹരണത്തിന് ഹദ്റത്ത് മൂസാ(അ)യുടേയും നബി(സ)തിരുമേനിയുടേയും വിജയങ്ങളെയും സഫലതകളെയും കുറിച്ച് പരാമർശിച്ചുകൊണ്ട് എപ്രകാരമാണ് അല്ലാഹു അവർക്ക് ശത്രുക്കൾക്കുമേൽ ആധിപത്യവും വിജയവും നല്കിയതെന്നും കച്ചവടത്തിന് നിബന്ധനകളെന്താണെന്നും പറഞ്ഞു. ഒന്നാമതായി എപ്പോഴും തന്റെ പാപങ്ങളെതൊട്ട് മനുഷ്യൻ ക്ഷമ ചോദിച്ചുകൊണ്ടിരിക്കുക. അങ്ങനെ മാപ്പപേക്ഷിച്ചുകൊണ്ട് അവന് തന്റെ ഹൃദയത്തിൽ പിടിച്ച തുരുമ്പ് കളയാനാകുന്നതാണ്. രണ്ടാമത്തെ കാര്യം, ദൈവവുമായുള്ള ബന്ധം സുദൃഢമാക്കുന്നതിനായി ആരാധനാ കൃത്യങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കുക. മൂന്നാമതായി ദൈവത്തെ സ്തുതിക്കാനും നന്ദി പ്രകടിപ്പിക്കാനും അവന്റെ ഔദാര്യങ്ങളെ സ്മരിക്കാനുമുള്ള സംവിധാനം ചെയ്യുക. നാല്, സൽകർമങ്ങൾ ഉപദേശിക്കുക. ദൈവ നിശ്ചിത പരിധികളെ സംരക്ഷിക്കുക. അല്ലാഹു നിശ്ചയിച്ച പരിധികളെ തൊട്ടു സൂക്ഷിക്കുക. ഈ കാര്യങ്ങൾ പാലിക്കുന്ന ആത്മാർഥനായ വിശ്വാസി

മാത്രമേ വിജയശ്രീലാളിതനായി ദൈവത്തിന്റെ സുവാർത്തക്ക് അർഹനാകുകയുള്ളൂ.(തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 1 പേജ് 6–7)

ഖിലാഫത്ത് പദവിയിൽ അവരോധിതനായി രണ്ടാം വർഷം നടന്ന 1916 ലെ ജൽസസാലാനയിൽ ദിക്റെ ഇലാഹി(ദൈവസ്മരണ) എന്ന വിഷയത്തിൽ അദ്ദേഹം ഒരു പ്രഭാഷണം നടത്തി. അതിൽ അദ്ദേഹം അങ്ങേയറ്റം പുതുമയോടും ഹൃദയഹാരിയായ നിലയിലും ദൈവസ്മരണയേയും അതുസംബന്ധമായ വശങ്ങളെയും കുറിച്ച് വിശദീകരിച്ചു. ദിക്റെ ഇലാഹി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും അതിന്റെ ആവശ്യകത, വകഭേദങ്ങൾ, പ്രയോജനങ്ങൾ എന്നിവയെന്തെല്ലാമാണെന്നും വെളിച്ചം വീശി. അതോടൊപ്പംതന്നെ ആ കാലഘട്ടത്തിലെ സൂഫി വര്യന്മാരുടെയും മറ്റും ദിക്റിന്റെ അവസ്ഥാവിശേഷത്തെ കുറിച്ചും പ്രതിപാദിച്ചു. അവരുടെ ദിക്റിന്റെ രീതികൊണ്ടും ആചാരങ്ങളിൽ വ്യാപൃതരാകുന്നതുകൊണ്ടും അവർ ദൈവ സാമീപ്യത്തിൽനിന്നു അകലുകയാണ് ചെയ്യുന്നത്. ദിക്ർ നാലു തരത്തിലാണെന്ന് അദ്ദേഹം വിശദമാക്കി. ആദ്യത്തേത് നമസ്കാരം. രണ്ടാമത്തേത് വിശുദ്ധ ഖുർആൻ പാരായണം. മൂന്നാമത്തേത് അല്ലാഹുവിന്റെ സിഫത്തുകൾ അഥവാ സവിശേഷഗുണങ്ങൾ വിവരിക്കുകയും ആവർത്തിക്കുകയും അവ അംഗീകരിക്കുകയും അവയുടെ വിശദാംശങ്ങൾ സ്വന്തം നാവുകൊണ്ട് വർണിക്കുകയും ചെയ്യുക. നാലാമത്തേത് അല്ലാഹുവിന്റെ സിഫത്തുകളെ ഏകാന്തതയിൽ വർണിക്കുകയും മനനം ചെയ്യുകയും ജനങ്ങളുടെ മുമ്പാകെ ഏറ്റുപറയുകയും ചെയ്യുക. തുടർന്ന് അദ്ദേഹം ദിക്റെ ഇലാഹിയെ സ്വീകാര്യയോഗ്യമാക്കുന്നതിനുള്ള മാർഗങ്ങളും അതിന്റെ സവിശേഷ സമയങ്ങളും വിവരിച്ചുകൊണ്ട് എന്തൊക്കെ ഉപാധികളും സമയവുമാണ് അതിനായി ഉള്ളതെന്നും വിശദമാക്കുകയുണ്ടായി. അതിൽതന്നെ മഖാമെ മഹ്മൂദ് അഥവാ സ്തുത്യർഹസ്ഥാനത്ത് എത്തിക്കുന്നതിന് തഹജ്ജുദ് പതിവാക്കാനായി അദ്ദേഹം ഊന്നൽ നൽകി. അതിന്റെ അനുശീലനത്തിനുള്ള ഒരു ഡസനിലധികം മാർഗങ്ങളും പറഞ്ഞു തന്നു. എങ്ങനെ നമുക്ക് കൃത്യമായി നമസ്കരിക്കാമെന്നും വിവരിച്ചു. ദിക്റെ ഇലാഹിയുടെ ഇഹപരങ്ങളിലുള്ള മഹത്തായ ഫലങ്ങൾ ഹുദൂർ(റ) വിശദമാക്കി.(തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 3 പേജ് 15–16)

ആ പ്രസംഗത്തിനിടയിൽ ഒരു പരാമർശയോഗ്യമായ കാര്യവുമുണ്ടായി. ഒരു അനഹ്മദി സൂഫി ജൽസയിൽ പ്രഭാഷണം ശ്രവിക്കാനായി അവിടെ വന്നിട്ടുണ്ടായിരുന്നു.പ്രസംഗത്തിനിടയിൽഅദ്ദേഹം ഹുദൂറിന് ഒരു കുറിപ്പ് ഇങ്ങനെ എഴുതി അയച്ചു: 'എന്ത് അത്ഭുതമാണ് താങ്കൾ കാണിക്കുന്നത്. താങ്കൾ വിവരിക്കുന്ന സാരാംശങ്ങളിൽ ഒന്നു കിട്ടണമെങ്കിൽതന്നെ സൂഫിവര്യന്മാരെ പത്തു വർഷം സേവിക്കണം. എന്നാലേ അവർ അത് പറഞ്ഞു തരികയുള്ളൂ.' അതായത് അവരോടൊപ്പം പത്തു വർഷം താമസിച്ചു സേവനം ചെയ്താൽ മാത്രമേ ഒരു സാരഗർഭമായ കാര്യം പറഞ്ഞു കൊടുക്കുകയുള്ളൂ. 'താങ്കൾ ഒരേ സമയത്തുതന്നെ എല്ലാ സാരാംശങ്ങളും വിവരിച്ചിരിക്കുന്നു. താങ്കൾ ഒരു സദസ്സിൽത്തന്നെ എല്ലാ രഹസ്യങ്ങളുടെയും മറനീക്കി എന്ത് അത്ഭുതമാണ് ചെയ്തിരിക്കുന്നത്?(താരീഖെ അഹ്മദിയ്യത്ത് വാള്യം 4 പേജ് 195)

അല്ലാഹുവിന്റെ റബൂബിയ്യത്ത് (പരിപാലകത്വം) പ്രപഞ്ചത്തെ മുഴുവനായും വലയം ചെയ്തിരിക്കുന്നു. പട്ടിയാലയിൽവച്ച് അദ്ദേഹം 1917 ഒക്ടോബർ 9ന് ഒരു പ്രസംഗം നടത്തി. അതിന്റെ ചുരുക്കം അവതരിപ്പിക്കാം. അല്ലാഹുവിന്റെ അസ്തിത്വവും വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും സത്യതയും സിഫത്ത് റബൂബിയത്ത് മുഖേന സ്ഥാപിച്ചു. ഹുദൂർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ സിഫത്തുകൾ അവന്റെ അസ്തിത്വത്തിനു തെളിവാണ്. ദൈവീക ഗുണങ്ങളിൽ വിചിന്തനം ചെയ്യുകയും എന്നെന്നും പ്രകടമായ അവന്റെ ശക്തി വിലാസങ്ങളെ നിരീക്ഷിക്കുകയും ചെയ്താൽ നിശ്ചയമായും ഒരു സർവ്വ ശ്രേഷ്ഠനായ ജ്ഞാനിയും കാരുണ്യവാനും ഉദാരമതിയുമായ അസ്തിത്വമുണ്ടെന്ന് സമ്മതിക്കേണ്ടതായിവരും.' ഹുദൂർ(റ) പറയുന്നു: 'സൂറ ഫാത്തിഹ ഖുർആന്റെ മാതാവാണ്. അതിൽ നാലു സിഫത്തുകൾ വിവരിച്ചിട്ടുണ്ട്. അവ എല്ലാ സിഫത്തുകളുടെയും സംഗ്രഹമാണ്. അവയെ വിചിന്തനം ചെയ്യുമ്പോൾ മനുഷ്യൻ എല്ലാതരത്തിലുമുള്ള ദുഷിച്ച സിദ്ധാന്തങ്ങളിൽനിന്നും ദുഷ്കൃത്യങ്ങളിൽനിന്നും സുരക്ഷിതരാകുന്നതാണ്. ഉദാഹരണത്തിന് ആദ്യത്തെ സിഫത്ത് റബ്ബുൽ ആലമീൻ ആണ്. അല്ലാഹുവിന്റെ ഈ സിഫത്ത് സകല സൃഷ്ടികളുമായും ബന്ധപ്പെട്ടതാണ്. എല്ലാ വസ്തുക്കളും അവന്റെ റുബൂബിയതിൽ നിന്നു പ്രയോജനമുൾക്കൊള്ളുന്നു. അതുകൊണ്ട് അല്ലാഹു റബ്ബുൽ ആലമീനായതിനാൽ ഒരു കാര്യം അംഗീകരിക്കാൻ എല്ലാവരും നിർബന്ധിതരാകും. ഏതൊരു ദൈവമാണോ ശരീരത്തിന്റെ പരിപാലനത്തിനും പുരോഗതിക്കുംവേണ്ടി ശ്രേഷ്ഠമായ സൗകര്യങ്ങൾ ഒരുക്കിയത് അവൻ ആത്മാവിന്റെ ജീവിതത്തിനായി തീർച്ചയായും സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ടാകും. അത് ദേഹത്തെക്കാൾ കൂടുതൽ വിലയേറിയതുമാണ്. പറയുന്നു: വ ഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ(35:25) എല്ലാ സമൂഹങ്ങളിലും അല്ലാഹുവിന്റെ പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരാണ് മനുഷ്യന്റെ ശിക്ഷണം, ആത്മാവിന്റെ പരിപാലനം, അഭിവൃദ്ധി എന്നിവയ്ക്കായി സംവിധാനം ചെയ്യുന്നത്. അവസാനഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ അയച്ചു. നബി(സ)തിരുമേനി എല്ലാ സമൂഹങ്ങൾക്കും സകലകാലങ്ങൾക്കുമുള്ള പരിഷ്കരണത്തിനായാണ് അയക്കപ്പെട്ടത്. അങ്ങനെ നബി(സ)തിരുമേനി മുഖേന ശരീഅത്ത് പൂർണമാക്കി. അതുകൊണ്ടാണ് ഇനി തനിക്കുശേഷം ദൈവ ഭാഷണത്താൽ അനുഗൃഹീതരായ ദൈവദാസർ വന്നു കൊണ്ടിരിക്കുമെന്ന് ഹുദൂർ(സ) പറഞ്ഞത്. അവർ ശരീഅത്തിന്റെ വിവക്ഷിതങ്ങൾ പഠിപ്പിച്ചുകൊണ്ട് ജനങ്ങളെ ദൈവവുമായി അടുപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ കാലഘട്ടത്തിൽ അല്ലാഹു സിഫത്ത് റബൂബിയ്യത്തിനു കീഴിൽ ഹദ്റത്ത് മിർസാ സാഹിബിനെ അയച്ചു. അദ്ദേഹം താൻ ദൈവവുമായി ഭാഷണം നടത്തുന്നുവെന്നും സൃഷ്ടികളെ താനുദ്ധരിക്കുന്നതാണെന്നും വാദിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പ്രവചനങ്ങൾ പുലരുന്നതിനായി സഹായക പ്രവൃത്തികൾ വെളിവാക്കി. ജീവൽ ദൃഷ്ടാന്തങ്ങളാൽ അദ്ദേഹത്തിന്റെ വാദത്തിന്റെ സത്യത തെളിയിച്ചു. അവസാനം ഹുദൂർ(റ)പറഞ്ഞു: 'ജീവൽ ദൈവത്തെ കാണിച്ചുതരികയും ജീവന്റെ അടയാളങ്ങൾ തരികയും ചെയ്യുന്ന ഏക മതമാണ് ഇസ്ലാം. മാത്രമല്ല അല്ലാഹു മുമ്പേ ദാസന്മാരുടെ ആത്മീയ പരിപാലനം നടത്തിയിരുന്നതുപോലെ ഇപ്പോഴും ചെയ്യുന്നുണ്ട്. അവൻ പറഞ്ഞ മാർഗങ്ങളിൽ ചരിച്ചുകൊണ്ട് നമുക്ക് ഇന്നും ആ അനുഗ്രഹങ്ങളും പ്രയോജനങ്ങളും കരസ്ഥമാക്കാവുന്നതാണ്. ഇന്നേക്ക് ആയിരക്കണക്കിന് വർഷങ്ങൾമുമ്പേ ഉണ്ടായിരുന്നതുപോലെ ഇന്നും ഉണ്ടാകുന്നു. അദ്ദേഹത്തിന്റെ മറ്റു പ്രഭാഷണം 'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന വിഷയത്തിൽ 1919–ൽ മോഡേൺ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ ഒരു സമ്മേളനത്തിൽ ലാഹോർ ഇസ്ലാമിയ കോളേജിൽ നടത്തിയതാണ്. അതിന്റെ ചുരുക്കമിതാണ്. ഞാൻ പറഞ്ഞതു പോലെ 1919 ഫെബ്രുവരി 26ന് ഇസ്ലാമിയ കോളേജ് ലാഹോറിന്റെ മോഡേൺ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ ഒരു അസാധാരണ സമ്മേളനത്തിൽ അദ്ദേഹം അത് അവതരിപ്പിച്ചതാണ്. സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് എന്ന ഹിസ്റ്ററി പ്രൊഫസറിന്റെ അധ്യക്ഷതയിലാണ് അത് നടന്നത്. ആ സമയത്ത് ചരിത്രത്തിന്റെ അറിയപ്പെട്ട പ്രൊഫസറായിരുന്നു അബ്ദുൽ ഖാദിർ സാഹിബ്. അദ്ദേഹം അഹ്മദിയായിരുന്നില്ല. ആ വിഷയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ഹുദൂർ(റ) പറഞ്ഞു: ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം നബി(സ)തിരുമേനിയുടെ വഫാത്തിനു 15 വർഷത്തിനുശേഷമാണ് ഉണ്ടായത്. ആ സമയത്തിനുശേഷം മുസ്ലിമീങ്ങളുടെ ദുർദശയുടെ വ്യാപ്തി കൂടിക്കൂടി വന്നു. ആ കാലഘട്ടത്തിലെ ചരിത്രം ഇരുൾമുറ്റിയ മറയിൽ ഗുപ്തമാണ്. ഇസ്ലാമിന്റെ ശത്രുക്കളെ സംബന്ധിച്ചിടത്തോളം ഇസ്ലാമിനുമേലുള്ള ഒരു വികൃതമായ കറയാണത്. ഇസ്ലാമിന്റെ സുഹൃത്തുക്കൾക്ക് അത് തലകറക്കമുണ്ടാക്കുന്ന ചോദ്യമാണ്. വളരെ കുറച്ചുപേർ മാത്രമേ ആ കാലഘട്ടത്തിലെ ചരിത്രത്തിന്റെ കുടുക്കിൽനിന്ന് നല്ല നിലയ്ക്കു പുറത്തുവന്നിട്ടുള്ളൂ. തങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയിച്ചതും കുറച്ചുപേർ മാത്രമാണ്. അതുകൊണ്ട് ഇന്ന് നിങ്ങളുടെ സമക്ഷം അത് സംബന്ധിച്ച് അൽപം വിവരിക്കാനാണ് ഞാൻ താല്പര്യപ്പെടുന്നത്. അങ്ങനെ ഹുദൂർ(റ) ചെയ്ത പ്രഭാഷണത്തിൽ അമൂല്യമായ ഉപദേശ നിർദേശങ്ങളും ഗവേഷണങ്ങളുമുണ്ടായിരുന്നു. ഇസ്ലാമിൽ ഫിത്ന(കലഹം)യുടെ കാരണക്കാർ വലിയ വലിയ സ്വഹാബാക്കളായിരുന്നു എന്ന ചിന്ത തികച്ചും തെറ്റാണ്. ഹുദൂർ(റ)തന്റെ ഈ പ്രഭാഷണത്തിൽ ഹദ്റത്ത് ഉഥ്മാന്റെ ആദ്യകാല സ്ഥിതികൾ, അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ ദൃഷ്ടിയിലുണ്ടായിരുന്നസ്ഥാനം, ഫിത്ന എവിടെനിന്നുണ്ടായി, ഇസ്ലാമിക ഖിലാഫത്ത് ഒരു മതപരമായ സംവിധാനം, അകാരണമായി സ്വഹാബാക്കളെ കുറിച്ച് ദുർഭാവന എന്നിവയൊക്കെ വിശദീകരിച്ചുകൊണ്ട് ഫിത്നയുടെ കാരണവും ഹദ്റത്ത് ഉഥ്മാന്റെ കാലത്ത് അതിന് തുടക്കം കുറിച്ച കാര്യകാരണങ്ങളും പ്രവർത്തനവും എന്നിവ വിശദീകരിച്ചു. ഫിത്നയുടെ മൂലകാരണക്കാരനായ അബ്ദുല്ലാഹ് ബിൻ സബായുടെ അവസ്ഥകൾ, ആ സമയത്തെ കൂഫ, ബസ്വറ, ശാം എന്നിവിടങ്ങളിലെ മുസ്ലിമീങ്ങളുടെ പൊതുവായ പ്രകൃതത്തെ കുറിച്ചും വെളിച്ചം വീശി. ഹദ്റത്ത് ഉഥ്മാനെ കുറിച്ച് അദ്ദേഹം സ്വന്തംഇഷ്ടത്താൽ അമീറുമാരെ നിശ്ചയിച്ചതാണ് ഫിത്നകൾക്ക് കാരണമായതെന്ന് ആരോപിക്കപ്പെടുന്നുണ്ട്. ഹുദൂർ(റ) അത് സംബന്ധിച്ച് സ്വന്തം അഭിപ്രായം എപ്രകാരം രേഖപ്പെടുത്തി. അന്വേഷണത്തിനായി അയക്കപ്പെട്ടവർ മഹത്തായ സ്ഥാനമുള്ളവരും പക്ഷപാതമില്ലാത്തവരുമായിരുന്നു.അവരുടെഅന്വേഷണത്തിൽ ആർക്കും ആക്ഷേപത്തിനും വകയുമുണ്ടായിരുന്നില്ല. ഹദ്റത്ത് ഉഥ്മാൻ പല ഭാഗത്തേക്കുമായി വ്യത്യസ്ത പ്രദേശങ്ങളിലേക്ക് അയച്ച മൂന്നു സ്വഹാബാക്കളും മറ്റു വ്യക്തികളും ഏകകണ്ഠമായി അഭിപ്രായപ്പെട്ടത് രാജ്യത്ത് പൂർണമായും ശാന്തി സമാധാനത്തിന്റെ അവസ്ഥയാണ്. അക്രമത്തിന്റെ അടയാളം പോലുമില്ല. ഭരണകർത്താക്കൾ നീതിന്യായത്തോടെയാണ് വർത്തിക്കുന്നതെന്നായിരുന്നു. ഈ തീരുമാനത്തിനു ശേഷം സംശയത്തിനു വകയുണ്ടായിരുന്നില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത് കുഴപ്പങ്ങളെല്ലാം ചില ദ്രോഹബുദ്ധികളുടെ കുത്സിത പ്രവർത്തനങ്ങളുടെയും അബ്ദുല്ലാഹ് ബിൻ സബായുടെ വിദ്രോഹങ്ങളുടെയും ഫലമായാണെന്നാണ്. ഹദ്റത്ത് ഉഥ്മാനും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥരും അതായത് ഗവർണർമാരും എല്ലാത്തരം ആരോപണങ്ങളിൽനിന്ന് പരിശുദ്ധരായിരുന്നു. ഹദ്റത്ത് ഉഥ്മാൻ തന്റെ പ്രകൃതം അനുസരിച്ച് സൗമ്യവും കാരുണ്യവും തന്നെ തുടർന്നുവന്നു. കലാപകാരികളുടെ ദ്രോഹ പ്രവർത്തനങ്ങൾ കണ്ടപ്പോൾ അദ്ദേഹം താൻ തന്റെ കൈകളിൽ മുസ്ലിമീങ്ങളുടെ രക്തക്കറ പുരളാൻ ആഗ്രഹിക്കുന്നില്ലെന്നുതന്നെ പറഞ്ഞുകൊണ്ടിരുന്നു. മുതിർന്ന സ്വഹാബാക്കളും ഹദ്റത്ത് മുആവിയയും ഇതുസംബന്ധിച്ച് സമാധാന അവസ്ഥ നിലനിറുത്താനായി ചില നിർദേശങ്ങൾ മുന്നിൽ വെച്ചെങ്കിലും ഹദ്റത്ത് ഉഥ്മാൻ(റ) കാരുണ്യ ശീലം തന്നെ മുറുകെ പിടിച്ചു. മാത്രവുമല്ല ആക്ഷേപ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 08 April 2021 Issue-14

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

കരുടെ വായ അടക്കുന്നതിനായി അവരുന്നയിച്ച ആവശ്യങ്ങളും പറ്റുന്നത്ര അനുവദിച്ചുകൊടുത്തു. നിവേദനങ്ങളിൽ വൈരുദ്ധ്യങ്ങളും ചരിത്ര സ്ഥിതികളും ശരിയാംവണ്ണം മനസ്സിലാക്കുന്നതിനായി ഒരു അത്യന്താപേക്ഷിതമായ കാര്യത്തെ വിവരിച്ചുകൊണ്ട് ഹുദൂർ(റ) പറയുന്നു: ആ കാലത്തെ കുറിച്ചുള്ള ചരിത്രത്തെ സംബന്ധിച്ച് നല്ലവണ്ണം സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. കാരണം അതുപോലെ മറ്റൊരു കാലഘട്ടവും രണ്ട് കക്ഷികൾ തമ്മിൽ തികച്ചും സഹാനുഭൂതി നഷ്ടപ്പെട്ട നിലയിലുള്ളതായി ഉണ്ടായിട്ടില്ല. ചരിത്ര രചനയെ സംബന്ധിച്ച് ഇത് അങ്ങേയറ്റം അപകടകരമാണ്. കാരണം പുതിയ ശത്രുതയോ പരിധിവിട്ട സ്നേഹമോ ഉണ്ടായാൽ ഒരിക്കലും നിവേദനങ്ങൾ അതേപടി കൈമാറുകയില്ല. ചരിത്രരചനയുടെ സംശോധനയ്ക്ക് സംഭവങ്ങളുടെ പരമ്പര ഒരു ചങ്ങല പോലെയാണോ എന്ന് പരിശോധിക്കണമെന്നത് അടിസ്ഥാന തത്ത്വമാണ്. ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുടെ കൃത്യത പരിശോധിക്കാനായി അതിനെ ചങ്ങലയിൽ കണ്ണിചേർത്ത് പരിശോധിക്കേണ്ടതാണ്. അത് അതിന്റെ സ്ഥാനത്ത് കൃത്യമായി കണ്ണി ചേരുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതാണ്. ഹുദൂറിന്റെ ഗവേഷണത്തിന്റെ ചുരുക്കമിതാണ്. ഹദ്റത്ത് ഉഥ്മാനും മറ്റു സ്വഹാബാക്കളും എല്ലാ കുറ്റങ്ങളിൽനിന്നും അപാകതകളിൽ നിന്നും മുക്തരായിരുന്നു എന്നു തെളിയുന്നു. മാത്രവുമല്ല അവരുടെ പെരുമാറ്റം ഉന്നത ധാർമിക ഗുണങ്ങൾ വെളിവാക്കുന്നതായിരുന്നു. അവർ നന്മയുടെ അത്യുന്നത സ്ഥാനത്തായിരുന്നു വിരാജിച്ചിരുന്നത്. സ്വഹാബാക്കൾക്ക് ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തിനുമേൽ ഒരു എതിരഭിപ്രായവുമുണ്ടായിരുന്നില്ല. അവർ അന്ത്യശ്വാസംവരെ വിശ്വസ്തത പുലർത്തി. ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ എന്നിവർ ഗൂഢപദ്ധതി നടത്തിയെന്ന അൻസ്വാറിന്റെ എല്ലാ നേതാക്കന്മാരും ഈ ഫിത്ന വിപാടനം ചെയ്യാൻ പരിശ്രമിച്ചതായി നമുക്ക് കാണാവുന്നതാണ്. (തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 4 പേജ് 11–13)

ഈ പ്രസംഗത്തെക്കുറിച്ച് ചില അന്യരും നല്ല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഇതിന്റെ ആദ്യ പ്രസിദ്ധീകരണത്തിൽ ഇസ്‌ലാമിയ കോളേജ് പ്രൊഫസറായ സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് എം.എ ഇത്തരത്തിൽ മുഖവുര എഴുതി, 'പ്രതിഭാധനനായ പിതാവിന്റെ പ്രതിഭാശാലിയായ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ശ്രേഷ്ഠ നാമം തന്നെ ഈ പ്രഭാഷണം അങ്ങേയറ്റം പണ്ഡിതോചിതമായിരിക്കുമെന്ന് ഉറപ്പു നൽകുന്നുണ്ട്. എനിക്കും ഈ ചരിത്രങ്ങളെക്കുറിച്ച് അവഗാഹമുണ്ട്. മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും വളരെ കുറച്ചു പണ്ഡിതന്മാർക്ക് മാത്രമേ ഹദ്റത്ത് ഉഥ്മാന്റെ കാലത്തുള്ള ഭിന്നിപ്പിന്റെ ആഴത്തിൽ ചെന്നെത്താനും ആ വിനാശകാരിയായ ആദ്യത്തെ ആഭ്യന്തര യുദ്ധത്തിന്റെ യഥാർഥ കാര്യകാരണങ്ങൾ മനസ്സിലാക്കുന്നതിൽ വിജയിക്കാനും സാധിച്ചിട്ടുള്ളൂ എന്ന് എനിക്ക് സധൈര്യം വാദിക്കാനാകും. ഹദ്റത്ത് മിർസാ സാഹിബിന് ആഭ്യന്തര കലാപത്തിന്റെ മൂല കാരണങ്ങൾ മനസ്സിലാക്കുന്നതിൽ വിജയം ലഭിച്ചെന്നു മാത്രമല്ല, ഖിലാഫത്തിന്റെ സൗധം തുടർച്ചയായി പ്രകമ്പനം കൊണ്ടതിനു വഴിതെളിച്ച സംഭവങ്ങൾ വളരെ സ്പഷ്ടമായും ക്രമാനുസൃതമായും വിവരിക്കാനുമായി. ഞാൻ കരുതുന്നത് ഇസ്‌ലാമിക ചരിത്രത്തിൽ താൽപരരായവരുടെ മുന്നിൽ ഇത്തരം വാദസമ്പുഷ്ടമായ ഒരു പ്രബന്ധം ഇതിനുമുമ്പേ വന്നിട്ടുണ്ടായിരിക്കില്ലെന്നാണ്. സത്യമിതാണ്, ഹദ്റത്ത് ഉഥ്മാന്റെ ഭരണ കാലഘട്ടത്തെ കുറിച്ചുള്ള വസ്തുനിഷ്ഠമായ ഇസ്‌ലാമിക ചരിത്രങ്ങൾ വായിക്കുന്തോറും അത് ഗുണപാഠങ്ങളുള്ളതും വിലയേറിയതുമാണെന്ന് മനസ്സിലാകുന്നതാണ്.(പ്രസാധകന്റെ(ഫള്ൽ മഹ് മൂദ് ജാവേദ് ഖാദിയാൻ) കുറിപ്പ്, ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ് പേജ് 2, പ്രസാധനം സെപ്റ്റംബർ 1937)

അദ്ദേഹത്തിന്റെ മറ്റൊരു പ്രഭാഷണമാണ് തഖ്ദീറെ ഇലാഹി (ദൈവ വിധി). ഇതു മസ്ജിദ് നൂർ ഖാദിയാനിയിൽ ജൽസയ്ക്ക് നടത്തിയ പ്രസംഗമാണ്. അതിന്റെ ചുരുക്കമിതാണ്. 1919 ലെ ജൽസയ്ക്കായിരുന്നു അത്. തഖ്ദീറെ ഇലാഹി, എന്നത് വളരെ സങ്കീർണ്ണവും ഗഹനവുമായ വിഷയമാണ്. അതിനെക്കുറിച്ച് അദ്ദേഹം വളരെ ജ്ഞാന സമ്പുഷ്ടമായ പ്രഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "ഞാൻ അല്ലാഹുവിനോട് വിനയത്തോടെ പറഞ്ഞു, 'അല്ലാഹുവേ! ഈ പ്രബന്ധം അവതരിപ്പിക്കുന്നത് ഉചിതമല്ലെങ്കിൽ അത് കേൾപ്പിക്കരുതെന്ന് എന്റെ മനസ്സിൽ തോന്നിപ്പിക്കുക. എന്നാൽ, ഇത് കേൾപ്പിക്കണമെന്ന് എന്റെ മനസ്സിന് പ്രേരണയുണ്ടായി. ഈ വിഷയം സങ്കീർണ്ണമാണ്. ഇത് മനസ്സിലാക്കാൻ അത്യധ്വാനവും പ്രയത്നവും ആവശ്യമുണ്ട്. എന്നാൽ, നിങ്ങൾ ഇതു മനസ്സിലാക്കുന്നെങ്കിൽ നിങ്ങൾക്കത് വലിയ പ്രയോജനകരമായിരിക്കും.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഈ പ്രഭാഷണത്തെ വ്യത്യസ്തമാനങ്ങളോടെ വിവരിക്കുകയുണ്ടായി. പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ), ഈ വിഷയം വിദ്യാസമ്പന്നരും അല്ലാത്തവരും ബുദ്ധിമാന്മാരും അല്ലാത്തവരുമായവർ സന്നിഹിതരായ ഒരു പൊതു സദസ്സിൽ അവതരിപ്പിച്ചത് ഒരു സാധാരണ കാര്യമല്ല. അദ്ദേഹം ശ്രേഷ്ഠമായ നിലയിൽ ഇത് നിർവഹിച്ചത് അതിന് അദ്ദേഹത്തിനു തന്നെയാണ് അവകാശം എന്ന നിലയിലായിരുന്നു.' ഖലീഫ റാബിഅ്(റഹ്)പറയുന്നു: ഈ പ്രഭാഷണം എന്തായിരുന്നു? അത് ഗദ്യ വിജ്ഞാനത്തിന്റെ ഒരു ശ്രേഷ്ഠമാതൃകയായിരുന്നു. ദൈവവിധിയുടേയും ദൈവനിശ്ചയത്തിന്റേയും പ്രസക്തിയും നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളും വിവരിച്ചശേഷം അദ്ദേഹം ഈ വിഷയത്തെക്കുറിച്ച് അഭിപ്രായ പ്രകടനവും നടത്തി. തഖ്ദീർ വിഷയത്തിലും ദൈവാസ്തികൃത്തിലും വിശ്വസിക്കുന്നത് പരസ്പരം അവിഭാജ്യമാണ്. ശേഷം അദ്ദേഹം ഖളായും ഖദ്റും സംബന്ധിച്ച തർക്ക വിഷയങ്ങളിൽ ചർച്ച ചെയ്തുകൊണ്ട് നബി(സ)തിരുമേനിയുടെ ഇതു സംബന്ധിച്ച നിർദേശങ്ങളിലെ ബാഹ്യ ദൃഷ്ടിയിലുള്ള പൊരുത്തക്കേട് ഇല്ലാതാക്കി. അതിനു ശേഷം തഖ്ദീർ വിഷയത്തെ മനസ്സിലാക്കാത്ത കാരണത്താൽ മനുഷ്യനു പറ്റിയ വലിയ വലിയ അബദ്ധങ്ങളെ കുറിച്ച് പറഞ്ഞു. പിന്നീട് വഹ്ദത്തുൽ വുജൂദിന്റെ (അദ്വൈത ദർശനം)സിദ്ധാന്തത്തിലുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആറു ഖുർആനിക വചനങ്ങൾ മുഖേന വളരെ സൂക്ഷ്മവും ദൃഢതരവുമായ വാദഗതികൾ ഉന്നയിച്ചുകൊണ്ട് ആ സിദ്ധാന്തത്തെ അദ്ദേഹം ഖണ്ഡിച്ചു. അതിനു ശേഷം അതു സംബന്ധിച്ച് രണ്ടാമത്തെ അതിർലംഘനത്തെയും തെറ്റാണെന്ന് തെളിയിച്ചു. ദൈവത്തിന് ഒന്നും ചെയ്യാനാകില്ല, എല്ലാം പരിശ്രമഫലമായിട്ടാണ് എന്നതിനെയും പ്രമാണങ്ങളാൽ ഖണ്ഡിച്ചു. ദൈവീക ജ്ഞാനവും ദൈവീക വിധിനിർണയവും തമ്മിൽ കൂട്ടിക്കലർത്തിയതിന്റെ ഫലമായി മനുഷ്യ ചിന്തകൾ നേരിട്ട പ്രത്യാഘാതങ്ങളെക്കുറിച്ച് അതിശ്രേഷ്ഠമായ നിലയിൽ വിശകലനം ചെയ്തു കൊണ്ട് ഈ വിഷയത്തെ നല്ലവണ്ണം സ്പഷ്ടമാക്കുകയുണ്ടായി.' തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു: 'തഖ്ദീറെ ഇലാഹി എന്ന വിഷയത്തിന്റെ എല്ലാ വശങ്ങളെയും ഈ പ്രഭാഷണം ചർച്ചയ്ക്ക് വിധേയമാക്കുന്നുണ്ട്. വിവിധങ്ങളായ നൂതനവും പുരാതനവുമായ ആക്ഷേപങ്ങൾക്ക് മറുപടിയും നൽകുന്നുണ്ട്. തഖ്ദീറിനെ കുറിച്ചുള്ള പ്രസ്താവനയിൽ അദ്ദേഹം 7 ആത്മീയ സ്ഥാനങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ട്. തഖ്ദീറെ ഇലാഹിയുടെ വിഷയത്തെ യഥാവണ്ണം മനസ്സിലാക്കി അത് ആവശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റുന്നതിന്റെ ഫലമായി മനുഷ്യന് ലഭിക്കുന്നതാണ് ആ സ്ഥാനങ്ങൾ.'(തആറുഫെ കുതുബ് അൻവാറുൽ ഉലൂം വാള്യം 4 പേജ് 20–21)

എന്തായാലും തഖ്ദീറെ ഇലാഹിയെ കുറിച്ച് അറിയാൻ ഇതിനെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുന്നവർ ഈ ഗ്രന്ഥം വായിക്കേണ്ടതാണ്.

ഒരിക്കൽ മുസ്‌ലിമീങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് അദ്ദേഹം പ്രബന്ധം തയ്യാറാക്കിയിരുന്നു. അത് ഇലാഹാബാദിൽ ഖിലാഫത്ത് കമ്മിറ്റിയുടെ കീഴിൽ മുആഹിദ തുർക്കിയ ഔർ മുസൽമാനോം കാ ആയിന്ദ റവയ്യ (തുർക്കി ഉടമ്പടിയും മുസ്‌ലിമീങ്ങളുടെ ഭാവി നീക്കവും) എന്ന വിഷയത്തിൽ ഉണ്ടായ ഒരു കോൺഫറൻസിലായിരുന്നു. അതിന്റെ ചുരുക്കമിതാണ്; 'ഒന്നാം ലോകമഹായുദ്ധാനന്തരം വിജയികളായ സഖ്യകക്ഷികൾ ഓട്ടോമൻ സാമ്രാജ്യവുയി സമാധാന ധാരണയ്ക്കായി അവതരിപ്പിച്ച നിബന്ധനകൾ വളരെ നിന്ദനീയമായിരുന്നു. അവർ സ്വേച്ഛയാലെ തുർക്കി സാമ്രാജ്യത്തിന്റെ ഭാഗങ്ങൾ വിഭജിച്ചു. കര, നാവിക, വ്യോമ സേനകളെ പരിമിതപ്പെടുത്തി. മറ്റു ചില ദുസ്സഹമായ വിലക്കുകളും അവയ്ക്കുമേൽ ഏർപ്പെടുത്തി. ഇത്തരം പരിതഃസ്ഥിതിയിൽ തുർക്കി സാമ്രാജ്യത്തിന്റെ സന്ധി വ്യവസ്ഥകളെക്കുറിച്ച് ചർച്ചചെയ്യാനും മുസ്‌ലിമീങ്ങളുടെ ഭാവി പ്രവർത്തന രീതികളെ കുറിച്ച് ചിന്തിക്കാനുള്ള നിർദ്ദേശങ്ങൾ സ്വരുക്കൂട്ടാനുമായി 1920 ജൂൺ 1,2 തിയതികളിൽ ഇലാഹാബാദിൽ ഖിലാഫത്ത് കമ്മിറ്റിയുടെ കീഴിൽ ഒരു കോൺഫറൻസ് സംഘടിപ്പിക്കാൻ തീരുമാനമായി.

തുടരും

## കലാമുൽ ഇമാം

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ
**K.Muhammad Safwan & Family. Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin